# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## മലപ്പുറം-676505

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.21/422/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/03/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: തീയ്യതി: 29/03/2025
കെ.എസ്.എ.എം.പി.എം.21/422/2025

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2024 മുതൽ 12-02-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 61 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ശശിഭൂഷൺ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-02-2025 | 28-02-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-02-2025 | 28-02-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ ഗഫൂർ സി, ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് പി. ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജാത എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷീബ പി, ഓഡിറ്റർ
ശ്രീ. മുഹമ്മദ് ആഖിൽ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ. പി. ഷാജി | ചെയർമാൻ | 01-04-2023 | 31-03-2024 |
| ശ്രീ. ജി. മിത്രൻ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി രജിന വാസുദേവൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. മനോജ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ. സാബിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീ. രാജീവ് ബോസ് | പ്രിൻസിപ്പൽ | 01-04-2023 | 31-03-2024 |
| ശ്രീമതി ഗിരിജ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സൈനബ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. ശിവ കുമാർ | വെറ്ററിനറി സർജൻ | 01-04-2023 | 09-01-2024 |
| ഡോ. മൃദുല | വെറ്ററിനറി സർജൻ | 10-01-2024 | 31-03-2024 |
| ശ്രീ. വിനോദ് ഗോപാലകൃഷ്ണൻ | പ്രോജക്ട് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ബിസ്ന വി. | ഫിഷറീസ് എക്സ്റ്റൻഷൻ | 26-08-2023 | 11-02-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. രാഹുൽ  ആർ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 12-02-2024 | 31-03-2024 |
| ശ്രീമതി ജുവാരിയ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷിഹാബുദ്ധീൻ മച്ചിങ്ങൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 25-08-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ  പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFSമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ വലിയ തുക ബാധ്യതയായി അവശേഷിക്കുന്നു. | 1-1-5 |
| 7 | ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ  എല്ലാ മാസവും റീകൺസീലിയേഷൻ  നടത്തിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | റികൺസിലിയേഷൻ  ചെയ്തതിൽ  അപാകത | 1-1-7 |
| 9 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ  ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-8 |
| 10 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ  ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-9 |
| 11 | കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-10 |
| 12 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-11 |
| 13 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - വരവ് തുകകൾ  വാർഷിക ധനകാര്യ പത്രികയിൽ  പ്രതിഫലിക്കുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : അവലോകനം | 1-11 |
| 24 | വരവിനങ്ങളിൽ വലിയ തുക ഈടാക്കാൻ അവശേഷിയ്ക്കുന്നു - നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-12 |
| 25 | സർക്കാരിലേക്ക് അടവാക്കേണ്ട തുക നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടി. | 1-13 |
| 26 | വാടക പിരിച്ചെടുക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ. | 1-14 |
| 27 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം | 1-15 |
| 28 | ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ നമ്പറിങ് - വസ്തു നികുതി ഈടാക്കുന്നില്ല | 1-16 |
| 29 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 30 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 31 | തൊഴിൽ നികുതി - അപാകങ്ങൾ | 1-19 |
| 32 | സിനിമ തീയേറ്ററിൽ നിന്ന് സെസ് ഈടാക്കിയില്ല | 1-20 |
| 33 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിഗണിക്കാതെ ലൈസൻസ് നൽകി - നികുതി | 1-21 |

| | | |
|---|---|---|
| | നഷ്ടം | |
| 34 | എസ്.എസ്.കെ വിഹിതം അനുവദിക്കൽ - പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 35 | വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ - ചെലവഴിക്കാത്ത വികസന ഫണ്ട് - കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-23 |
| 36 | അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ - സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു ഫർണിച്ചറുകൾ വാങ്ങി. | 1-24 |
| 37 | വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ - ഡെപ്പോസിറ്റ് തുക - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-25 |
| 38 | വീട് വാസയോഗ്യമാക്കൽ-അപാകതകൾ | 1-26 |
| 39 | പെൻഷൻ ഫണ്ട് - അവലോകനം | 1-27 |
| 40 | വർക്കിംഗ് ഗ്രൂപ്പ് - അപാകതകൾ | 1-28 |
| 41 | മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിക്ക് അധിക നിരക്കിൽ തുക നൽകി | 1-29 |
| 42 | മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല | 1-30 |
| 43 | കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിനായി നൽകിയതിൽ 41604.50/- രൂപ ചെലവഴിക്കാനവഷേഷിക്കുന്നു. | 1-31 |
| 44 | തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു. | 1-32 |
| 45 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി. | 1-33 |
| 46 | നിയമാനുസൃത പിഴ ഈടാക്കിയില്ല- നഷ്ടം 29795രൂപ | 1-34 |
| 47 | ഇ ടെണ്ടർ ഫീ -നഗരസഭാ അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല | 1-35 |

| | | |
|---|---|---|
| 48 | കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അധികം തുക നൽകി. | 1-36 |
| 49 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-37 |
| 50 | എസ്.സി കോളനി അതിർത്തി സംരക്ഷണം അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.ചെലവ് തുക 1645057 രൂപ തടസ്സം ചെയ്യുന്നു. | 1-38 |
| 51 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല | 1-39 |
| 52 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം- മുനിസിപ്പൽ ഫണ്ടിൽ നിന്ന് സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. | 1-40 |
| 53 | നഗരസഭയുടെ വാതക ശമശാനത്തിന്റെ പ്രവർത്തനം - അപാകതകൾ | 1-41 |
| 54 | പിഎംഎവൈ ലൈഫ് ഭവന പദ്ധതി ഒരവലോകനം | 1-42 |
| 55 | പദ്ധതി അലോകനം | 1-43 |
| 56 | വാഹന പരിപാലനം- അപാകതകൾ | 1-44 |
| 57 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-45 |
| 58 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ - അപാകതകൾ | 1-46 |
| 59 | സെക്കന്ററി തുല്യതാ കോഴ്സിന് ഫീസ് അടവാക്കൽ - അപാകതകൾ | 1-47 |
| 60 | കേരളോത്സവം - തുക ചെലവഴിച്ചതിലെ അപാകതകൾ | 1-48 |
| 61 | നഗരസഭയുടെ വാതക ശമശാനത്തിന്റെ പ്രവർത്തനം - രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-49 |
| 62 | GI പോളുകളുടെ വാടക പിരിച്ചെടുക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ. | 1-49 |
| 63 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-50 |
| 64 | അതി ദാരിദ്ര്യ നിർമ്മാർജന പദ്ധതി- ഒരവലോകനം | 1-51 |

| | | |
|---|---|---|
| 65 | കെ-സ്മാർട്ട്: പരിമിതികൾ | 1-54 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.08.2024 തീയതിയിലെ 50 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.10.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം

എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**സ്ഥലം : മലപ്പുറം**
**തിയ്യതി :**

## <u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.</u>

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## <u>1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.</u>

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ചില തുകകൾ ദശാംശസംഖ്യയായും രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ. RP-40(a), RP-40(b)). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34 /20.2.2025) തുടർവർഷങ്ങളിൽ അക്കൗണ്ട്സ് റൂളിലെ ചട്ടം 62(4) പാലിച്ച് വാർഷിക ധനകാര്യപത്രികയിൽ

തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തുന്നതാണന്ന് മറുപടി ലഭ്യമാക്കി.

## 1-1-3 ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കിലെ തുകകൾ ഉറപ്പുവരുത്തുന്നതിന് സാധ്യമായ വിധത്തിൽ വിവിധ രജിസ്റ്ററുകൾ കാലികമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനം ഡെപ്പോസിറ്റുകളും വേർതിരിച്ച് രേഖപ്പെടുത്തുകയോ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ B-7-ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.
2. അഡ്വാൻസ് രജിസ്റ്ററിൽ ഓരോ ഇനം അഡ്വാൻസുകളും വേർതിരിച്ച് രേഖപ്പെടുത്തുകയോ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.
3. ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, വാടക രജിസ്റ്റർ, License Fees Under PPR Act, Regulariztion Fees, Bus Stand Fees, Crematorium Fees എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.
5.ഷെഡ്യൂൾ RP-29പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 26,010/- രൂപയുടെ വരവ് ഉള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. RP-10 ഷെഡ്യൂളിൽ Recovery From Employees എന്ന ഹെഡിൽ 66,348 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
6. HUDCOയിൽ നിന്നും നഗരസഭക്ക് PMAY ലോൺ, മാർക്കറ്റ് ലോൺ എന്നീ രണ്ട് ലോണുകളുണ്ട്. മാർക്കറ്റ് HUDCO ലോൺ, PMAY-HUDCO ലോൺ എന്നിവയുടെ വർഷാവസാനം തിരിച്ചടക്കാനുള്ള ബാലൻസ് തുക ഒരുമിച്ച് ചേർത്ത് 14,89,50,373/-രൂപയാണ് ബാലൻസ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്(B-5 Loan From HUDCO Head Code-330500202). മാർക്കറ്റ് ലോൺ രജിസ്റ്റർ പ്രകാരം 31.03.2024ലെ നീക്കി ബാക്കി 3,24,17,040 രൂപയാണ്.PMAY ക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഹഡ്കോ വായ്പയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34 /20.2.2025) തുടർവർഷങ്ങളിൽ ഓരോ ഇനം ഡെപ്പോസിറ്റുകളും വേർതിരിച്ച് രേഖപ്പെടുത്തിയും വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മറ്റ് രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-1-4 വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFSമായി പൊരുത്തപ്പെടുന്നില്ല.

പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34 /20.2.2025) മേൽ പരാമർശിച്ചിട്ടുള്ള സ്ഥിര നിക്ഷേപം വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ വിട്ടു പോയതാണെന്നും മൂസക്കുട്ടി സ്മാരക ബസ്സ്റ്റാന്റ് നിർമാണത്തിനായി പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത വായ്പയുടെ അവസാന ഗഡു 2024 മെയ് മാസത്തിൽ അടവാക്കിയിട്ടുണ്ടെന്നും ആയതിനാൽ പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലെ 0001001000019251 അക്കൗണ്ട് നമ്പറിലുള്ള 3898648.16 രൂപ സെക്രട്ടറിയുടെ പേരിലുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 0329053000014648 അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

## 1-1-5 ഗുണഭോക്തൃ വിഹിതം ഇനത്തിൽ വലിയ തുക ബാധ്യതയായി അവശേഷിക്കുന്നു.

B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 7806368 രൂപ ബാലൻസായി ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ വിവരവും പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12 /18.2.2025) 2023-2024 വർഷത്തിലെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിലേതുൾപ്പെടെ വലിയ തുക പ്രസ്തുത ഹെഡിൽ അവശേഷിക്കുന്നുണ്ട്. ആയതിനാൽ വിവിധ പ്രോജക്ടുകളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതമിനത്തിൽ സ്വീകരിക്കുന്ന തുകകൾ, ചെലവ് നടത്തുമ്പോൾ ഈ ശീർഷകത്തിൽ നിന്നും കൃത്യമായി ജേണൽ എൻട്രി നടത്തി മാറ്റാത്തതിനാലാണോ വലിയ തുക നീക്കിയിരിപ്പ് അവശേഷിക്കുന്ന സാഹചര്യം വന്നതെന്ന് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-1-6 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസീലിയേഷൻ നടത്തിയത്

**പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം എല്ലാ മാസവും എല്ലാ ബാങ്ക് / ട്രഷറി അക്കൗണ്ടുകളും ബാങ്ക് ബുക്കുകളുമായി റിക്കൺസിലിയേഷൻ നടത്തി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 03/2024 മാസത്തെ റികൺസീലിയേഷൻ പത്രികകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. (ആയവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29 /20.2.2025) 2024 ജനുവരി മുതൽ കെ-സ്മാർട്ട് സംവിധാനം നിലവിൽ വന്നെന്നും കെ-സ്മാർട്ടിൽ ബാങ്ക് റീകൺസിലിയേഷൻ സംവിധാനം ഇല്ലാത്തതാണെന്നും കെ-സ്മാർട്ടിൽ ടി സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് റീകൺസിലിയേഷൻ പത്രിക പ്രതിമാസം തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-1-7 റികൺസിലിയേഷൻ ചെയ്തതിൽ അപാകത

1.നഗരസഭയുടെ 2024 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ ഒരേ തുക തന്നെ രണ്ട് ഇനങ്ങളിലായി രേഖപ്പെടുത്തി ബാങ്ക് ബുക്ക്, പാസ്ബുക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബാങ്ക് അക്കൗണ്ട് നമ്പർ | തുക/ രേഖപ്പെടുത്തിയ ഇനം I. | തുക/ രേഖപ്പെടുത്തിയ ഇനം II. |
|---|---|---|---|
| 1 | HDFC 50100289808301 | 4590825/- DIRECTLY CREDITED BY BANK | 4590825/- CHEQUE DEPOSITED BUT NOT CLEARED BY BANK |
| 2 | INDIAN BANK 7280222625 | 66,99,557/- CHEQUE ISSUED BUT NOT PRESENTED TO BANK | 66,99,557/- CHEQUE DEPOSITED BUT NOT CLEARED BY BANK |
| 3 | CANARA NULM 110008520369 | 40,000/- DIRECTLY CREDITED BY BANK | 40,000/- DIRECTLY DEBITED BY BANK |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29 /20.2.2025) ക്രമ നമ്പർ 1ന് 15-10-2020ന് 32000270 നമ്പർ ചെക്ക് പ്രകാരം 9,45,825/രൂപയും അന്നേ ദിവസം തന്നെ ഇതേ നമ്പർ ചെക്ക് പ്രകാരം 36,45,000/- രൂപയും യഥാക്രമം ബാങ്ക് ബുക്കിൽ വരവ് വയ്ക്കുകയും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുകയും

ചെയ്തിട്ടുള്ളതാണെന്നും ഈ തുകകൾ സാംഖ്യാ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുകൾ മൂലം റീകൺസിലിയേഷൻ ചെയ്യാൻ സാധിച്ചിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

ക്രമ നമ്പർ 2ന് 30-03-2024 തീയതിയിലെ 123990900077 നമ്പർ വൗച്ചർ പ്രകാരം 3213810/- രൂപയും, 30-03-2024 തീയതിയിലെ 123990900078 നമ്പർ വൗച്ചർ പ്രകാരം 3485747/- രൂപയും ബാങ്ക് ബുക്കിൽ എൻട്രി നടത്തിയതാണെന്നും എന്നാൽ റീകൺസിലിയേഷൻ ചെയ്യാൻ വിട്ടു പോയതിനാലാണ് റീകൺസിലിയേഷൻ സ്റ്റേറ്റുമെൻറിൽ Cheque Issued But Not Presented Into Bank എന്ന ഹെഡിലും എസ്.എൻ.എ അക്കൌണ്ടായതിനാൽ രസീത് ആയ തുക നഗരസഭ അക്കൌണ്ടിൽ ക്രഡിറ്റ് ആവുകയും ആയത് പ്രകാരം Cheque Deposited But Not Collected എന്ന ഹെഡിലും പ്രതിഫലിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി.

ക്രമ നമ്പർ 3ന് 31-03-2024 തീയതിയിലെ 22301638 വൌച്ചർ പ്രകാരം 40,000/- രൂപയും 31-03-2024 തീയതിയിലെ തന്നെ 22301639 വൌച്ചർ പ്രകാരം 40,000/- രൂപയും C22401894024, C032403013463 ചെക്ക് പ്രകാരം ബാങ്ക് ബുക്കിൽ എൻട്രി നടത്തിയിട്ടുള്ളതാണെന്നും റീകൺസിലിയേഷൻ ചെയ്യുവാൻ വിട്ടു പോയതിനാലാണ് റീകൺസിലിയേഷൻ സ്റ്റേറ്റുമെൻറിൽ Cheque Issued But Not Presented Into Bank എന്ന ഹെഡിലും എസ്.എൻ.എ അക്കൌണ്ടായതിനാൽ രസീത് ആയ തുക നഗരസഭ അക്കൌണ്ടിൽ ക്രഡിറ്റ് ആവുകയും ആയത് പ്രകാരം Cheque Deposited But Not Cleared By Bank എന്ന ഹെഡിലും പ്രതിഫലിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി.

2. നഗരസഭയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ അന്നേ ദിവസത്തെ പാസ്സ്ബുക്ക് ബാലൻസ് ആയി രേഖപ്പെടുത്തിയ തുകയും, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

| **ക്രമ നം** | **അക്കൗണ്ട്** | **31.03.2024 തീയ്യതിയിലെ പാസ്സ്ബുക്ക് ബാലൻസ് (₹)** | |
|---|---|---|---|
| | | **ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം** | **അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം** |
| 1 | BANK OF BARODA 42350100007061 | 2000 | 2042 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29/ 20.2.2025)2022-23 ലെ റീകൺസിലിയേഷൻ ചെയ്തതിൽ അപാകത സംഭവിച്ചിട്ടുണ്ടെന്നും അതോടോപ്പം 55/- രൂപ പലിശ ഇനത്തിൽ ക്രഡിറ്റ് ആയിട്ടുള്ളത്

റീകണസിലിയേഷൻ എൻട്രി നടത്തിയിട്ടില്ലായെന്നും ആയത് മൂലം സംഭവിച്ചിട്ടുള്ള മേൽ അപാകത സാംഖ്യസോഫ്റ്റ് വെയർ കെ-സ്മാർട്ടുമായി ലിങ്ക് ചെയ്യുന്ന മുറയ്ക്ക് എൻട്രികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. റികൺസിലിയേഷനിൽ സംഭവിച്ച അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

31.03.2024 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് തുക ക്രെഡിറ്റിൽ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൌണ്ട് നമ്പർ | തുക വരവ് വെച്ച കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648 | 2021 മെയ്- 2024 മാർച്ച് | 24,02,547 |
| 2 | SBI E-Payment VAT-67190200537 | 2014 മാർച്ച്-2024 മാർച്ച് | 45,70,770 |
| 3 | HDFC 50100289808301 | 2020 ഒക്ടോബർ | 45,90,825 |
| 4 | SBI Property Tax Online -67206729726 | 2014 ആഗസ്റ്റ്- 2024 മാർച്ച് | 28097879 |
| 5 | CANARA Own FUND-0757201001145 | 2016 നവംബർ-2019 സെപ്തംബർ | 22,55,246 |
| 6 | SBI OWN FUND-57065238437 | 2014 ഡിസംബർ-2018 ഡിസംബർ | 1,98,350 |
| 7 | Federal K-Smart Online 15370100206168 | 2024 മാർച്ച് | 16,96,393 |

| | |
|---|---|
| ആകെ | 43812010 |

അക്കൗണ്ടിൽ വരവ് വന്ന തുകകൾ കണ്ടെത്തി വരവുകൾക്ക് രസീത് നൽകി കണക്കിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപനത്തിന്റേതല്ലാത്ത പണം വരവ് വന്നിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. എന്നാൽ Bank Reconciliation Statementൽ Directly Credited By Bank ആയി ചേർത്ത മേൽ തുകകൾ സ്ഥാപനത്തിന്റെ വരവ് തന്നെയാണോയെന്ന് ഉറപ്പ് വരുത്തി ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29 /20.2.2025) നഗരസഭയുടെ തനതുഫണ്ട് കൈകാര്യം ചെയ്യുന്ന അക്കൗണ്ടുകളിലേക്ക് നേരിട്ട് വരുന്ന തുകകൾ തുക ഒടുക്കിയ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ അക്കൗണ്ട് പരിശോധിച്ച് രസീത് നൽകുവാൻ സാധിക്കുന്നുള്ളൂ എന്നതിനാലാണ് ഇപ്രകാരം വന്നിട്ടുള്ള തുകകൾ Bank Reconciliation Statement ൽ Directly Credited By Bank എന്ന് എൻട്രി നടത്തിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി. കൂടാതെ ബാങ്ക് ബുക്കിൽ വരവ് വെച്ച പല തുകകളും സാംഖ്യാ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുകൾ മൂലം റീകൺസിലിയേഷൻ ചെയ്യാൻ സാധിക്കാത്തതാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-1-9 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

31.03.2024 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് സ്ഥാപനത്തിന്റെ അറിവില്ലാതെ ബാങ്ക് പണം പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീൺസിലിയേഷൻ പത്രിക പ്രകാരം **1,39,30,653.56 രൂപ** Directly Debited By Bank എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൌണ്ട് നമ്പർ | തുക പിൻവലിച്ച കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648 | 2021 ഏപ്രിൽ-2021 ജൂലൈ | 30,44,038 |
| 2 | SBI E-Payment VAT-67190200537 | 2013 മെയ്- 2024 മാർച്ച് | 91,17,419 |
| 3 | Union Bank Ayyankali 572002010012640 | 2016 ഫെബ്രുവരി-2019 | 2,85,689.56 |

| | | | |
|---|---|---|---|
| | | ഫെബ്രുവരി | |
| 4 | SBI 67313481444 Contributory Pension | 2019 ഫെബ്രുവരി | 88.5 |
| 5 | HDFC 50100328340178 | 2020 ഫെബ്രുവരി | 32928 |
| 6 | CANARA Own FUND-0757201001145 | 2018 മാർച്ച്-2019 സെപ്തംബർ | 14,47,443 |
| 7 | SBI OWN FUND-57065238437 | 2015 മാർച്ച്-2018 ഡിസംബർ | 3047.5 |
| ആകെ | | | 13930653.56 |

റികൺസിലിയേഷൻ പത്രിക പ്രകാരം പരാമർശിക്കപ്പെട്ട മേൽ പണം പിൻവലിക്കപ്പെടുകൾ ഏതെല്ലാമെന്ന് പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് 25.2.2025 നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29 /20.2.2025) സൗത്ത് ഇന്ത്യൻ ബാങ്ക് ഓൺ ഫണ്ട് 0329053000014648 അക്കൗണ്ടിൽ താഴെ പറയുന്ന തുകകൾ ക്രഡിറ്റ് ആയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി.

| ബാങ്ക് എൻട്രി തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|
| 06-05-2021 | 50179 | 513842 |
| 07-05-2021 | 25000 | 468775 |
| 09-06-2021 | 50179 | 513879 |
| 28-02-2022 | 1017624 | |
| **ആകെ** | **1142982** | |

മേൽ തുകൾ എല്ലാം തന്നെ സാംഖ്യയിൽ യഥാക്രമം വരവ് വച്ചിട്ടുള്ളതാണെന്നും എന്നാൽ റീകൺസിലിയേഷൻ ചെയ്തതിൽ ടെക്നിക്കൽ എറർ വന്നതിനാൽ നിശ്ചിത ചെക്ക് നമ്പറിൽ ഉൾപ്പെട്ട രസീപ്റ്റുകളിൽ ചില തുകകൾ റീ കൺസിൽ ആവാതെ വരികയും, ആയതിന്റെ ഭാഗമായി ബാങ്ക് സ്റ്റേറ്റ്മെന്റ് ചെയ്തതിലെ ടോട്ടൽ തുക അൺ റീകൺസീൽ ആയി ഡയറക്ട്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ഹെഡിൽ റീ കൺസിലിയേഷൻ റിപ്പോർട്ടിൽ പ്രതിഫലിക്കുകയും ചെയ്തതാണെന്നും മറുപടി ലഭ്യമാക്കി. നിലവിൽ ഈ തുകകൾ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കാൻ സാധിക്കാത്തതാണെന്നും 2024 ജനുവരി മുതൽ കെ-സ്മാർട്ട് നിലവിൽ വന്നതിനാൽ 10-01-2024 മുതൽ 26-03-2024 വരെയുള്ള ആകെ 12,59,565/- രൂപ റീ കൺസിലേയഷനുള്ള

ഓപ്ഷൻ നിലവിലില്ലാത്തതിനാൽ റീ കൺസിലിയേഷൻ നടത്തുവാൻ സാധിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-1-10 കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

**31.03.2024** ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് നമ്പർ | ചെക്ക് ഇഷ്യൂ ചെയ്ത കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648 | 2020 ഏപ്രിൽ- 2023 സെപ്തംബർ | 7,34,559 |
| 2 | SBI E-Payment VAT-67190200537 | 2013 മെയ്-2018 ഡിസംബർ | 73,18,507 |
| 3 | Union Bank Ayyankali 572002010012640 | 2016 മാർച്ച്-2019 ഫെബ്രുവരി | 3,14,415 |
| 4 | SBI 67313481444 Contributory Pension | 2019 ഫെബ്രുവരി | 88 |
| 5 | HDFC 50100328340178 | 2020 ജനുവരി, ഫെബ്രുവരി | 1,49,517 |
| 6 | CANARA Own FUND-0757201001145 | 2017 മാർച്ച്-2019 ജുലൈ | 4,16,469 |
| 7 | SBI OWN FUND-57065238437 | 2017 നവംബർ-2020 ജനുവരി | 15,214 |
| 8 | SBI PROPERTY TAX ONLINE 67206729726 | 2023 ഡിസംബർ | 88,47 |
| ആകെ | | | 89,57,616 |

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം കാലാവധി കഴിഞ്ഞും

പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. നഗരസഭയുടെ പേരിലുള്ള വിവിധ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

## 1-1-11 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

31.03.2024 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ നഗരസഭയുടെ വരവിൽ ഉൾപ്പെടുത്തി കളക്ഷന് വേണ്ടി ബാങ്കിൽ സമർപ്പിച്ച 7,65,55,060.50 രൂപയുടെ ചെക്കുകൾ പ്രകാരമുള്ള പണം നാളിതു വരെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് നമ്പർ | ചെക്ക് ഡെപ്പോസിറ്റ് ചെയ്ത കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648 | 2020 ഫെബ്രുവരി- 2024 മാർച്ച് | 27,52,422 |
| 2 | SBI E-Payment VAT-67190200537 | 2016 ജൂലൈ- 2024 മാർച്ച് | 59,92,185.5 |
| 3 | SBI 67313481444 Contributory Pension | 2018 ഫെബ്രുവരി-2018 ഒക്ടോബർ | 9,718 |
| 4 | HDFC 50100289808301 | 2020 ഒക്ടോബർ | 45,90,825 |
| 5 | SBI Property Tax Online -67206729726 | 2014 ജൂലൈ-2024 മാർച്ച് | 2,81,06,728 |
| 6 | HDFC 50100328340178 | 2020 ഫെബ്രുവരി | 300 |
| 7 | Union Bank Ayyankali 572002010012640 | 2023 ഡിസംബർ | 4,061 |
| 8 | CANARA Own FUND-0757201001145 | 2016 നവംബർ-2021 മാർച്ച് | 36,17,559 |
| 9 | SBI OWN FUND-57065238437 | 2011 സെപ്തംബർ-2022 ഏപ്രിൽ | 1,68,314 |

| | | | |
|---|---|---|---|
| 10 | Federal K-Smart Online 15370100206168 | 2024 ജനുവരി-2024മാർച്ച് | 32,06,220 |
| 11 | SBI PROPERTY TAX ONLINE 67206729726 | 2014 ജൂലൈ -2024 മാർച്ച് | 28106728 |
| ആകെ | | | 76555060.5 |

റികൺസിലിയേഷൻ പത്രിക പ്രകാരം വരവ് വരാനുള്ള തുകകൾ ഏതെല്ലാം ആണ് എന്നത് സംബന്ധിച്ച് വിശദ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല

2023-24 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിനത്തിൽ 83,62,084/- രൂപ ചെലവായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈയിനത്തിൽ യാതൊരു വരവും ഉള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/21.03.2023 | 1(1)/14.02.2024 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 5,36,91,071.01 |
| വരവ് | 33,45,30,978.5 |
| ആകെ | 38,82,22,049.51 |
| ചെലവ് | 33,50,52,072.00 |
| നീക്കിയിരിപ്പ് | 5,31,69,977.51 |

## 1-4 ഫണ്ട് വിനിയോഗം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 32619937 | 23936317 | 8683620 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 20091000 | 13690809 | 6400191 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22829350 | 15242488 | 7586862 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6286000 | 5061931 | 1224069 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 25149963 | 22588585 | 2561378 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 16766509 | 17258441 | -491932 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 474 | 522273842 | 208 | 172670344 | 0 | 266 | 43.88 |

കുറിപ്പ്. :- അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 522/24, 525/24, 528/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 523/24, 526/24, 529/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.എസ്.പി.) എന്ന ഇനത്തിൽ 524/24, 527/24, 530/24 എന്നീ തൻവർഷത്തിൽ ആകെ 13011133/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ. പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8365179 | 8365179 | 8362084 | 3095 |

കുറിപ്പ്:- യൂണിയൻ ബാങ്കിൽ AUEGS ന് വേണ്ടി തുടങ്ങിയ 572002010012640 എന്ന അക്കൗണ്ട് നിലവിൽ ഉപയോഗിക്കുന്നില്ല. നിലവിൽ പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പേരിലുള്ള ട്രഷറി അക്കൗണ്ടുകളിൽ പദ്ധതിക്കുള്ള അലോട്ടുമെന്റ് അനുവദിക്കുകയും അതേ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട വരവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

2023-24 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4109800 | 348 |
| വിധവാപെൻഷൻ | 21670600 | 2043 |
| വാർദ്ധക്യകാലപെൻഷൻ | 36424300 | 3386 |
| വികലാംഗപെൻഷൻ | 6116800 | 554 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1945000 | 168 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2024 ന് ഉച്ചക്ക് 03.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ചെസ്റ്റിൽ 2,96,020/- രൂപയും രേഖകൾ പ്രകാരം 2,94,010/- രൂപയും കാണപ്പെട്ടു. അതായത്, ചെസ്റ്റിൽ കാണപ്പെട്ട തുകയും രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ 2010/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തനത് ഫണ്ടിൽ നിന്നും നൽകുന്ന വിവിധ മുൻകൂറുകൾ ആയവ പൂർത്തീകരിച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും യഥാസമയം മുൻകൂർ രജിസ്റ്ററിലോ വാർഷിക കണക്കിലോ അപ്ഡേറ്റ് ചെയ്യുന്നില്ല.
2. 2024 മുതലാണ് കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സുകൾ സകർമ്മ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
3. പട്ടികജാതി വികസന ഓഫീസർ, പ്രൊജക്ട് ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. പട്ടികജാതി വികസന ഓഫീസർ , പ്രൊജക്ട് ഓഫീസർ എന്നിവർ നിർവഹണ ഉദ്യഗസ്ഥർ സൂക്ഷിക്കേണ്ട ടി ആർ 7എ രൂപത്തിലുള്ള കാഷ്ബുക്കിലല്ല വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നത്.
5. നഗരസഭയുടെ ബാധ്യത തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ലൈസൻസ് രജിസ്റ്ററിൽ ക്രമ നം. ചേർക്കുന്നില്ല. വിവിധ രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.
7. നഗരസഭയിൽ തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
8. പ്രോജക്ട് തയ്യാറാക്കി അംഗീകരം വാങ്ങി നടപ്പിലാക്കേണ്ട പല പദ്ധതികളും പ്രോജക്ടില്ലാതെ തനത് ഫണ്ടിൽ നിന്നും തുക ചെവലഴിച്ച് നടപ്പിലാക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2014 | 2013-14 | 07.08.2015 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 01.01.2019 | 2017-18 | 06.03.2019 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ).471/സി.എ).ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് "കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തിയും, നഗരസഭ ലഭ്യമാക്കിയ രേഖകൾ, രജിസ്റ്ററുകൾ, ഓഡിറ്റ് എൻക്വയറി (04/14.02.2025) ക്കുള്ള മറുപടി എന്നിവ പരിശോധിച്ചുമാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

1) അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1)നഗരസഭയിലെ ആകെ ജനസംഖ്യ | | 55870 |
| **2)**ആകെ വാർഡുകളുടെ എണ്ണം | | 34 |
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന |

| | വീടുകളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 445 | 30 |
| 2 | 420 | 51 |
| 3 | 461 | 93 |
| 4 | 235 | 152 |
| 5 | 416 | 621 |
| 6 | 482 | 16 |
| 7 | 716 | 40 |
| 8 | 727 | 9 |
| 9 | 389 | 118 |
| 10 | 327 | 407 |
| 11 | 369 | 14 |
| 12 | 332 | 9 |
| 13 | 375 | 9 |
| 14 | 456 | 11 |
| 15 | 491 | 12 |
| 16 | 933 | 69 |
| 17 | 449 | 10 |
| 18 | 538 | 8 |
| 19 | 349 | 47 |
| 20 | 465 | 15 |
| 21 | 519 | 51 |
| 22 | 662 | 21 |
| 23 | 468 | 31 |
| 24 | 526 | 42 |
| 25 | 428 | 34 |
| 26 | 413 | 51 |
| 27 | 525 | 136 |
| 28 | 705 | 54 |
| 29 | 440 | 52 |

| | | |
|---|---|---|
| 30 | 351 | 165 |
| 31 | 225 | 560 |
| 32 | 528 | 521 |
| 33 | 306 | 133 |
| 34 | 517 | 41 |
| ആകെ | 15988 | 3633 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 84 | |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | ഉണ്ട് | |

2) മാലിന്യ ശേഖരണ കാര്യക്ഷമത.

ഒരു MCF ഉം ഒരു RRF മാണ് നഗരസഭയിൽ ഉള്ളത്. മാലിന്യ ശേഖരണത്തിന് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളുടെ ഫീൽഡ് വെരിഫിക്കേഷൻ വഴി നഗരസഭയിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും ഒരു ചാക്ക് അജൈവ മാലിന്യത്തിന് 50/- രൂപ നിരക്കിലും കടകളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. ആയതിന് രശീതി നൽകുകയും ചെയ്യുന്നുണ്ട്. രശീതി ബുക്കുകൾ ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകുന്നതിന്റെയും ഉപയോഗ ശേഷം തിരിച്ചേൽപ്പിക്കുന്നതിന്റെയും വിവരം രേഖപ്പെടുത്തുന്നുണ്ടെങ്കിലും രശീതി ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭിക്കുമ്പോൾ ആയത് സ്റ്റോക്കിലെടുത്ത് ഇഷ്യു, ബാലൻസ് വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. യൂസർ ഫീസ് കളക്ഷൻ വിവരം രജിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മാസാന്ത, വർഷാന്ത സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവ് സംബന്ധിച്ച വിവരവും വരവ് തുക കൃത്യമായി യഥാസമയം ബാങ്ക് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്നതും പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വാർഡുകളിൽ നിന്നും ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിച്ച അജൈവ മാലിന്യം MCF ൽ എത്തിക്കുന്നതിന് 6 വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. ഇതിൽ 2 എണ്ണം വാടകക്ക് എടുത്തതാണ്.

ഹരിതമിത്രം ആപ്പ് സംവിധാനം പ്രാവർത്തികമാക്കി വരുന്നുണ്ട്. മുഴുവൻ അംഗങ്ങൾക്കും തൊഴിൽ കാർഡുകൾ/ ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി വീടുകൾ/ സ്ഥാപനങ്ങൾക്ക് ചാക്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിച്ച ശേഷമാണ് സെഗ്രിഗേഷൻ നടത്തുന്നത്. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. മലബാർ പ്രോസസ് എന്ന ഏജൻസിക്കാണ് 6.5/Kg നിരക്കിൽ റിജക്ട്ഡ് വേസ്റ്റ് കൈമാറുന്നത്. വാല്വബിൾസ് ഏറ്റവും കൂടുതൽ തുക നൽകുന്നവർക്ക് കൈമാറുകയാണ് ചെയ്യുന്നത്.

സ്ക്രാപ്പ് വിൽപ്പന ഇനത്തിലെ വരവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സ്ക്രാപ്പ് വിൽപ്പന സംബന്ധിച്ച ഫയൽ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2024 ഒക്ടോബർ മാസത്തിൽ വാല്വബിൾസ് കൊണ്ടുപോയ വകയിൽ റിൻഷാദ് എന്നവരിൽ നിന്ന് 30000/- രൂപ നിലവിൽ (28.02.2025 തിയ്യതിയിൽ) ലഭിക്കാനുണ്ട് എന്നാണ് അറിയിച്ചത്. വാല്വബിൾസ് കൈമാറുന്നവരുമായി എഗ്രിമെന്റ് വെക്കുന്നില്ല. വിൽപ്പന നടപടികൾ കൂടുതൽ സുതാര്യമാക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം കുടിശ്ശിക വരുത്തുന്ന വേളയിൽ റിക്കവറി നടപടികൾ സ്വീകരിക്കാനാവാതെവരും.

4) റീസൈക്ലിംഗ്.

ഹരിത കർമ്മസേനാംഗങ്ങൾ, എൻ.എസ്.എസ് വളണ്ടിയർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ വഴി പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. റീസൈക്ലിംഗ് പ്രോസസ് നഗരസഭയിൽ നടപ്പാക്കുന്നില്ല. ലാന്റ് ഫില്ലുകൾ, പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്തും സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ് ലഗസി മാലിന്യങ്ങളിൽ 50% വും റീ സൈക്കിൾ ചെയ്യാവുന്ന വസ്തുക്കൾ ആണ്.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

വാർഡുകളുടെ ശുചീകരണവുമായി ബന്ധപ്പെട്ട് നഗര സഭയിലെ 34 വാർഡുകളിലെ അയൽക്കൂട്ടങ്ങളിലും കുടുബശ്രീ നേതൃത്വത്തിൽ ബോധവൽക്കരണം നടന്നു. കൂടാതെ ഏകദിന ശിൽപശാല ബൊണാഡിയ ഓഡിറ്റോറിയത്തിൽ വെച്ചും നടന്നു.' മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ തലത്തിലും വാർഡ് തലത്തിലുമായി ബോധവൽക്കരണ ക്ലാസ്സുകളും പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് 2023-24 വർഷത്തിൽ പൊതു അവധി ഒഴികെയുള്ള എല്ലാ ദിവസവും തൊഴിൽ

നൽകാൻ സാധിച്ചിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്കും വാഹനങ്ങളിലെ ഡ്രൈവർമാർക്കും ബയോ ശക്തി പ്ലാന്റിലെ ജീവനക്കാർക്കും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു.

ഹരിതകർമ്മസേനയിൽ തുടക്കം മുതൽ പ്രവർത്തിക്കുന്നവർക്ക് പ്രതിദിനം 550/- രൂപ നിരക്കിലും പുതിയ അംഗങ്ങൾക്ക് 500/- രൂപ നിരക്കിലും വേതനം അനുവദിക്കുന്നുണ്ട്. ശരാശരി 15500/- രൂപക്കൂ മുകളിൽ പ്രതിമാസ വേതനമിനത്തിൽ ഓരോ ഹരിതകർമ്മസേനാംഗത്തിനും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. രണ്ട് വാഹനങ്ങൾ വാങ്ങിയതിന്റെ വായ്പ തിരിച്ചടവ് ഇനത്തിൽ നിലവിൽ 44284/-, 28402/- രൂപ വീതം ഓരോ മാസവും അടവാക്കുന്നുണ്ട്. 2 വാഹനങ്ങളുടെ വാടകയായി 96500/- (41000/- + 55500/-) രൂപയും ചെലവഴിക്കുന്നുണ്ട്.

7) അടിസ്ഥാന സൗകര്യ വികസനം

നഗരസഭയിൽ നിലവിൽ 1 MCF, 1 RRF, 3 Mini MCF എന്നിവ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് 6 വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് റൂം, ഒരു മീറ്റിംഗ് ഹാൾ, അടുക്കള എന്നീ സൗകര്യങ്ങൾ നിലവിൽ MCF ൽ ഉണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യങ്ങൾ അനധികൃതമായി തള്ളുന്നതുമായി ബന്ധപ്പെട്ട് 69 പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയൽ, പൊതു നിരത്തുകളിൽ മാലിന്യം തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൻമേൽ 76 നോട്ടീസുകൾ നൽകുകയും ആയതിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി കെ.എസ്.ഡബ്ല്യു.എം.പി യുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

10)നിയമങ്ങൾ പാലിക്കൽ.

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് പ്രചാരണം നടത്തിയിട്ടുണ്ട്. 29.09.2023 ലെ 25 -ാം നമ്പർ തീരുമാന പ്രകാരം പ്ലാസ്റ്റിക് ഖര ദ്രവ രാസ മാലിന്യ പരിപാലന നിയമാവലിയുടെ അസ്സൽ അംഗീകരിച്ചിട്ടുണ്ട്.

11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

34 വാർഡുകളിലേയ്ക്ക് നിലവിൽ 84 ഹരിത കർമ്മസേനാംഗങ്ങളാണുള്ളത്. കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്. നിലവിൽ ഒരു മാസംകൊണ്ടുതന്നെ എല്ലാ വാർഡുകളിലും ശേഖരണം പൂർത്തിയാക്കുന്നുണ്ട്. കടകളിലും മാർക്കറ്റിലും ഒന്നിടവിട്ട ദിവസങ്ങളിലും ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. മാർക്കറ്റുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ തരംതിരിച്ച് ബയോ ശക്തി പ്ലാന്റിലേക്ക് ആവശ്യത്തിന് ഉപയോഗിക്കുന്നു. ബയോ ശക്തി പ്ലാന്റിൽ നിന്നുള്ള ബയോ ഗ്യാസ് ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. ബാക്കി വരുന്ന ജൈവ മാലിന്യങ്ങൾ തുമ്പൂർമുഴി ( 2 യൂണിറ്റ് ഉണ്ട്) രീതിയിലും എയറോബിക് രീതിയിലും ജൈവ വളമാക്കി മാറ്റുന്നു. ഇത്തരത്തിൽ തയ്യാറാക്കിയ ജൈവവളം ചാക്ക് ഒന്നിന് 50 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ദിവസേന MCFൽ എത്തിക്കുന്ന ജൈവ മാലിന്യങ്ങളുടെ അളവ് വളരെ കൂടുതലാണ്. ബയോ ശക്തി പ്ലാന്റിന്റെ പ്രവർത്തനത്തിന് ചെറിയ അളവിൽ മാത്രമാണ് ആവശ്യമായി വരുന്നത്. ആയതുകൊണ്ട് തന്നെ ബാക്കി വരുന്നതു മുഴുവൻ ജൈവ വളമാക്കി മാറ്റുകയാണ് ചെയ്തുവരുന്നത്. എന്നാൽ ആയതിന് ആവശ്യക്കാർ വളരെ കുറവാണ്. ജൈവ വളത്തിന്റെ മാർക്കറ്റിംഗിൽ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1) MCF(സ്ഥിരം ) എണ്ണം | 2 |
| 2)ബെയ്‌ലിംഗ് യുണിറ്റുകൾ ഉണ്ടോ ? | ഉണ്ട് 1 |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | -- |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ) | ഉണ്ട് |
| 6). അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിവരം | വാർഡ് 22 |
| 7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ | ഉണ്ട്. |

| | |
|---|---|
| 8)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | ഇല്ല |

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

നിലവിൽ മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. നഗരസഭയിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം ഉപയോഗിച്ച് വരുന്നുണ്ട്.

3)മാലിന്യ സംഭരണശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | ജൈവം- 6 ടൺ അജൈവം- 5 ടൺ |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCFന് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഉണ്ട് |
| 2)ആകെ വിസ്തൃതി<br>[കുറിപ്പ്:ടാപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി എരിയ, കലക്ഷൻ ഏരിയ എന്നിങ്ങനെ പ്രത്യേകം വേർത്തിരിച്ചിട്ടില്ല] | 1508 ചതുരശ്ര മീറ്റർ |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 മാസം |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്ന |

| | |
|---|---|
| | അജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്, പേപ്പർ, റിജക്ടഡ്, ഇ- വേസ്റ്റ് എന്നീ ഇനങ്ങളായി തരംതിരിച്ച് എല്ലാ ആഴ്ചയും പുന:ചംക്രമണത്തിനായി കൃത്യമായി കൈമാറുന്നു. |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/ RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1) Fire Extinguisher<br>2) Mask, Gloves ,Gum Boots, Rain Coat<br>3). രോഗ പ്രതിരോധ മരുന്നുകൾ |

5)ശുചിത്വമാനദണ്ഡങ്ങൾ

ഓരോ ദിവസവും MCF പരിസരം വൃത്തിയാക്കുന്നുണ്ട്.

6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വിൽക്കുകയും റിജക്ടഡ് വേസ്റ്റ് നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുള്ള മലബാർ പ്രോസസ് എന്ന സ്ഥാപനത്തിന് @₹ 6.5/Kg നിരക്കിൽ നൽകുകയുമാണ് ചെയ്യുന്നത്.

<u>മറ്റു വിവരങ്ങൾ</u>

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ HDFC ബാങ്ക് , പെരിന്തൽമണ്ണ ശാഖയിൽ 50100597751726 -ാം നമ്പർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/-രൂപയും, കടകൾക്ക് 100/-രൂപയും ഫീസ് ഈടാക്കി വരുന്നു. 31.03.2024 ലെ ബാലൻസ് 647464.03 രൂപയാണ്.

വാർഷിക വരവു ചെലവു കണക്ക്

| വരവ് | | ചെലവ് | |
|---|---|---|---|
| മുൻ ബാക്കി | 796366 | ഹരിത കർമ്മസേന ശമ്പളം | 11620000 |
| യൂസർഫീ | 11042244 | വാഹന വാടക | 1283000 |
| സ്ക്രാപ്പ് വിൽപ്പന | 3634453 | വാഹന ലോൺ | 486830 |
| | | പ്രിന്റിംഗ് & സ്റ്റേഷനറി | 252000 |
| | | വാഹനങ്ങളുടെ ഇന്ധന ചെലവ് | 138000 |
| | | MISC | 364000 |
| | | വെഹിക്കിൾ അഡ്വാൻസ് | 178000 |
| | | പിക്നിക് | 121000 |
| | | ആനിവേഴ്സറി | 45000 |
| | | റിപ്പയർ ചാർജ് | 49150 |
| | | ബോണസ് | 162000 |
| | | ഓണംകിറ്റ് | 40000 |
| | | വിഷു കൈനീട്ടം | 13000 |
| | | ജെ.സി.ബി | 32350 |
| | | നീക്കി ബാക്കി ഡയലി കളക്ഷൻ(Urban Co Operative Bank- A/C NO.3039 | 300733 |
| | | നീക്കി ബാക്കി ബാങ്ക്- HDFC ബാങ്ക് , പെരിന്തൽമണ്ണ A/C NO. 50100597751726 | 647464.03 |

| | | | |
|---|---|---|---|
| ആകെ | 15473063 | ആകെ | 15732527.03 |

കുറിപ്പ് :- മുൻ ബാക്കി, നീക്കിയിരിപ്പ് (HDFC ബാങ്ക് , പെരിന്തൽമണ്ണ A/C NO. 50100597751726) എന്നിവ ബാങ്ക് സ്റ്റേറ്റ്മെന്റും മറ്റ് വരവ് , ചെലവ് എന്നിവ നഗരസഭ ലഭ്യമാക്കിയ വിവരവുമാണ് ചേർത്തിട്ടുള്ളത്. ഇതുപ്രകാരം 259464.03 രൂപയുടെ വ്യത്യാസം കാണുന്നു. പരിശോധനക്ക് ഹാജരാക്കിയ ലോൺ തിരിച്ചടവ് രജിസ്റ്റർ പ്രകാരം KL 53- 7056 നമ്പർ ലോറിയുടെ വായ്പ ഇനത്തിൽ Sri Ram Finance ന് 2023-24 വർഷത്തിൽ (10/2023 നാണ് ലോൺ തിരിച്ചടവ് തുടങ്ങിയത് 6x28400 ) 170400/-രൂപയും KL53 U 7325 നമ്പർ ക്രൂയിസർ ന്റെ വായ്പ ഇനത്തിൽ കുടുംബശ്രീക്ക് (10/2023 നാണ് ലോൺ തിരിച്ചടവ് തുടങ്ങിയത് ) 216430/- രൂപയുമാണ് അടവാക്കിയിട്ടുള്ളത്. അതു പ്രകാരം ആകെ വാഹന വായ്പ തിരിച്ചടവ് ഇനത്തിൽ 386830/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 2023-24 വർഷത്തിൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഓണക്കിറ്റ് നൽകുന്നതിന് 39000/- രൂപയും ബോണസ് നൽകുന്നതിനായി 156000/- രൂപയും ചെലവഴിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്ററുകൾ ഹാജരാക്കിയെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലും നഗരസഭ ലഭ്യമാക്കിയ വിവരമാണ് ചേർത്തിട്ടുള്ളത്.

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് പേര്/നം. | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഖരമാലിന്യ പ്ലാന്റിലെ തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ (171/24) | CFC | 4000000 | 3993309 |
| 2 | ഖരമാലിന്യ സംസ്കരണ പദ്ധതി (195/24) | കേന്ദ്രാവിഷ്കൃത ഫണ്ട്- 6371121/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 175562/--<br>CFC Tied- 3008400/- | 9555083 | 6123820 |
| 3 | സ്മാർട്ട് ഗാർബേജ് | CFC | 90000 | 30775 |

| | | | | |
|---|---|---|---|---|
| | മോണിറ്ററിംഗ് സിസ്റ്റം (198/24) | | | |
| 4 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ (200/24) | CFC | 108555 | 68800 |
| 5 | ഖരമാലിന്യ പ്ലാന്റ് ബെയ്‌ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് ,വെയിംഗ് ബ്രിഡ്ജ്, ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിക്കൽ (431/24) | KSWMP Externally Aided-3667300/- KSWMP State Share-1571700/- | 5239000 | 12537 |
| 6 | ഖരമാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും പർച്ചേസ് (433/24) | KSWMP Externally Aided-2732675/- KSWMP State Share-1171147/- | 3903822 | 413955 |
| 7 | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തൊഴിലാളികളുടെ റെസ്റ്റ് റൂം നവീകരണം (453/24) | CFC | 300000/- | 296841 |
| 8 | വീടുകളിലേക്ക് തുണി സഞ്ചികൾ വിതരണം ചെയ്യൽ (461/24) | CFC | 40000 | 40000 |
| 9 | പെരിന്തൽമണ്ണ | Centrally Sponsored | 920000 | 184000 |

| | | | | |
|---|---|---|---|---|
| | നഗരസഭാ മാലിന്യ സംസ്കരണ പ്ലാന്റിൽ തുമ്പൂർമുഴി എസ്.ബി.എം 2 (490/24) | Scheme Fund – 460000/- State Sponsored Scheme Fund – 303600 Development Fund (CFC) – 156400/- | | |
| 10 | ഖരമാലിന്യ പ്ലാന്റിലേക്ക് ഇനോകുലം വാങ്ങൽ (512/24) | CFC | 200000 | 200000 |

ഓഡിറ്റ് നിർദ്ദേശങ്ങൾ :

1). യൂസർ ഫീസ്, സ്ക്രാപ്പ് വിൽപ്പന എന്നിവ വഴിയുള്ള വരവ് സംബന്ധിച്ച വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അടവ് വിവരവും ലഭ്യമല്ല. പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥരും അവരുടെ ചുമതല നിർവ്വഹിച്ചതായി കാണുന്നില്ല. ചെലവ് വിവരവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ വരവു ചെലവു കണക്കുകൾ – വരവിനങ്ങളുടെ പിരിവ് ഒടുക്ക് , തുക പിൻവലിക്കൽ, ചെലവ് എന്നിവ – വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2).ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും മാസാന്ത വർഷാന്ത സംഗ്രഹം രേഖപ്പെടുത്തേണ്ടതും ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3). മിനി MCFകൾ സ്ഥാപിക്കാൻ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

4). മാലിന്യ നിർമ്മാർജ്ജനം നഗരസഭയുടെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതുജനങ്ങൾക്കിടയിൽ മാലിന്യസംസ്കരണം മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായതുമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

5) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്.

6) നിയമ ലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളെ സംബന്ധിച്ച് ബോധവത്കരണം നടത്തേണ്ടതാണ്.

7). ഹരിത കർമ്മ സേനക്ക് നിലവിലുള്ളതും, വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാകുന്നതുമായ ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് മതിയായ രേഖപ്പെടുത്തലുകളോട് കൂടി സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 വരവിനങ്ങളിൽ വലിയ തുക ഈടാക്കാൻ അവശേഷിയ്ക്കുന്നു - നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2023-24 ലെ വാർഷിക കണക്കിലെ ഷെഡ്യൂൾ-B-15 പ്രകാരം മുനിസിപ്പാലിറ്റിയുടെ വിവിധ നികുതി- നികുതിയേതര ഇനങ്ങളിൽ ചുവടെ കാണിച്ച പ്രകാരം തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്.

| ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| വസ്തുനികുതി | 4,76,57,056 |
| തൊഴിൽ നികുതി | 22,40,103 |
| ലൈസൻസ് ഫീസ് | 1,78,990 |
| പരസ്യ നികുതി | 3,18,000 |
| വാടക | 25,63,132 |
| ആകെ | 52957281 |

മേൽ തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 36/20.02.2025) വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നികുതി കുടിശ്ശികയുള്ള കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുണ്ടെന്നും വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിച്ചു വരികയാണെന്നും അറിയിച്ചു. ഡിമാന്റ് നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞും നികുതി കുടിശ്ശിക അടവാക്കാനുള്ള കെട്ടിട ഉടമകൾക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കൂടാതെ തൊഴിൽ നികുതി ഇനത്തിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തനത് വരുമാനത്തിന്റെ ഭാഗമായ കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ കഴിയാതെ കാലഹരണപ്പെട്ട് പോകുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഗൗരവമായ വിഷയം ആയി കണ്ട്

വരവിനങ്ങൾ പിരിച്ചെടുക്കുന്നതിന് സത്വരമായ നടപടികൾ കൈക്കൊള്ളുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-13 സർക്കാരിലേക്ക് അടവാക്കേണ്ട തുക നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടി.

2018ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം-ചട്ടം 12(9) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ തുക അടവാക്കേണ്ടതാണെന്നും സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണം 3000ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ അപ്രകാരം അധികം വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. റവന്യൂ (പി) വകുപ്പിന്റെ 14.1.2019ലെ പി1/818/2018/ റവന്യൂ നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത ഫീസ് '0029-00-800-88-Receipts Collected Under Rule 12(9) Of The Kerala Conservation Of Paddy Land And Wetland (Amendment Act) 2018 എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെപ്പറയുന്ന അപേക്ഷ പരിശോധിച്ചപ്പോൾ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലുള്ള 3000ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമാണത്തിനുള്ള ഫീസ് മുനിസിപ്പാലിറ്റിയിൽ അടവാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

| ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | 3000ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമാണത്തിന്ഒടുക്കിയ ഫീസ് | രസീത് നമ്പർ/ തീയതി | പെർമിറ്റ് നമ്പർ |
|---|---|---|---|---|
| BA 117/22-23 | ശ്രീ. സെയ്ദ് ഇസ്മായിൽ കോയക്കുട്ടി തങ്ങൾ | 7,74,100 | 122010106524/20.7.2022 | TP1-BA(262881)/2023/ 03.08.2023 |

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-13ൽ ഇതേ ഇനത്തിൽ നഗരസഭയുടെ അധികാര പരിധിയിൽപ്പെടാത്ത പണം ആയി 93,87,644 രൂപ പിരിച്ചെടുത്തത് സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും മുൻ റിപ്പോർട്ടിൽ പരാമർശിച്ച തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ

ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 54/25.2.2025) മേൽ പരാമർശത്തിന്റെയും മുൻ സാമ്പത്തിക വർഷങ്ങളിലെ പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത തുക ഗഡുക്കളായി തിരികെ സർക്കാരിലേക്ക് അടവാക്കുന്ന വിഷയം കൗൺസിൽ അജണ്ടയായി സമർപ്പിച്ച് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക സർക്കാരിലേക്ക് അടവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും തുക അടവാക്കിയ വിവരം രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-14 വാടക പിരിച്ചെടുക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ.

നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ / ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത ലൈസൻസികളിൽ നിന്നും 2023-24 ൽ വാടക പിരിച്ചെടുത്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**ആർ എൻ മനഴി സ്മാരക ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | 2023-24 ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G2 | സെയ്ദാലിക്കുട്ടി | 3040 | 10/23 To 03/24 |
| 2 | G3 | ജമീല | 2071 | 10/23 To 03/24 |
| 3 | G5 | സുനിൽകുമാർ | 2175 | 07/23 To 03/24 |
| 4 | G6 | സുധീർ | 2175 | 12/23 To 03/24 |
| 5 | G8 | മൈമൂന ഇസ്മായിൽ | 2071 | 10/23 To 03/24 |
| 6 | G9 | സുനിൽ | 6300 | 08/23 To 03/24 |
| 7 | G11 | അബ്ദുൽ ഖാദർ | 5513 | 08/23 To 03/24 |

| | | | | |
|---|---|---|---|---|
| 8 | G12 | സെക്രട്ടറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റാവ് സ്റ്റോർ | 2071 | 10/23 To 03/24 |
| 9 | G13 | ഉമ്മുസൽമ | 5000 | 09/23 To 03/24 |
| 10 | G15 | വാസുദേവൻ | 1973 | 06/23 To 03/24 |
| 11 | G16 | അയമു | 3040 | 09/23 To 03/24 |
| 12 | G17 | മോഹനൻ | 1922 | 08/23 To 03/24 |
| 13 | G18 | ഹംസ | 2284 | 10/23 To 03/24 |
| 14 | G19 | അയമു | 1973 | 09/23 To 03/24 |
| 15 | G20 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 16 | G21 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 17 | G22 | അനിൽകുമാർ | 2071 | 10/23 To 03/24 |
| 18 | G23 | അനിൽകുമാർ | 2071 | 10/23 To 03/24 |
| 19 | G24 | അനിൽകുമാർ | 2071 | 10/23 To 03/24 |
| 20 | G25 | അനിൽകുമാർ | 2071 | 10/23 To 03/24 |
| 21 | G26 | അനിൽകുമാർ | 2071 | 10/23 To 03/24 |
| 22 | G27 | അനിൽകുമാർ | 3192 | 10/23 To 03/24 |
| 23 | G28 | അനിൽകുമാർ | 3192 | 10/23 To 03/24 |
| 24 | G30 | മോഹനൻ | 2071 | 07/23 To 03/24 |
| 25 | G33 | സുജിത | 2071 | 06/23 To 03/24 |
| 26 | G35 | മത്സ്യഫെഡ് | 5000 | 08/23 To 03/24 |
| 27 | G36 | ബഷീർ | 2071 | 04/23 To 03/24 |

| | | | | |
|---|---|---|---|---|
| 28 | G38 | അബ്ദുൽ ഖാദർ | 5513 | 06/23 To 03/24 |
| 29 | G41 | ഉമ്മുസൽമ | 5250 | 12/23 To 03/24 |
| 30 | G42 | കൃഷ്ണൻ | 2279 | 10/23 To 03/24 |
| 31 | G44 | അബ്ദുൽ നാസർ | 2757 | 09/23 To 03/24 |
| 32 | G45 | അരുൺ നാരായണൻ | 1922 | 04/23 To 03/24 |
| 33 | G45 A | മുഹമ്മദാലി | 1185 | 08/23 To 03/24 |
| 34 | G46 | ഷറഫുദ്ദീൻ | രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |
| 35 | G45 B | ടെക്നോ വേൾഡ് | 3187 | 10/23 To 03/24 |
| 36 | G46A | വീരാൻകുട്ടി | 1217 | 07/23 To 03/24 |
| 37 | G47 | അയമു | 3040 | 07/23 To 03/24 |
| 38 | G48 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 39 | G49 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 40 | G50 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 41 | G51 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 42 | G52 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 43 | G53 | അനിൽകുമാർ | 3040 | 10/23 To 03/24 |
| 44 | G54 | സന്തോഷ് | 2071 | 04/23 To 03/24 |
| 45 | 55 | അനിൽകുമാർ | 6615 | 10/23 To 03/24 |
| 46 | 56 | അനിൽകുമാർ | 6615 | 10/23 To 03/24 |
| 47 | 110 /1 | കുടുംബശ്രീ വനിതാ കാന്റീൻ | 2432 | 09/23 To 03/24 |

**ബൈപ്പാസ് ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | **2023-24 ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത്** |
|---|---|---|---|---|
| 1 | 1 | രമേഷ് | രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |
| 2 | 2 | രമേഷ് | രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |
| 3 | 3 | ഉണ്ണികൃഷ്ണൻ | 2019 | 07/23 To 03/24 |
| 4 | 5 | മൊയ്തീൻകുട്ടി | 2000 | 05/23 To 03/24 |
| 5 | 6 | ഷിഹാബുദ്ദീൻ | രേഖപ്പെടുത്തിയിട്ടില്ല | 07/23 To 03/24 |
| 6 | 7 | മുഹിനുദ്ദീൻ | രേഖപ്പെടുത്തിയിട്ടില്ല | 08/23 To 03/24 |
| 7 | 8,9,10,11 | ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് | 8578 | 07/23 To 03/24 |

**ഓൾഡ് മാർക്കറ്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 51 | മുഹമ്മദാലി | 1548 | 04/23 To 03/24 |
| 2 | A(1) | ഹംസ | 2902 | 01/24 To 03/24 |
| 3 | A(2) | ഹംസ | 2902 | 01 / 24 To 03/24 |
| 4 | A(8) | മുഹമ്മദാലി K | 1550 | 08/23 To 03/24 |
| 5 | B(1) | ഹംസ | 5279 | 01/24 To 03/24 |
| 6 | B(8) | ഹംസ | 2641 | 01/24 To 03/24 |
| 7 | D(8) | സുബൈർ | 2641 | 01/24 To 03/24 |

| | | | | |
|---|---|---|---|---|
| 8 | D(9) | മുഹമ്മദ് ബഷീർ | 2766 | 12/23 To 03/24 |
| 9 | E(1) | ഇബ്രാഹിം | 1938 | 11/23 To 03/24 |
| 10 | E(2) | അബ്ദുൽ മനാഫ് | 1760 | 11/23 To 03/24 |
| 11 | E(6) | കുട്ടൻ പി.പി. | 1760 | 04/23 To 03/24 |
| 12 | 366(46) | മുഹമ്മദ് മുസ്തഫ | 1824 | 10/23 To 03/24 |
| 13 | 366 48(1) | അബ്ദുൽ റഷീദ് | 3474 | 04/23 To 03/24 |
| 14 | 366/48(2) | മുത്തു എരണാവിയൻ | 3474 | 04/23 To 03/24 |
| 15 | 366 C | അഷ്റഫ് KP | 2237 | 12/23 To 03/24 |
| 16 | 366 D | അബു | 2130 | 08/23 To 03/24 |
| 17 | 366 F | മണികണ്ഠൻ | 2130 | 04/23 To 03/24 |
| 18 | 366 G | ചന്ദ്രമോഹൻ | 639 | 11/23 To 03/24 |
| 19 | 366 G1 | രാധാകൃഷ്ണൻ | 766 | 10/23 To 03/24 |
| 20 | 366 L | അബ്ദുൽ സലിം | 1705 | 09/23 To 03/24 |
| 21 | 366 M | സുലൈമാൻ | 1791 | 11/23 To 03/24 |
| 22 | 366 O | മുഹമ്മദ് ഹാരിസ് | വാടക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |
| 23 | 366 Q | മുഹമ്മദ് എന്ന മാനു | വാടക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |
| 24 | 366 (O) (1) | ഷറഫുദ്ദീൻ | വാടക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |

**ഹൈടെക് ഷോപ്പിംഗ് കോപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G2 | അബ്ദുൾ സലാം എ | രേഖപ്പെടുത്തിയിട്ടില്ല | 04/2023 To 03/2024 |
| 2 | G17 | അബ്ദുൾ ഖാദർ | 6034 | 09/ 23 To 03/24 |
| 3 | G32 | അംജദ് ബാബു | 6296 | 04/23 To 03/24 |
| 4 | G 33 | ഹാഷിം അബ്ദുൽസത്താർ | 7022 | 04/2023 To 03/2024 |
| 5 | F1 | പ്രകാശ് | രേഖപ്പെടുത്തിയിട്ടില്ല | 04/2023 To 03/2024 |
| 6 | F19 | മൊയ്തീൻകുട്ടി | 4023 | 04/2023 To 03/2024 |

**മോഡേൺ ഇൻഡോർ മാർക്കറ്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 1 | അലവി | 2854 | 04/2023 To 03/2024 |
| 2 | 9 | ഹസ്സൻ | 2232 | 09/23 To 03/24 |
| 3 | 10 | മുഹമ്മദ് ഷാഫി | 2232 | 04/2023 To 03/2024 |
| 4 | 11 | അബ്ദു റഹ്മാൻ | 1890 | 04/2023 To 03/2024 |
| 5 | 18 | നാരായണൻ | 2198 | 04/2023 To 03/2024 |
| 6 | 20 | മുഹമ്മദാലി | 2198 | 03/ 24 |
| 7 | 22 | മുഹമ്മദ് | 2198 | 08 /23 To 03/24 |
| 8 | 23 | അബൂബക്കർ പി പി | 2198 | 04/2023 To 03/2024 |
| 9 | 28 | അബ്ദുറഹ്മാൻ | 2232 | 01/24 To 03/24 |

| | | | | |
|---|---|---|---|---|
| 10 | 29 | ഷാഹുൽ ഹമീദ് ടി | 2232 | 04/2023 To 12/2023 |
| 11 | 35 | സക്കീർ ഹുസൈൻ | 2232 | 04/2023 To 03/2024 |
| 12 | 51 | സുധേഷ് T | 2494 | 12/23 TO 3/24 |
| 13 | 54 | രാജേഷ് T | 2494 | 12/23 TO 3/24 |
| 14 | 55 | യൂസഫ് | 2232 | 04/2023 To 03/2024 |
| 15 | 62 | മുഹമ്മദ് ഹനീഫ | 2363 | 07/2023 To 03/2024 |
| 16 | 66 | കുഞ്ഞിമൊയ്തീൻ | 2232 | 12/23 TO 03/24 |
| 17 | 68 | കുഞ്ഞിമുഹമ്മദ് | 2232 | 03/24 |
| 18 | 69 | പോക്കർ | 2232 | 06/23 To 03/24 |
| 19 | 71 | ആദം KP | 3681 | 04/2023 To 03/2024 |
| 20 | 72 | മുഹമ്മദ് മുസ്തഫ | 2649 | 07/2023 To 03/2024 |
| 21 | 77 | അബൂബക്കർ & മൊയ്തീൻകുട്ടി | 2494 | 06/2023 To 03/2024 |
| 22 | 82 | മുഹമ്മദ് മുസ്തഫ | 2485 | 07/2023 To 03/2024 |
| 23 | 86 | ഷൗക്കത്ത് | മുൻവർഷം 2363 | 04/2023 To 03/2024 |
| 24 | 87 | ഷൗക്കത്ത് | 2363 | 01/24 To 03/24 |
| 25 | 88 | ഷൗക്കത്ത് | 2363 | 04/23 To 03/24 |
| 26 | 100 | മമ്മി എം | 2625 | 04/2023 To 03/2024 |
| 27 | 101 | അബൂബക്കർ P | 2127 | 03/24 |
| 28 | 103 | മുഹമ്മദ് മുസ്തഫ | 2125 | 11/23 To 03/24 |
| 29 | 104 | ഫിറോസ് ബാബു | രേഖപ്പെടുത്തിയിട്ടില്ല | 04/23 To 03/24 |

| | | | | |
|---|---|---|---|---|
| 30 | 105 | കുഞ്ഞിമുഹമ്മദ് ഹാജി & സൈതലവി | 2100 | 10/23 To 03/24 |
| 31 | 106 | കുഞ്ഞീതു | 2100 | 09/23 To 03/24 |
| 32 | 107 | കുഞ്ഞീതു | 2100 | 09/23 To 03/24 |
| 33 | 108 | കദീജ | 2232 | 11 / 23 To 03/24 |
| 34 | 109 | കദീജ | 2232 | 11 / 23 To 03/24 |
| 35 | 110 | ഹസ്സൻകുട്ടി P | 2232 | 04/23 To 03/24 |
| 36 | 111 | ഹസ്സൻകുട്ടി P | 2232 | 04/23 To 03/24 |
| 37 | 112 | കുഞ്ഞിമുഹമ്മദ് ഹാജി | 2100 | 10/23 To 03/24 |
| 38 | 113 | അൻവർ | 2648 | 04/23 To 03/24 |
| 39 | G25 | മുഹമ്മദ് മുസ്തഫ | 3250 | 08/23 To 03/24 |
| 40 | 132 | മുനീസ് | 2100 | 04/23 To 03/24 |

മൂസക്കുട്ടി സ്മാരക ബസ് സ്റ്റാൻഡ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G1 | ഉസ്മാൻ | 5681 | 03/2024 |
| 2 | G2 | ഹഫ്സത്ത് | 5681 | 08/23 To 03/24 |
| 3 | G 4 | മിൻഹജ് അലവി | 5681 | 2/2024 To 03/2024 |
| 4 | G5 | മുഹമ്മദ് സാലിഹ് | 5410 | 12/23 To 03/24 |

| | | | | |
|---|---|---|---|---|
| 5 | G7 | ഹാരിസ് മോൻ | 6005 | 1/2024 To 03/2024 |
| 6 | G9 | അബ്ദുൽ നിസാർ | 7287 | 03 /24 |
| 7 | G10 | മുഹമ്മദ് അഫ്സൽ & ഷഫീഖ് | 7287 | 11/23 To 03/24 |
| 8 | G17 | അജീഷ് | 2314*1 4859*11 | 04/23 To 03/24 |
| 9 | G18 | അബ്ദുൽ റഷീദ് | 7287 | 03/24 |
| 10 | G21 | അബ്ദുള്ള | 3470 | 04/23 To 03/24 |
| 11 | G24 | മുഹമ്മദ്കുട്ടി | 11309 | 10/23 To 03/24 |
| 12 | G28 | അനീഷ് | 4859 | 11/23 To 03/24 |
| 13 | G29 | കുഞ്ഞിമുഹമ്മദ് | 4859 | 04/23 To 03/24 |
| 14 | G30 | അൻവർ സാദത്ത് | 10848 | 03/24 |
| 15 | G31 | സൈദ് മുഹമ്മദ് | 5681 | 09/23 To 03/24 |
| 16 | G33 | അബ്ബാസ്, ഉസ്മാൻ | 5681 | 04/23 To 03/24 |

മൂസക്കുട്ടി ബസ് സ്റ്റാൻഡ് കിയോസ്ക്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | GK11 | ഉമ്മർ | 5250 | 04/23 To 03/24 |
| 2 | GK12 | മുഹമ്മദലി | 5250 | 10/23 To 03/24 |
| 3 | G K15 | അരുൺ | 3150 | 07/23 To 03/24 |

| | | | | |
|---|---|---|---|---|
| 4 | GK16 | ജാൻസുദ്ദീൻ ഫാരിസ് | 3150 | 12/23 To 03/24 |

**ടൗൺ സ്ക്വയർ കിയോസ്ക്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | GK1 | ഉസ്മാൻ | 5000 | 06/23 To 03/24 |
| 2 | GK4 | ലിജേഷ് | 3150 | 08/23 To 03/24 |
| 3 | G K5 | യഹിയ | 3000*1 3150*11 | 04/23 To 03/24 |
| 4 | GK6 | മുഹമ്മദ് ഹുസൈൻ | 3150 | 03/24 |
| 5 | GK9 | അനീഷ് കെ.പി. | 3150 | 12/23 To 03/24 |

**നെഹ്റു സ്റ്റേഡിയം കോംപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G4 | സോമശേഖരൻ പി.പി. | 3019 | 07/23 To 03/24 |
| 2 | G11 | സൈഫുന്നീസ | 3017 | 10/23 To 03/24 |
| 3 | G15 | വേലായുധൻ ടി. | 3019 | 01/24 To 03/24 |
| 4 | G16 | അൻവർ കെ.പി. | 6335 | 09/23 To 03/24 |
| 5 | G34 | ചാമി | 2607 | 01/24 To 03/24 |

2. വാടക രജിസ്റ്ററിൽ തൻവർഷം കിട്ടേണ്ട വാടകയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച്

രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ഏതാനും റൂമുകളുടെ വാടക തുക എത്രയെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. രജിസ്റ്ററുകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

5. നഗരസഭയുടെ വിവിധ ഷോപ്പിങ് കോംപ്ലക്സുകളിൽ റൂമുകൾ ഒഴിഞ്ഞു കിടക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ക്രമനമ്പർ 1 ൽ ചേർത്തിരിക്കുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 50/24.02.2025) രജിസ്റ്ററുകൾ കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രജിസ്റ്ററിൽ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തി വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നവരിൽ നിന്നും വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിലെ സ.ഉ.(അച്ചടി) നം.25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപന പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി 01.04.2023 പ്രാബല്യത്തിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റിയുടെ പരിഷ്കരിച്ച വസ്തു നികുതി ഘടന പ്രകാരം വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 80/- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ 500 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 100/- രൂപ നിരക്കിലും 500 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 110/- രൂപ നിരക്കിലും വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ്

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 70/- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 90/- രൂപ നിരക്കിലും ആണ് വസ്തു നികുതി ബാധകമാക്കിയിരുന്നത്.

താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുണ്ട്. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ അവയുടെ ഉപയോഗ ക്രമം 'വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവ' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് വസ്തു നികുതി നഷ്ടത്തിന് കാരണമായിട്ടുണ്ട്

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ.) | സഞ്ചയയിൽ രേഖപ്പെടുത്തിയയ ഉപയോഗ ക്രമം | യഥാർത്ഥ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 16/198-3 | 109.16 | വാണിജ്യാവശ്യത്തിനുള്ളവ - 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | വാണിജ്യാവശ്യത്തിനുള്ളവ - 100 ച. മീറ്ററിൻ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ |
| 2 | 16/73-1 | 166.52 | | |
| 3 | 5/497-6 | 157.57 | | |
| 4 | 19/63-1 | 270 | | |
| 5 | 27/653-1 | 403.35 | | |
| 6 | 28/18-2 | 121.65 | | |
| 7 | 30/138-1 | 109.35 | | |
| 8 | 31/995-13 | 137.54 | | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 63/2023-24 തീ. 27.02.2025) കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ഉപയോഗ ക്രമം പുനർനിർണയിച്ച് വസ്തുനികുതി കുടിശ്ശികയടക്കം ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ നമ്പറിങ് - വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിലെ സ.ഉ.(അച്ചടി) നം.25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപന

പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി 01.04.2023 പ്രാബല്യത്തിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റിയുടെ പരിഷ്കരിച്ച വസ്തു നികുതി ഘടന പ്രകാരം ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ (പണം നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ) എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് യൂണിറ്റ് തറ വിസ്തീർണ്ണത്തിന് 25/- രൂപ എന്ന നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/2023-24 തീ. 21.02.2025) മുനിസിപ്പാലിറ്റി പരിധിയിൽ താഴെ പറയുന്ന പ്രകാരം ടർഫുകൾ സ്വിമ്മിങ് പൂളുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി നൽകി.

| ക്രമ നം. | സ്ഥാപനം | എണ്ണം | വാർഡ് നം. |
|---|---|---|---|
| 1 | സ്വിമ്മിങ് പൂൾ | 2 | 7, 21 |
| 2 | ടർഫ് | 3 | 34, 34, 7 |

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ (Functionality-Wise) തിരച്ചിൽ നടത്തിയതിൽ മുനിസിപ്പാലിറ്റി പരിധിയിലെ സ്വിമ്മിങ് പൂളുകൾ, ടർഫുകൾ എന്നിവക്ക് കെട്ടിട നം. നൽകുകയോ അവയിൽ നിന്നും വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. മുനിസിപ്പൽ പരിധിയിലെ എല്ലാ സ്വിമ്മിങ് പൂളുകൾക്കും ടർഫുകൾക്കും നമ്പർ നൽകി അവയെ വസ്തു നികുതി പരിധിയിൽ കൊണ്ടു വരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടം 3(2) പ്രകാരം 300/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 100/- രൂപ ഫീസ് അടവാക്കി രജിസ്ടേഷൻ പുതുക്കേണ്ടതുമാണ്.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം/സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ലൈസൻസിയുടെ പേര് |
|---|---|---|---|---|
| 1 | സെന്റർലൈൻ ഹെൽത്ത് വെഞ്ചേഴ്സ് | 32 | - | ഹരിതാ ജി. കൃഷ്ണൻ |
| 2 | ഡെന്റൽ ക്ലിനിക് | 5 | 9 | റൂബി മോൾ |
| 3 | സ്കാനിങ് ലബോറട്ടറി | 5 | 10 | അജയ് ഘോഷ് എൻ. |
| 4 | Zain ലബോറട്ടറി | 21 | - | ഷെറീന ഷെയ്ക്ക് അഹമ്മദ് |
| 5 | അമ്മ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് | 29 | 7 | സുമേഷ് കെ.എസ്. |
| 6 | പോളിക്ലിനിക് | - | - | ഐശ്വര്യ കെ. |
| 7 | ക്ലിനിക് | 31 | 38 | ഡോ. നൈസി പി.പി. |
| 8 | അമിൻസി ഡെന്റൽ ക്ലിനിക് | 32 | - | ഷഹന ഷെറിൻ എ. |
| 9 | ഡെന്റൽ കെയർ | 31 | - | അർജുൻ വി. |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2023-24 തീ. 19.02.2025) നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങൾ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 506, 507 എന്നിവ പ്രകാരവും 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും മുനിസിപ്പാലിറ്റി പരിധിയിൽ

പ്രവർത്തിക്കുന്ന ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും അത് ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിന് മുമ്പായി മുനിസിപ്പൽ സെക്രട്ടറിക്ക് 300/- രൂപ ഫീസ് നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്.

മുനിസിപ്പാലിറ്റിയിലെ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്ററുകൾ എന്നിവ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്ററുമായി ക്രോസ് ചെക്ക് ചെയ്തതിൽ താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | എയ്സ് ട്യൂഷൻ സെന്റർ | V |
| 2 | Zain Associates ട്യൂഷൻ സെന്റർ | X |
| 3 | ഇന്നവേറ്റിവ് ലേണിങ് അക്കാദമി (ILA) | X |
| 4 | ഐ.പി.എ. അക്കൗണ്ടന്റ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് | X |
| 5 | എ.ഇ. സ്കൂൾ ഓഫ് കൊമേഴ്സ് | XXIX |
| 6 | കരിയർ പ്ലസ് | XXXI |
| 7 | എയ്സ് അക്കാദമി ഫോർ കോംപിറ്റിറ്റീവ് എക്സാംസ് | V |
| 8 | ആൽബർട്ട് ഡോക്ക് IELTS അക്കാദമി | X |
| 9 | സൈലം ട്യൂഷൻ സെന്റർ | X |
| 10 | ബ്രില്യൻസ് കോളേജ് | XXXI |
| 11 | ബൈജൂസ് ട്യൂഷൻ സെന്റർ | XXXII |
| 12 | കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് | XXXIV |
| 13 | ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവ്വീസ് | ലഭ്യമല്ല |
| 14 | ജെ.കെ. ഷാ ക്ലാസസ് | |
| 15 | POCIOLI ഗുരുകുൽ | |
| 16 | എഡ്യുക്യാമ്പസ് | |
| 17 | പ്ലാറ്റിനം അക്കാദമി പെരിന്തൽമണ്ണ | |
| 18 | ലീഗലി ലോ എൻട്രൻസ് കോച്ചിങ് സെന്റർ | |
| 19 | ആപ്റ്റ് സെന്റർ ഫോർ പി.എസ്.സി. | |

| | |
|---|---|
| 20 | എക്സീഡ് കോച്ചിങ് സെന്റർ |
| 21 | എലൈറ്റ് ട്യൂഷൻ  സെന്റർ |
| 22 | ക്യാൻഡെല ലേണിങ് സെന്റർ |
| 23 | Hyle എഡിഹൈ |

മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ ഫീസ് റസീറ്റ് അടക്കമുള്ള രേഖകൾ ഹാജരാക്കാൻ  ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/2023-24 തീ. 21.02.2025) മേൽ സ്ഥാപനങ്ങൾ നിലവിൽ രജിസ്ട്രേഷൻ ഇല്ലെന്നും രജിസ്ട്രേഷൻ എടുക്കുന്നതിനായി സ്ഥാപനങ്ങൾക്ക് സമയ പരിധി വച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ  245, 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഒരു മുനിസിപ്പൽ  പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ  അറുപത് ദിവസത്തിൽ  കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ  നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ  ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. <u>തൊഴിൽ  നികുതി രജിസ്റ്റർ  സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ</u>
    1. 2005ലെ കേരളാ മുൻസിപ്പാലിറ്റി (തൊഴിൽ  നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ  അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ  നഗരസഭയിൽ  ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ  എഴുതി സൂക്ഷിച്ചിട്ടില്ല.
    2. തൊഴിൽ  നികുതി (ജീവനക്കാർ) രജിസ്റ്ററിൽ  തൊഴിൽ  നികുതി അടവാക്കിയ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര്, ശമ്പളം തുടങ്ങിയ വിവരങ്ങൾ  ചേർത്തിട്ടില്ല. സ്ഥാപനം ആകെ അടവാക്കിയ തൊഴിൽ നികുതി തുക മാത്രമാണ് ചേർത്തിട്ടുള്ളത്.

3. തൊഴിൽ നികുതി രജിസ്റ്ററുകളിൽ നികുതി വരവിന്റെ വാർഷിക സംഗ്രഹം ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. തൊഴിൽ നികുതി (വ്യാപാരികൾ) രജിസ്റ്ററിൽ നികുതി ഒടുക്കിയതിന്റെ രശീതി നമ്പർ, തീയതി എന്നിവ രജിസ്റ്ററിൽ ചേർക്കാത്തതിനാൽ ഒടുക്കിയ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതുമൂലം വ്യാപാരികൾ ഇരു അർദ്ധ വർഷങ്ങളിലും നികുതി അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല.

5. 2005ലെ കേരളാ മുൻസിപ്പാലിറ്റി **(തൊഴിൽ നികുതി) ചട്ടങ്ങളിലെ** ചട്ടം 9 പ്രകാരം, സെക്രട്ടറി, ഓരോ അർദ്ധ വർഷവും മുനിസിപ്പാലിറ്റി പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളോട് ആ സ്ഥാപനത്തിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്താനും ആയത് ഫോം നം. VII ലുള്ള പ്രസ്താവനയോട് കൂടി അടക്കാനും ആവശ്യപ്പെടണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിലെ വളരെ ചുരുങ്ങിയ എണ്ണം സ്ഥാപനങ്ങളുടെ പ്രസ്താവനകൾ മാത്രമേ മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നുള്ളൂ എന്ന് ബോധ്യപ്പെട്ടു.

2. <u>തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു</u>

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങൾ വിവിധ അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കാത്തതായി കാണപ്പെട്ടു.

1. ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** |
|---|---|
| 1 | ബിബാ ഫാഷൻ ലിമിറ്റഡ് |
| 2 | കെ. ആർ. എസ്. പ്രൈവറ്റ് ലിമിറ്റഡ് |
| 3 | എയറോ ക്ലബ് വുഡ്‌ലാന്റ് സ്റ്റോർ |
| 4 | ചേതന ഫാർമസ്യൂട്ടിക്കൽസ് |
| 5 | ഡോ. സലീം സെന്റർ ഫോർ ന്യൂറോ |
| 6 | ഹെയർഷിപ്പ് ഗ്രൂമിങ് സൊല്യൂഷൻസ് |
| 7 | ലേ മലബാർ ഹോട്ടൽ |
| 8 | റൊമാൻസിയ റെസ്റ്റോറന്റ് |
| 9 | ലീ സ്പാ ബ്യൂട്ടി സലൂൺ |
| | |

| | |
|---|---|
| 10 | ഓംകാർ റെസ്റ്റോറെന്റ് |
| 11 | അഞ്ചൽ ഹൗസിങ് കെയർ |
| 12 | മെഡ്‌വേയ് ഇൻസ്റ്റിറ്റ്യൂട്ട് & എഡ്യൂക്കേഷണൽ കൺസൽട്ടെൻസി (ന്യൂ) |
| 13 | ഒലീവ് റെസ്റ്റോറന്റ് |
| 14 | കാന്റോ ഫിൽസ് കഫേ |
| 15 | മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 16 | ന്യൂഡെർമ ക്ലിനിക് |
| 17 | എംഇഎസ് വിമെൻസ് കോളേജ് |
| 18 | എസ് എ പി അക്കൗണ്ട് സൊല്യൂഷൻസ് |
| 19 | വെൽകെയർ ലബോറട്ടറി |
| 20 | കെ.ടി.ബി. ഹെൽത്ത് കെയർ എൽ എൽ പി |
| 21 | മിത്ര ഹോമിയോ ക്ലിനിക് |
| 22 | ഡോ. റോന്റ്ജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസ് |
| 23 | വേ റ്റു നികാഹ് |
| 24 | പാത്ത് ഗയ്ഡൻസ് അക്കാദമി |
| 25 | ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്ക് |
| 26 | ലോജിക് സ്കൂൾ ഓഫ് മാനേജ്മെന്റ് |
| 27 | ഐ ടി ഐ ഫിനാൻസ് ലിമിറ്റഡ് |
| 28 | ഹോട്ടൽ സരോജ് വെജിറ്റേറിയൻ |
| 29 | വിസ്മയ സിൽക്സ് |
| 30 | ഇ മോട്ടോ മൊബൈൽസ് |
| 31 | സൈലം ലേണിങ് ആപ്പ് |
| 32 | അബേറ്റ് ഐ ഹോസ്പിറ്റൽ |
| 33 | NPMEDഹെൽത്ത് കെയർ എൽ എൽ പി (ന്യൂ) |
| 34 | സി ടി ഐ ടെക്നിക്കൽ കോളേജ് |

| | |
|---|---|
| 35 | ഡോക്ടേഴ്സ് ക്ലിനിക് ഡയഗ്നോസ്റ്റിക് ലാബ് |
| 36 | ഹൈവേ സൂപ്പർമാർക്കറ്റ് |
| 37 | ഫ്യൂജി സ്റ്റാർ പ്രൈവറ്റ് ലിമിറ്റഡ് |
| 38 | ഡിജിറ്റൽ വേൾഡ് |
| 39 | നന്ദിനി കഫേ |
| 40 | സെൽടെൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൊബൈൽ ഫോൺ ടെക്നോളജി |
| 41 | പ്രതിഭാ കോളേജ് |
| 42 | ആർ എം സി ഡിസ്റ്റന്റ് എജ്യുക്കേഷൻ സെന്റർ |
| 43 | ആർ ബി ജി ഫിനാൻഷ്യൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് |
| 44 | റോയൽ പ്ലാസാ റെസിഡൻസി & ഓഡിറ്റോറിയം |
| 45 | സ്റ്റഡി ലിങ്ക് എജ്യുക്കേഷൻ കൺസൾട്ടൻസി |
| 46 | യൂണികെയർ സ്പെഷ്യാലിറ്റി ഡെന്റൽ കെയർ |
| 47 | വിക്റ്ററി മെഡിക്കൽസ് & വിക്റ്ററി ലബോറട്ടറി |
| 48 | ഫർസാൻ വെൽനസ് പ്രൈവറ്റ് ലിമിറ്റഡ് |
| 49 | സീനത്ത് പ്ലാനെറ്റ് |
| 50 | എഡി ഹൈപ്പർമാർക്കറ്റ് |
| 51 | എജ്യുഡെമി ഡിജിറ്റൽ മാർക്കറ്റിങ് അക്കാദമി |
| 52 | റീഗാലിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി |
| 53 | ഗ്രേഡ് അക്കാദമി പെരിന്തൽമണ്ണ |
| 54 | ലക്ഷ്മി ബാങ്കേഴ്സ് |
| 55 | എ.ആർ. ഡൈൻ ഫാമിലി റെസ്റ്റോറെന്റ് |
| 56 | ഗസല റെസ്റ്റോറെന്റ് |
| 57 | റോയൽ പാലസ് ഹോട്ടൽ |
| 58 | കെ പി സെയ്ൽസ് കോ-ഓപ്പറേറ്റീവ് ഹാർഡ്വെയർ ഷോപ്പ് |
| 59 | മോഡേൺ ഡിസ്ട്രിബ്യൂഷൻസ് |

| | |
|---|---|
| 60 | നാഷണൽ അർബൻ ഹെൽത്ത് കെയർ |
| 61 | എം ഇ എസ് എം സി സി സെൻട്രൽ സ്കൂൾ |
| 62 | ആയുർമായാ സിദ്ധ & ആയുർവ്വേദ ഹോസ്പിറ്റൽ |
| 63 | കുന്നപ്പള്ളി ഹാർഡ്വെയർ ഇലക്ട്രോണിക്സ് |
| 64 | എസ് അബ്ദുൾ റസാഖ് & കോ. |
| 65 | ഭാരത് മാർക്കറ്റിങ് |
| 66 | അമാന പെയ്ന്റ്സ് |
| 67 | സഹൃദയ സൂപ്പർമാർക്കറ്റ് |
| 68 | ആര്യ മെഡിക്കൽ ഏജൻസീസ് |
| 69 | പതത്ത് ഹാർഡ്വെയർ |
| 70 | ദി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് മാർക്കറ്റിങ് ഫെഡറേഷൻ |
| 71 | സെവൻ ഡേ സൂപ്പർമാർക്കറ്റ് |
| 72 | ശ്രേയാസ് ലാബ് |
| 73 | ഡി വൈ റബ്ബർ പ്രോഡക്ഷൻ |
| 74 | ഹോട്ടൽ സബ്രിന റെസ്റ്റോറന്റ് |
| 75 | താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ് |
| 76 | നഹ്ദി കുഴിമന്തി |
| 77 | പി.കെ.എം. ടെക്സ്റ്റൈൽസ് |
| 78 | എ.ആർ. ഈശ്വര ഐയ്യർ & സൺസ് എച്ച് പി പെട്രോൾ പമ്പ് |
| 79 | പെരിന്തൽമണ്ണ പെൻഷനേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി |
| 80 | ഷാജഹാൻ ഹോം അപ്ലയൻസസ് |
| 81 | സപ്ലൈകോ പെരിന്തൽമണ്ണ |
| 82 | ബ്രില്യൻസ് കോളേജ് |
| 83 | പെർഫെക്ട് കംപ്യൂട്ടർ സെന്റർ |
| 84 | യൂറോ ഗൾഫ് |

| | |
|---|---|
| 85 | ഏഷ്യൻ ടൈൽസ് |
| 86 | പോപ്പുലർ ഗോൾഡ് & ഡയമണ്ട് എൽ.എൽ.പി. |
| 87 | പെരിന്തൽമണ്ണ നഴ്സിങ് ഹോം |
| 88 | എ ആർ എം സി ഏജിസ് ഹോസ്പിറ്റൽ |
| 89 | കെ.എഫ്.സി. പെരിന്തൽമണ്ണ |
| 90 | ഹിൽട്ടൺ ഹോട്ടൽ |
| 91 | ഡേ ടു ഡേ സൂപ്പർമാർക്കറ്റ് |
| 92 | ഭാരത് പെട്രോളിയം |
| 93 | റിറ്റ്സ് ട്രാവൽ & ടൂർസ് |
| 94 | 3G മൊബൈൽ വേൾഡ് |
| 95 | ബ്യൂട്ടിമാർക്ക് ഗോൾഡ് |
| 96 | മോഡേൺ ഫാർമ |
| 97 | ബൈജുസ് ട്യൂഷൻ സെന്റർ |
| 98 | സെൽകോം ഡെന്റൽ സ്റ്റഡീസ് |

2. രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവ്വീസ് |
| 2 | കേക്ക് ലേയ്ക്സ് പെരിന്തൽമണ്ണ |
| 3 | ബ്രൈഡൽ റെന്റൽ സ്റ്റോർ |
| 4 | റീഗൽ റെസിഡൻസി |
| 5 | ടി കെ എം ടി എ |
| 6 | അമിഗോ പ്ലേയിംസ് |
| 7 | ലെ മലബാർ ഹോട്ടൽ |
| 8 | റൊമാൻസിയ റെസ്റ്റോറന്റ് |

| | |
|---|---|
| 9 | ഗസ്റ്റോസ്കോ റെസ്റ്റോറന്റ് |
| 10 | പസിഫിക് അഗ്രോടെക് |
| 11 | ഓംകാർ റെസ്റ്റോറെന്റ് |
| 12 | ഡിവൈഎസ്പി ഓഫീസ് |
| 13 | ഇമേജ് കളർ ലാബ് |
| 14 | മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 15 | എംഇഎസ് വിമെൻസ് കോളേജ് |
| 16 | വെൽകെയർ ലബോറട്ടറി |
| 17 | മിത്ര ഹോമിയോ ക്ലിനിക് |
| 18 | ഡോ. റോന്റ്ജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസ് |
| 19 | ഹോട്ടൽ സരോജ് വെജിറ്റേറിയൻ |
| 20 | ഇ മോട്ടോ മൊബൈൽസ് |
| 21 | ഹൈവേ സൂപ്പർമാർക്കറ്റ് |
| 22 | പ്രതിഭാ കോളേജ് |
| 23 | ആർ എം സി ഡിസ്റ്റന്റ് എജ്യുക്കേഷൻ സെന്റർ |
| 24 | ആർ ബി ജി ഫിനാൻഷ്യൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് |
| 25 | റോയൽ പ്ലാസാ റെസിഡൻസി & ഓഡിറ്റോറിയം |
| 26 | സ്റ്റഡി ലിങ്ക് എജ്യുക്കേഷൻ കൺസൾട്ടൻസി |
| 27 | യൂണികെയർ സ്പെഷ്യാലിറ്റി ഡെന്റൽ കെയർ |
| 28 | വിക്റ്ററി മെഡിക്കൽസ് & വിക്റ്ററി ലബോറട്ടറി |
| 29 | സീനത്ത് പ്ലാനെറ്റ് |
| 30 | എഡി ഹൈപ്പർമാർക്കറ്റ് |
| 31 | എജ്യുഡെമി ഡിജിറ്റൽ മാർക്കറ്റിങ് അക്കാദമി |
| 32 | റീഗാലിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി |
| 33 | ഗ്രേഡ് അക്കാദമി പെരിന്തൽമണ്ണ |

| | |
|---|---|
| 34 | ലക്ഷ്മി ബാങ്കേഴ്സ് |
| 35 | എ.ആർ. ഡൈൻ ഫാമിലി റെസ്റ്റോറെന്റ് |
| 36 | ഗസല റെസ്റ്റോറെന്റ് |
| 37 | റോയൽ പാലസ് ഹോട്ടൽ |
| 38 | കെ പി സെയ്ൽസ് കോ-ഓപ്പറേറ്റിവ് ഹാർഡ്‌വെയർ ഷോപ്പ് |
| 39 | കുന്നപ്പള്ളി ഹാർഡ്‌വെയർ ഇലക്ട്രോണിക്സ് |
| 40 | എസ് അബ്ദുൾ റസാഖ് & കോ. |
| 41 | പി.എം.എസ്. പെട്രോളിയം |
| 42 | ഭാരത് മാർക്കറ്റിങ് |
| 43 | അമാന പെയ്ന്റ്സ് |
| 44 | ആര്യ മെഡിക്കൽ ഏജൻസീസ് |
| 45 | ക്രിസ്റ്റൽ ഗ്യാസ് ഏജൻസി |
| 46 | പതത്ത് ഹാർഡ്‌വെയർ |
| 47 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് |
| 48 | അസി. എഞ്ചിനീയർസ് (സബ് ഡിവിഷൻ ബ്ലോക്ക്) |
| 49 | വി കെ കൃഷ്ണമേനോൻ ലൈബ്രറി |
| 50 | സുനിൽ കുമാർ & കോ. ചാർട്ടേഡ് അക്കൗണ്ടന്റ്സ് |
| 51 | താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ് |
| 52 | നഹ്ദി കുഴിമന്തി |
| 53 | പി.കെ.എം. ടെക്സ്റ്റൈൽസ് |
| 54 | എ.ആർ. ഈശ്വര ഐയ്യർ & സൺസ് എച്ച് പി പെട്രോൾ പമ്പ് |
| 55 | ബ്രില്യൻസ് കോളേജ് |
| 56 | പെർഫെക്ട് കംപ്യൂട്ടർ സെന്റർ |
| 57 | യൂറോ ഗൾഫ് |
| 58 | ഏഷ്യൻ ടൈൽസ് |

| | |
|---|---|
| 59 | പോപ്പുലർ ഗോൾഡ് & ഡയമണ്ട് എൽ.എൽ.പി. |
| 60 | എ ആർ എം സി എജിസ് ഹോസ്പിറ്റൽ |
| 61 | കെ.എഫ്.സി. പെരിന്തൽമണ്ണ |
| 62 | ഭാരത് പെട്രോളിയം |
| 63 | റിറ്റ്സ് ട്രാവൽ & ടൂർസ് |
| 64 | 3G മൊബൈൽ വേൾഡ് |
| 65 | ബ്യൂട്ടിമാർക്ക് ഗോൾഡ് |
| 66 | മോഡേൺ ഫാർമ |
| 67 | ഇന്ത്യൻ കോഫി ഹൗസ് |
| 68 | ബൈജുസ് ട്യൂഷൻ സെന്റർ |
| 69 | മോഡേൺ ഡിസ്ട്രിബ്യൂഷൻസ് |
| 70 | ഡോ. സലീം സെന്റർ ഫോർ ന്യൂറോ |
| 71 | വയോ മിത്രം പ്രോജക്ട് |
| 72 | കുടുംബശ്രീ സിഡിഎസ് |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/2023-24 തീ. 20.02.2025) നൽകിയ മറുപടിയിൽ വിവിധ സ്ഥാപനങ്ങൾ അടവാക്കിയ തൊഴിൽ നികുതി റസീപ്റ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിരുന്നു. അതിൽപ്പെടാത്ത സ്ഥാപനങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കുന്ന മുറക്ക് അതുമായി ബന്ധപ്പെട്ട റസീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 സിനിമ തീയേറ്ററിൽ നിന്ന് സെസ് ഈടാക്കിയില്ല

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് നിയമത്തിലെ വകുപ്പ് 3സിയിൽ (2013 ലെ ഭേദഗതി പ്രകാരം കൂട്ടി ചേർത്തത്) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സിനിമ തിയേറ്ററുകളും 25 രൂപയ്ക്ക് മുകളിൽ വിലയുള്ള ഓരോ ടിക്കറ്റിനൊപ്പവും 3 രൂപ വീതം കേരള കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ടിന്റെ ആവശ്യത്തിന് സെസ് ആയി പിരിക്കുകയും ആയത് മാസാന്ത്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടവാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ അടവാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചിത സമയ പരിധിക്കുള്ളിൽ കേരള

കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ടിന് കൈമാറേണ്ടതും നിശ്ചിത സമയ പരിധിക്കുള്ളിൽ കൈമാറാൻ സാധിക്കാതെ വന്നാൽ മാസത്തിൽ 1.5% എന്ന നിരക്കിൽ പിഴ പലിശ നൽകേണ്ടതും ആണ്.

2023-24 സാമ്പത്തിക വർഷത്തിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിച്ചിരുന്ന പ്ലാസ സിനിമാസ്-പെരിന്തൽമണ്ണ എന്ന സിനിമ തീയേറ്റർ മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ച റിട്ടേണുകൾ പരിശോധിച്ചതിൽ അവ വിൽക്കുന്ന ടിക്കറ്റുകളിന്മേൽ 3/- രൂപ സെസ് ഈടാക്കുകയോ, അത്തരത്തിലുള്ള സെസ് മുനിസിപ്പാലിറ്റിയിൽ അടവാക്കുകയോ ചെയ്തിട്ടില്ല.

2023-24 സാമ്പത്തിക വർഷം പ്രസ്തുത തീയേറ്റർ വിറ്റ ടിക്കറ്റുകളുടെ എണ്ണം, ടിക്കറ്റ് നിരക്ക്, ഈടാക്കേണ്ടിയിരുന്ന സെസ് തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു

| **സ്ഥാപനത്തിന്റെ പേര്** | **സാമ്പത്തിക വർഷത്തിൽ വിറ്റ ടിക്കറ്റുകളുടെ എണ്ണം (A)** | **ടിക്കറ്റ് നിരക്ക് (₹) (B)** | | **ഈടാക്കേണ്ടിയിരുന്ന സെസ് @ ₹3/ടിക്കറ്റ് (₹) (C=A*3)** |
|---|---|---|---|---|
| പ്ലാസ സിനിമാസ്-പെരിന്തൽമണ്ണ* | 149177 | എക്സിക്യൂട്ടീവ് | 115 | 447531 |
| | | പ്ലാറ്റിനം | 105 | |

*പ്രസ്തുത തീയേറ്ററിന്റെ 2023 ഏപ്രിൽ മുതൽ 2023 നവംബർ വരെയുള്ള മാസങ്ങളിലെ റിട്ടേണുകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടൊള്ളൂ. ആയതിനാൽ അക്കാലയളവിൽ വിറ്റ ടിക്കറ്റുകളുടെ എണ്ണവും ആ ടിക്കറ്റുകളിന്മേൽ ഈടാക്കേണ്ടിയിരുന്ന സെസിന്റെയും വിവരങ്ങൾ മാത്രമേ പട്ടികയിൽ ചേർത്തിട്ടുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/2023-24 തീ. 22.02.2025) നൽകിയ മറുപടിയിൽ പ്ലാസ സിനിമാസുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്കുള്ള മറുപടി ഉൾപ്പെട്ടിട്ടില്ല.തീയേറ്ററിന്റെ ടിക്കറ്റ് നിരക്ക് 25/- രൂപക്ക് മുകളിൽ ആയതിനാൽ, ഓരോ ടിക്കറ്റിലും 3/- രൂപ വെച്ച് ആകെ 22,83,297/- രൂപ സെസ് ആയി പിരിക്കുകയും ആയത് മുനിസിപ്പാലിറ്റി മുഖേന കേരള കൾച്ചറൽ ആക്ടിവിസ്റ്റ്സ് വെൽഫേയൽ ഫണ്ട് ബോർഡിന് കൈമാറേണ്ടതുമായിരുന്നു. എന്നാൽ അത്തരത്തിൽ സെസ് ഈടാക്കി ബോർഡിന് കൈമാറിയിട്ടില്ല. തീയേറ്റർ 2023 ഡിസംബർ മുതൽ 2024 മാർച്ച് വരെയുള്ള മാസങ്ങളിൽ വിറ്റ ടിക്കറ്റുകളെ എണ്ണം, നിരക്ക് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയേറ്റർ സെസ് നേരിട്ട് കേരള കൾച്ചറൽ ആക്ടിവിസ്റ്റ്സ് വെൽഫെയർ ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കൈമാറിയിട്ടില്ലെങ്കിൽ ആയത് തീയേറ്ററിൽ നിന്ന് ഈടാക്കി ബോർഡിന് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-21 കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിഗണിക്കാതെ ലൈസൻസ് നൽകി - നികുതി നഷ്ടം

2023-24 വർഷത്തെ IFTE&OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങൾക്ക് അവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം പരിഗണിക്കാതെ ലൈസൻസ് നൽകിയതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിടത്തിന്റെ തരം | ലൈസൻസ് രജിസ്റ്റർ പേജ് നം. | ലൈസൻസിയുടെ പേര് |
|---|---|---|---|---|---|
| 1 | 31 | 1242 | പാർപ്പിടാവശ്യം | Vol (II) - 17 | മുഹമ്മദ് അബ്ദുറഹിമാൻ |
| 3 | | 1434 | | Vol (II) - 28 | വർഗീസ് വി.എസ്. |
| 4 | | 1592 | | Vol (II) - 44 | ഛായ ആനന്ദ്മാലി |
| 7 | 32 | 206 | | Vol (I) - 8 | രാജേഷ് പി. |
| 8 | | 307 | | Vol (I) - 17 | നിഖിൽ കെ.പി. |
| 9 | 27 | 637 | | Vol (II) - 7 | മുംതാസ് |

അപാകം ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2023-24 തീ. 19.02.2025) നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽപട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ചില കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെടുകയും പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്ന സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം പുനർനിശ്ചയിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം അത് വസ്തു നികുതി നഷ്ടത്തിന് കാരണമാകുന്നു. മുനിസിപ്പാലിറ്റിയിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ശരിയായ ഉപയോഗ ക്രമം രേഖപ്പെടുത്തിയ കെട്ടിടങ്ങളിലാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-22 എസ്.എസ്.കെ വിഹിതം അനുവദിക്കൽ - പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ. | 2/24 | 3/24 |
|---|---|---|

| പ്രൊജക്ടിന്റെ പേര്. | എസ്.എസ്.കെ വിഹിതം അടവാക്കൽ. | എസ്.എസ്.കെ വിഹിതം അടവാക്കൽ (എസ്.സി.പി). |
|---|---|---|
| അടങ്കൽ തുക. | 18,04,585/- രൂപ (വികസന ഫണ്ട് - ജനറൽ) | 10,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക. | 18,04,585/- രൂപ. | 10,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി. | 231503470005003198l7/14.07.2023 | 23150347000500319823/14.07.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. | |
| ഫയൽ നമ്പർ. | PC1-9836/2018. | |

മേൽ പദ്ധതി പ്രകാരം 28,04,585/- രൂപ എസ്.എസ്.കെ വിഹിതം ഇനത്തിൽ സമഗ്ര ശിക്ഷാ കേരള സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (GO(MS) 84/2022/LSGD Dt: 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ ചേർക്കുന്നു.

1). എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)

2). തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം (Utilization Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പദ്ധതിയുടെ നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

.പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

.പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടില്ല.

.ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചിട്ടില്ല.

.വികസന പദ്ധതികളിൽ നഗരസഭ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

.മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.
ഫയലിൽ സൂക്ഷിച്ചിട്ടുള്ള 18.06.2024 ലെ A-1646/23/SSK നമ്പർ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതല്ല. അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ. 3/14.02.2025) ഓരോ സ്കൂളിലും എസ്.എസ്.കെ വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## **1-23 വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ - ചെലവഴിക്കാത്ത വികസന ഫണ്ട് - കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.**

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 430/23 |
| പേര് | : | വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 12,61,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് (₹) | : | 9,50,000/- |
| ബിൽ നമ്പർ / തീയതി. | : | 22150347000501388646തീയതി.16.03.2023 |

| ഫയൽ നമ്പർ. | : PW2-1555/2023. |
|---|---|

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ' എന്ന പദ്ധതിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 9,50,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെലവഴിക്കാതെ അവശേഷിച്ച തുക നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ട്രഷറിയിൽ ഒടുക്കാതെ നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര്. | അനുവദിച്ച തുക. | വിനിയോഗിച്ച തുക. | നഗരസഭയിൽ തിരിച്ചടച്ച തുക. | രശീതി നമ്പർ/ തീയതി. |
|---|---|---|---|---|---|
| 1 | വായനശാല കോളനി - വാർഡ് 21. | 3,10,000/- രൂപ. | 2,28,923/- രൂപ. | 81,077/- രൂപ. | 123010500710 / 06.12.2023. |
| 2 | മേലേ വെട്ടികോളനി - വാർഡ് 16. | 4,00,000/- രൂപ. | 3,36,601/- രൂപ. | 63,399/- രൂപ. | 123010500711 / 06.12.2023. |
| 3 | പാറക്കത്തോട് കോളനി - വാർഡ് 13. | 2,40,000/- രൂപ. | 1,53,814/- രൂപ. | 86,186/- രൂപ. | 123010500709 / 06.12.2023. |
| ആകെ. | | 9,50,000/- രൂപ. | 7,19,338/- രൂപ. | 2,30,662/- രൂപ. | |

06.12.2023 ൽ നഗരസഭയിൽ ലഭ്യമായ 2,30,662/- രൂപ കൺസോളിഡേറ്റഡ്/PFMS അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനായി ഫയൽ ഓർഡർ ആയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഈ തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 3604-00-911-99 ROP എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി ചലാൻ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 05/14.02.2025 – 15.02.2025 ന് തുക അടവാക്കി ചലാൻ ഹാജരാക്കുന്നതാണ് എന്ന്

മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.)

## 1-24 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ - സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു ഫർണിച്ചറുകൾ വാങ്ങി.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 226/24 |
| പ്രൊജക്ടിന്റെ പേര്. | അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ. |
| അടങ്കൽ തുക. | 45,00,000/- രൂപ. (ഹെൽത്ത് ഗ്രാന്റ്). |
| ചെലവഴിച്ച തുക. | 24,90,136/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

കേരള സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 2023-24 സാമ്പത്തിക വർഷത്തേക്ക് ബാധകമാക്കി 24.02.2023 തീയതിയിൽ GO(Rt.)No.20/2023/SPD നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

2023-24 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ "അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചറുകൾ (Inv.No.MPM 172/01.02.2023) വാങ്ങിയതിന് 10,27,588/- രൂപ 26.07.2023 ലെ പേയ്മെന്റ് വൗച്ചർ നമ്പർ.C072338231907 പ്രകാരം ARTCO

യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 5,56,405/- രൂപ വില വരുന്ന താഴെ പറയുന്ന ഇനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല.

| ക്രമ നമ്പർ. | സാധനം. | വാങ്ങിയ അളവ്. | നികുതി ഉൾപ്പെടെ ആകെ വില. |
|---|---|---|---|
| 1 | Plastic Chair Armed. | 60 Nos. | 48,144.00 |
| 2 | Dressing Table 72 X 30 X 32 Powder Coated. | 3 Nos. | 29,913.00 |
| 3 | Executive High Back Revolving Cushion Seat And Back. | 6 Nos. | 75,614.00 |
| 4 | Modular Rack For Pharmacy – 6 FT X 3 FT X 1 FT – Combination Bins. | 3 Nos. | 2,01,426.00 |
| 5 | Pharmacy Chair. | 3 Nos. | 17,169.00 |
| 6 | Multi Purpose Stool Stand Full Stainless Steel 30 Cm X 30 Cm (Square Top X 50 Cm H) | 9 Nos. | 33,495.00 |
| 7 | Pillow. | 3 Nos. | 1,204.00 |
| 8 | Steel Almirah – Steel Cabinet With 4 Fixed Shelves – 200 X 90 X 48cm. | 9 Nos. | 1,03,173.00 |
| 9 | Pharmacy Dispensing Table – 72 X 30 X 36. | 3 Nos. | 32,426.00 |
| 10 | Hospital Mattress. | 3 Nos. | 13,841.00 |
| ആകെ. | | | 5,56,405.00 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നമ്പർ. 59/25.02.2025) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ GO(Rt) No.19/2009/SPD Dt: 23.03.2009, GO(Rt) No.04/2011/SPD Dt: 17.01.2021 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും, പബ്ലിക് സെക്ടർ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും തടി കൊണ്ടുള്ള ഫർണിച്ചറുകൾ, സ്റ്റീൽ ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ ആർട്ട്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവൽ 57 (A)(11) പ്രകാരം ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. 07.03.2024 ലെ GO(Rt) No.30/2024/SPD നമ്പർ ഉത്തരവിന്റെ പകർപ്പും മറുപടിയോടൊപ്പം ലഭ്യമാക്കി. ഈ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം, ഉത്തരവിലെ അനുബന്ധത്തിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ മറുപടി

ഓഡിറ്റ് അംഗീകരിക്കുന്നില്ല. പട്ടിക പ്രകാരമുള്ള ഫർണിച്ചറുകൾ/ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. 5,56,405/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-25 വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ - ഡെപ്പോസിറ്റ് തുക - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമായില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 185/24 |
| പേര് | : വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി. |
| അടങ്കൽ തുക (₹) | : 3,11,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് (₹) | : 2,70,000/- |
| ബിൽ നമ്പർ / തീയതി. | : 23150347000500301070തീയതി.11.07.2023 - 2,70,000/- രൂപ. |
| ഫയൽ നമ്പർ | : PW2-1555/2023. |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'വിവിധ കോളനികളിലേക്ക് കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ നീട്ടൽ' എന്ന പദ്ധതിയുടെ ഭാഗമായി ദേവസ്വം പറമ്പ് കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 2,70,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,70,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 01/14.02.2025)

## 1-26 വീട് വാസയോഗ്യമാക്കൽ-അപാകതകൾ

പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ - ജനറൽ

നം : 209/2024

അടങ്കൽ - 1712500(വികസനഫണ്ട്- ജനറൽ)
ചെലവ് – 462500 രൂപ

BRN : 231503470008001981 80/14-06-2023 : 225000(12500* 18)

BRN : 231503470008001981 84/14-06-2023 :50000(12500*4)

BRN : 231503470008008094 08/18-11-2023 :187500(12500*15)

പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും ആകെ 25,000 രൂപ വീതം നൽകാനാണ് പദ്ധതിയിട്ടത്. തൻവർഷം ആകെയുള്ള 37 ഗുണഭോക്താക്കൾക്ക് 12500 രൂപ നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ കണ്ടു.

1. ജി.ഒ (എം.എസ്)നം. 115/2022/LSGD/28-05-2022 ഖണ്ഡിക 6(7)(4) പ്രകാരം ഈ ഇനത്തിന് ജനറൽ വിഭാഗങ്ങൾക്ക് നൽകാവുന്ന തുക 1,00,000രൂപയാണ്.
എന്നാൽ 25000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം നൽകിയിട്ടില്ല എന്ന് കാണുന്നു.
2. ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 മേൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റ് ഓവർസിയർ അംഗീകരിച്ചതായി കാണുന്നില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 18/20.2.25 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1 പദ്ധതിയുടെ ആനുകൂല്യം കൂടുതൽ വ്യക്തികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് 25,000 രൂപ കൗൺസിൽ തീരുമാന പ്രകാരം ആനുകൂല്യം നിശ്ചയിച്ചത്.

2 ബന്ധപ്പെട്ട ഓവർസിയർ എസ്റ്റിമേറ്റ് പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിവിധ ഗഡുക്കൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിക്കുന്നതാണ്.
ഓവർസിയറുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം ഓഡിറ്റിന്

ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് അവരുടെ എസ്റ്റിമേറ്റിന് അനുസരിച്ചുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ച തുകയിൽ അധികമാവാതെ ഓവർസിയറുടെ മൂല്യനിർണ്ണയത്തിന് അനുസരിച്ചുള്ള തുക ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പെൻഷൻ ഫണ്ട് - അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. ഇതേ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി, ട്രഷറിയിലോ ദേശസാത്കൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യങ്ങൾക്ക് വേണ്ടി 9 ാം ചട്ടത്തിലെ മൂന്നും നാലും ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതുമാണ്. 03/05/1997 ലെ ജി.ഒ.(പി)96/97/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം റെഗുലർ ജീവനക്കാർക്കും കണ്ടിജന്റ് ജീവനക്കാർക്കും പ്രത്യേകം പെൻഷൻ ഫണ്ട് അക്കൗണ്ടുകൾ ട്രഷറിയിൽ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

നഗരസഭയിലെ മുനിസിപ്പൽ പെൻഷൻ ഫണ്ടിനെ സംബന്ധിച്ച് താഴെ കൊടുത്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

1. നഗരസഭയുടെ റഗുലർ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിന് ആരംഭിച്ചിട്ടുള്ള അക്കൗണ്ട് വിവരം, 2023-24 ലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ്.

2. 2024 മാർച്ച് 31 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള തുക സംബന്ധിച്ച് എൽ.എസ്.ജി.ഡി അർബൻ ഡയറക്ടറുടെ കത്ത്

3. 2023-24 വർഷം റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയ തുക, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമായ തുക , നഗരസഭ പെൻഷൻ ഇനത്തിൽ ഓഡിറ്റ് വർഷം ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നഗരസഭ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | റെഗുലർ | കണ്ടിജന്റ് |
|---|---|---|---|

| നമ്പർ | | വിഭാഗം | വിഭാഗം |
|---|---|---|---|
| | | 2023-24 | 2023-24 |
| 1 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയ തുക | 1369570 | 0 |
| 2 | പെൻഷൻ, മറ്റു ആനുകൂല്യങ്ങൾ ഇനത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ചെലവായ തുക | 7861944 | 5254676 |
| 3 | CVPതിരിച്ചടവ് | 656561 | 779231 |
| 4 | മുനിസിപ്പൽ ഫണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വരവു വന്ന തുക | 0 | 0 |

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെരിന്തൽമണ്ണ ശാഖയിൽ 57065242137 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ നഗരകാര്യ ഡയറക്ടറിൽ നിന്നും മുൻസിപ്പൽ പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭക്ക് തുകകളൊന്നും ലഭിച്ചിട്ടില്ല.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്ന തുക ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (10/18.2.25) മറുപടി നൽകിയിട്ടുണ്ട്. മുനിസിപ്പൽ ഫണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 വർക്കിംഗ് ഗ്രൂപ്പ് - അപാകതകൾ

സ.ഉ.(കൈ) നം.86/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 - ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ

യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

2023-24 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 3 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്.(6.11.23,26.12.23,16.1.24) നഗരസഭയുടെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1 വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ കാര്യമായി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. 1 വനിതാ വികസനം (10.8.23 തിയതിയിലും) 2പട്ടികജാതി വികസനം, 3 ആരോഗ്യം ,4 ദാരിദ്ര്യ ലഘൂകരണം ചേരിവികസനം ,5 പ്രാദേശിക സാമ്പത്തിക വികസനം ,6 പൊതുഭരണം ധനകാര്യം,7 വിദ്യാഭ്യാസം,കല,സംസ്ക്കാരം ,കായികം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പുകൾ 6.11.23 ന് യോഗം ചേർന്നുവെങ്കിലും ഒരു തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകളിൽ നിലവിലെ അവസ്ഥ വിശകലനം ചെയ്യുകയും ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2 വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത്.

ഉദാ. 1 പ്രാദേശിക സാമ്പത്തിക വികസനം , 2 പൊതുമരാമത്ത് ഊർജം,3 വിദ്യഭ്യാസം ,കല സംസ്ക്കാരം ,കായികം ,യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പുകളിൽ 6.11.23 ലെ യോഗത്തിൽ മൂന്നംഗങ്ങൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

3 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

ബഹുഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളും ക്ലോസ് ചെയ്തിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും പദ്ധതികളുടെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി

യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്റർ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു.നിർവഹണ ഉദ്യോഗസ്ഥർ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പരിശോധനക്ക് ഹാജരാക്കുന്നതായി കാണുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.മേൽ വിഷയം സംബന്ധിച്ച് നമ്പർ 19 /20.2.25 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

2 വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതാണ്.

3 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ യഥാസമയം ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്

4 മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. തുടർന്നുള്ള ഓഡിറ്റിൽ വിലയിരുത്തുന്നതുമാണ്.

## 1-29 മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിക്ക് അധിക നിരക്കിൽ തുക നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയിൽ ഡ്രൈനേജ് പ്രവൃത്തിക്ക് വേണ്ടി 1 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ DSR Code 2.8.1 Specification പ്രകാരമുള്ള നിരക്കാണ് ഇത്തരത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുവദിക്കുന്നത്. റോഡ് പ്രവൃത്തികൾ MoRD Specification പ്രകാരമാണ് ചെയ്യേണ്ടതെന്നതിനാൽ ഇവിടെ DSR Code 2.8.1 ന്റെ Observed Data (Hydraulic Excavator) തയ്യാറാക്കി നിരക്ക് അനുവദിക്കാവുന്നതാണ്.Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ മെക്കാനിക്കൽ ആയി തന്നെ പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യാവുന്നതാണ് എന്നിരിക്കെ പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി 3 മീറ്റർ വരെ വീതിയുള്ള റോഡുകളിലാണ് ചെയ്തതെന്ന് ആസ്തി രജിസ്റ്ററിൽ നിന്നും വ്യക്തമായി. താഴെ പറയുന്ന പ്രവൃത്തിയിൽ അനാവശ്യ ചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | ആനത്താനം ഡ്രൈനേജ് പ്രവൃത്തി 19ാം വാർഡ് |

| | |
|---|---|
| അടങ്കൽ/ ചെലവ്/ഫണ്ട് | ₹7,00,000/₹699543 /(എംഎൽഎ എസ് ഡി എഫ് ഫണ്ട്) |
| കരാർ | 102/22-23 തി.02.03.2022 |
| ടി എസ് | 6447/22 തി.27.01.2023 |
| ബിൽ നമ്പർ | ബിആർ എൻ നമ്പർ 23150347000500835187/24.11.23 |
| കരാറുകാരൻ | ഹുസൈൻ എം |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ ₹360.75/$M^3$ | ₹49157.24 (136.264 $M^3$ * ₹360.75/$M^3$) |
| നൽകാവുന്ന തുക ( Code 2.8.1 OD പ്രകാരം- @ ₹311.32/ $M^3$ | ₹42421.70 ( 136.264$m^3$ * ₹311.32/$M^3$) |
| അധികം നൽകിയ തുക | **₹7948/- (Ie, ₹6735.54 + 18% GST** |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 44/22.2.25 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധികം നൽകിയ 7948 രൂപ തിരിച്ചടവാക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.തുക തിരിച്ചടവാക്കിയ വിവരം അറിയിക്കേണ്ടതും ഭാവിയിൽ അപാകതക ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല

നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം ബാധ്യതകളുടെ വിവരം താഴെ നൽകുന്നു.

| ഇനം | തുക |
|---|---|
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ( B4 ഷെഡ്യൂൾ ) | 424961610.15 |
| ഡെപ്പോസിറ്റ് ( B7 ഷെഡ്യൂൾ ) | 524755600 |
| ലൈബ്രറി സെസ്സ്, GST ഉൾപ്പടെ പിരിച്ചെടുത്തത് ഒടുക്കാനുള്ളത് ഉൾപ്പെടെ മറ്റ് ബാധ്യതകൾ ( B9 | 34648240.19 |

| | |
|---|---|
| ഷെഡ്യൂൾ) | |
| ആകെ ബാധ്യത | 984365450.34 |

വാർഷിക കണക്കിലെ ഷെഡ്യൂൾ RP-40(b) പ്രകാരം വിവിധ അക്കൗണ്ടുകളിലായി ആകെ മുൻസിപ്പൽ ഫണ്ട് ബാലൻസ് ഉള്ളത് (49990833.51ബാങ്ക്, 3179144 ക്യാഷ്) 53169977.51 രൂപ മാത്രമാണ്. നഗരസഭയുടെ ബാധ്യത തീർക്കുന്നതിന് മുനിസിപ്പൽ ഫണ്ട് പര്യാപ്തമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മേൽ വിഷയം നമ്പർ 60/27.2.25 ഓഡിറ്റ് എൻക്വയറിയിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.നഗരസഭയുടെ ബാധ്യത തീർക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതമാക്കുകയും ഡെപ്പോസിറ്റ് ,വാടക ഇനങ്ങളിലൂടെ തനത് ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിനായി നൽകിയതിൽ 41604.50/- രൂപ ചെലവഴിക്കാനവഷേഷിക്കുന്നു.

| | |
|---|---|
| പദ്ധതി | കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയർ 212/24 |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട് ജനറൽ). |
| ചെലവ് | 1,00,000/- (BRN. 231503470028008976 11/05.12.2023) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

തദ്ദേശ സ്വയം ഭരണ ഡി.എ വകുപ്പിന്റെ 09.11.2023 ലെ ഡിഎ1/284/2023 നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2023-24 ൽ നടപ്പിലാക്കിയ മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം പെരിന്തൽമണ്ണ നഗരസഭ പ്രദേശത്തെ മുഹമ്മദ് ഷാനിൽ S/O ഷംന, ചെനങ്കര ഹൗസ് , ഷുഹൈബ് S/O ബാപ്പു, ആലിക്കൽ ഹൗസ് എന്നീ ഗുണഭോക്താക്കൾക്കായി 1,00,000/- രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (A/C NO. 3301005800000015, PNB) നൽകിയിരുന്നു. ആയതിൽ 58395.50/- രൂപ 2 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതായി ജോയിന്റ് ഡയറക്ടർ (F&A) , സ്റ്റേറ്റ് ഹെൽത്ത് ഏജൻസി SHA/182/2025-MGR(FIN) തിയ്യതി. 17.02.2025 നമ്പർ ധന വിനിയോഗ സാക്ഷ്യപത്രം പ്രകാരം അറിയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| മുഹമ്മദ് ഷാനിൽ S/O ഷംന, ചെനങ്കര ഹൗസ് | 34046.50/- |
| ഷുഹൈബ് S/O ബാപ്പു, ആലിക്കൽ ഹൗസ് | 24349.00 |
| ആകെ | 58395.50/- |
| ചെലവഴിക്കാൻ ബാക്കി | 41604.50/- |

ചെലവഴിക്കാൻ ബാക്കിയുള്ള 41604.50/- രൂപ വരും വർഷങ്ങളിൽ മേൽ ഗുണഭോക്താക്കളുടെ ഉപകരണങ്ങളുടെ റിപ്പയർ ആവശ്യം വരുമ്പോൾ ഉപയോഗിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 22/20.02.2025 നുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ആയത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-32 തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 171/24 |
| പ്രൊജക്ടിന്റെ പേര്. | ഖരമാലിന്യ പ്ലാന്റിലെ തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |
| അടങ്കൽ തുക. | 40,00,000/- രൂപ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 39,93,309/- രൂപ. |
| പേയ്മെന്റ് അഡ്വൈസ് നമ്പർ / തീയതി. | C112332669929 തീയതി.24.11.2023 - 14,66,044/- രൂപ. |
| | C122322897248 തീയതി.15.12.2023 - 14,20,292/- രൂപ. |
| | C012424852821 തീയതി.15.01.2024 - 11,06,973/- രൂപ. |
| ഫയൽ നമ്പർ. | H1-10864/23 |

പദ്ധതി പ്രകാരം കിലോഗ്രാമിന് 6.50 രൂപ + GST 18% നിരക്കിലാണ് M/S.Malabar Process, 6/385, Pattimalam, Kottathara.P.O, Agali, Mannarkkad എന്ന സ്ഥാപനത്തിന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നൽകുന്നത്. ആയതിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകുകയും 67,684 രൂപ GST TDS ഇനത്തിൽ ബില്ലുകളിൽ നിന്ന് കുറവു ചെയ്യുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ & തീയതി. | അളവ്. | ബിൽ തുക. | ജി.എസ്.ടി തുക. (18%) | GST TDS തുക. |
|---|---|---|---|---|---|
| 1 | SER/2023-24/001 Dt: 30.10.2023 | 191140 Kg. | 14,66,044/- രൂപ. | 2,23,633.86 രൂപ. | 24,848/- രൂപ. |
| 2 | SER/2023-24/002 Dt: 17.11.2023 | 185175 Kg. | 14,20,292/- രൂപ. | 2,16,654.84 രൂപ. | 24,074/- രൂപ. |
| 3 | SER/2023-24/003 Dt: 06.12.2023 | 144325 Kg. | 11,06,973/- രൂപ. | 1,68,860.30 രൂപ. | 18,762/- രൂപ. |
| ആകെ | | 520640 Kg. | 39,93,309/- രൂപ. | 6,09,149/- രൂപ. | 67,684/- രൂപ. |

പുനരുപയോഗസാദ്ധ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന സേവനം സ്വീകരിക്കുന്നത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമായതിനാലും അത്തരം മാലിന്യങ്ങൾ നീക്കം ചെയ്യൽ ഒരു എൽ.എസ്.ജി.ഡിയുടെ ഭരണഘടനാപരമായ ബാദ്ധ്യത ആയതിനാലും, ടി സേവനം സർക്കുലർ നമ്പർ.51/25/2018-GST Dt: 31.07.2018 ലെ Sl.No. 25(9) & Sl.No.3 പ്രകാരം നികുതി വിമുക്തമാണ്. ജി.എസ്.ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു നൽകിയത് കാരണം നഗരസഭയ്ക്ക് 6,09,149/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 27/20.02.2025) സ്ഥാപനം ജി.എസ്.ടി ഉൾപ്പെടെയുള്ള ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളതെന്നും മേൽ തുക സ്ഥാപനം ജി.എസ്.ടി വകുപ്പിൽ അടവാക്കി റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളതാണെന്നും, ആയതിന് നികുതി ഇളവുള്ളതായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ ജി.എസ്.ടി വകുപ്പിലേക്ക് കത്ത് നൽകി തുക റീ ഇമ്പേഴ്സ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തിയുടെ ഭാഗമായി ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്.

പ്രവൃത്തികളുടെ ഇനം 1 പ്രകാരം എർത്ത് വർക്ക് എസ്‌ക്കവേഷൻ (MoRD 3.5.1) നടത്തുകയും, ഇനം 2 പ്രകാരം

എസ്ക്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും 15 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഇനം 2 ന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനം ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്ക്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (Ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

<u>1) കാരയിൽ എസ്.സി കോളനി നടപ്പാത സംരക്ഷണഭിത്തി</u>

പ്രോജക്റ്റ് - 302/23 ,508/24
ഫണ്ട് - വികസനഫണ്ട് -എസ്.സി .പി
വൗച്ചർ - 221503470018015427834/28/03/2023 തുക 326614
231503470018010671123/12/01/2024 തുക 21309
എം. ബുക്ക് - E MBook
കരാർ - 75/13.02.23
മൂല്യനിർണ്ണയം - 347923
കരാറുകാരൻ - മുഹമ്മദ് റഫീഖ്.ടി
Cost Index -36.44% (DSoR 2018)

<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>
7.719 M3 X 7841.68 /M3 = 60529.93
<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>
7.719 M3 X 7540.07m3 = 58201.8
അധികം അനുവദിച്ചത് = 2328+18% GST = 2747
<u>2) ആനത്താനം റോഡ് ഡ്രൈനേജ് നിർമ്മാണം</u>
പ്രോജക്റ്റ് - 338/23 ,256/24
ഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്
വൗച്ചർ - CFC-28/10-23 Dt.05.10.23 തുക 325489

എം. ബുക്ക് - E MBook
കരാർ - 29/1.5.23
മൂല്യനിർണ്ണയം - 325489
കരാറുകാരൻ - കെ.പി അബൂബക്കർ
Cost Index -36.44% (DSoR 2018)
<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>
4.420 M3 X 7292.76/M3 (7841.68-7%) = 32234
<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>
4.420 M3 X 7012.27(7540.07m3-7%) = 30994.23
അധികം അനുവദിച്ചത് = 1240+18% GST = 1463
<u>3) ആഷിഖ് റോഡ് ഡ്രൈനേജ് നിർമ്മാണം</u>
പ്രോജക്റ്റ് - 295/23 ,415/24
ഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്
വൗച്ചർ - CFC-27/09-23 Dt.22.09.2323 തുക 1517522
എം. ബുക്ക് - E MBook
കരാർ - 87/17.2.23
മൂല്യനിർണ്ണയം - 1517522
കരാറുകാരൻ - ഹസ്ക്കർ
Cost Index -36.44% (DSoR 2018)
<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>
26.58 M3 X 8390.59/M3 (7841.68 +7%) = 223021.88
<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>
26.58 M3 X 8067.87(7540.07m3+7%) = 214444.12
അധികം അനുവദിച്ചത് = 8578+18% GST = 10122
ആകെ 14332 (2747+1463+10122)

14332 രൂപ അധികം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് ഓൻക്വയറി നം.23/20.2.2025 നൽകിയതിന് തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി.തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ/ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-34 നിയമാനുസൃത പിഴ ഈടാക്കിയില്ല- നഷ്ടം 29795രൂപ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | കൈതക്കുളം നവീകരണം(SO220/22,320/23,385/24)<br>ഫണ്ട്- ധനകാര്യകമ്മീഷൻ അവാർഡ് | 25774<br>9.2.23. – 8.5.23 (1%)<br>14144<br>9.5.23– 14.6.23 (2%)<br>(37 Days) |

| | | | |
|---|---|---|---|
| | വൗച്ചർ- CFC 25/08-23 Dt.17.8.23–1600000<br>CFC 34/12-23 Dt.5.12.23 - 69013<br>കരാർ തുക – 1414417.53<br>അളവ് പുസ്തകം - 417 /20-21<br>കരാർ 82/ 9.2.2022<br>കോൺട്രാക്ടർ - ശ്രീ .എം ഹുസൈൻ<br>പൂർത്തീകരണ കാലാവധി 1 വർഷം (As Per TS Slip)<br>Site കൈമാറിയ തിയ്യതി.9.2.22<br>പൂർത്തീകരിക്കേണ്ട തീയ്യതി 8.2.23<br>പൂർത്തീകരിച്ച തീയ്യതി - 14.6.23 | 11630 (28288x37/90) | |
| | കുണ്ടൻചോല റോഡ് റീ ടാറിംഗ് (259/24)<br>ഫണ്ട്- തനത് ഫണ്ട്<br>വൗച്ചർ- 101/03-24 തി.25.03.24 തുക 125356<br>കരാർ തുക – 115987<br>അളവ് പുസ്തകം - 288 /19-20<br>കരാർ 149/ 24.3.20<br>കോൺട്രാക്ടർ - ശ്രീ .വിനോദ് വി.ജെ<br>പൂർത്തീകരണ കാലാവധി 6 | 4021<br>24.9.20-23.12.20-1160<br>24.12.20-23.3.21-2320<br>24.3.21-13.4.21-541 (21 Days)<br>(2320 X21/90) | |

| | | |
|---|---|---|
| | മാസം (As Per TS Slip)<br>പ്രവൃത്തി ആരംഭിച്ച തീയതി.<br>24.03.2020<br>പൂർത്തീകരിക്കേണ്ട തീയ്യതി<br>23.9.20<br>പൂർത്തീകരിച്ച തീയ്യതി - 13.4.21 | |

പിഴ ഈടാക്കാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 24/20.2.2025 നൽകിയതിന് തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി.തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഇ ടെണ്ടർ ഫീ -നഗരസഭാ അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ ഇ- ടെണ്ടർ ആവശ്യങ്ങൾക്കായി പെരിന്തൽമണ്ണ SBI A/C No. 67312375561 ന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.3.24ൽ നീക്കി ബാക്കിയായി 665443 രൂപ അവശേഷിക്കുന്നുണ്ട്. തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് കൈമാറിയതായി കാണുന്നില്ല. കൂടാതെ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരം വാർഷിക കണക്കിലോ ക്യാഷ് ബുക്കിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 39/21.02.2025 നൽകിയതിന് തുക മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുക മുനിസിപ്പൽ അക്കൗണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 1-36 കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അധികം തുക നൽകി.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ ജി.എം.എൽ.പി സ്ക്കൂൾ കക്കൂത്ത് ടോയ് ലറ്റ് നിർമ്മാണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകത ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ജി.എം.എൽ.പി സ്ക്കൂൾ കക്കൂത്ത് ടോയ് ലറ്റ് നിർമ്മാണം (313/24) |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ/ ചെലവ് | 800000/ 774278 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ടി എസ് | TS/77450/2021-22/ 08.10.2020 (Cost Index 36.44%) |
| കരാർ | AE/LSGD/3/2022-23/18.5.2022 |
| M Book | 424/2020-21, |
| കൺവീനർ | രവി.പി |
| മൂല്യ നിർണ്ണയം/ വൗച്ചർ നമ്പർ. | 656167/-, Vr No.CFC31/10-23/12.10.23, |

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% തുക നികുതികൾക്കായി വകയിരുത്തുന്നുണ്ട്. 27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ചുവരുന്നത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഓവർഹെഡ് ചാർജിൽ വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി.3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. 5% തുക കുറവ് ചെയ്യാതെ ബില്ല് തയ്യാറാക്കിയതുമൂലമാണ് കൺവീനർക്ക് അധിക തുക നൽകാനിടയായത്. മേൽ നിർദ്ദേശ പ്രകാരമുള്ള തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മൂല്യ നിർണ്ണയ തുക | 774278/ |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 656167/- |
| നൽകാവുന്ന തുക | 625648/- |

| | |
|---|---|
| [5 % കുറവ് ചെയ്ത്] | |
| അധികം | 30519/- [Ie 656167 *5/107.5] |

നിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം. 25/20.2.2025 നൽകിയതിന് തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. അധികം നൽകിയ തുക 30,519/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-37 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സ.ഉ (കൈ) നം 86/2022/ തസ്വഭവ തി.19.04.2022 മാർഗ്ഗരേഖ 3.8.4 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ നൽകേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം

നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2023-24വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന ഇലക്ട്രിക്കൽ പ്രവൃത്തിയിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രവൃത്തി | ആകെ മൂല്യനിർണ്ണയം | എസ്റ്റിമേറ്റ് തയ്യാറാക്കിയത്/ ചെക്ക് മെഷർ ചെയ്തത് | നൽകാവുന്ന തുക | നൽകിയ തുക |
|---|---|---|---|---|
| മുനിസിപ്പൽ ഓഫീസ് ഇലക്ട്രിഫിക്കേഷൻ (423/24) എസ്റ്റിമേറ്റ് തുക 1242741.57 | 1272762 (ജി.എസ്.ടി ഉൾപ്പെടെ) | അലികുന്നത്ത് | എസ്റ്റിമേറ്റ് .5% - 6214 നിർവ്വഹണ മേൽ നോട്ടം -1.5% -18641 ചെക്ക് മെഷർ .5% - 6214 (മിനിമം) ആകെ 31069 | 27962 വൗച്ചർ നം CFC19/07-23 Dt.3.7.23 |
| | | | | |

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്

നൽകിയിട്ടുള്ളത് ( അലികുന്നത്ത് A/C No. 1600100027269)

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 42/21.2.2025 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 എസ്.സി കോളനി അതിർത്തി സംരക്ഷണം അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.ചെലവ് തുക 1645057 രൂപ തടസ്സം ചെയ്യുന്നു.

2023-24 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ വികസന ഫണ്ട് (എസ്.സി.പി) യിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് |
|---|---|
| സി.പി കോളനി നവീകരണം ( 413/24)<br>Price ID – 60139/2022<br>ഫണ്ട്-വികസന ഫണ്ട് (എസ്.സി.പി)<br>ബിൽ നം.22150347001801376949/16.3.2023-479085<br>ബിൽ നം.23150347001800224641/21.6.23 തുക 62960<br>കരാറുകാരൻ-മുഹമ്മദ് ഷിഹാസ്.കെ.പി<br>കരാർ- 30/22-23 തി.5.1.2023 | 542045 |
| മുത്തവന പറമ്പ് കോളനി നവീകരണം ( 282/24)<br>Price ID – 60132/2022<br>ഫണ്ട്-വികസന ഫണ്ട് (എസ്.സി.പി) | 938374 |

| | |
|---|---|
| ബിൽ നം.22150347001801538140/28.3.23 തുക 713676<br>ബിൽ നം.23150347001800815973/20.11.23 തുക 224698<br>കരാറുകാരൻ-ഇ.കെ മൊയ്തുട്ടി<br>കരാർ- 70/22-23 തി.9.2.2023 | |
| കാവുങ്ങ പറമ്പ് എസ്.സി കോളനി നവീകരണം ( 284/24)<br>Price ID – 60240/2022<br>ഫണ്ട്-വികസന ഫണ്ട്( എസ്.സി.പി)<br>ബിൽ നം.23150347001800228554/226.23 തുക 164638<br>കരാറുകാരൻ-ഷെൽട്ടൻ ജെയിംസ്<br>കരാർ- 82/22-23 തി.14.2.2023 | 164638 |
| ആകെ | 1645057 |

പ്രവൃത്തിയുടെ ഫയൽ പരിശോധന , സൈറ്റ് പരിശോധന (സി.പി കോളനി നവീകരണം) എന്നിവ നടത്തിയതിൽ പ്രവൃത്തിയിൽ എസ്.സി കോളനിയിലെ വ്യക്തികളുടെ ഭൂമിക്ക് അതിർ തിരിച്ച് കെട്ടി നൽകുകയാണ് ചെയ്തത് എന്ന് വ്യക്തമായി.

2023-24 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ 86/ 2022/Lsgd Dt 19.04.2022 പ്രകാരം പട്ടികജാതി കോളനികളിൽ പാർശ്വഭിത്തി ഉൾപ്പെടെയുള്ള പൊതു സൗകര്യ വികസന പ്രൊജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്.

വ്യക്തികളുടെ ഭൂമിക്ക് അതിർ തിരിച്ച് ചുറ്റുമതിൽ കെട്ടി നൽകുക എന്നത് പൊതു സൗകര്യ വികസന പ്രൊജക്ട് ആയി കണക്കാക്കാൻ ആകില്ല.

ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 56/25.2.2025 നൽകിയതിന് പ്രവൃത്തികൾ

പാർശ്വഭിത്തി എന്ന രീതിയിലാണ് നടപ്പിലാക്കിയത് എന്നാണ് മറുപടി നൽകിയത്.എന്നാൽ പ്രവൃത്തി നേരിൽ പരിശോധിച്ചതിലും ഫയൽ പരിശോധിച്ചതിലും മണ്ണ് ഇടിഞ്ഞ് പോകാതിരിക്കുന്നതിനുള്ള പാർശ്വഭിത്തി സംരക്ഷണമല്ല നടപ്പിലാക്കിയത് എന്നും ചുറ്റുമതിലാണ് നിർമ്മിച്ചത് എന്ന് വ്യക്തമായതും സൈറ്റ് പരിശോധനയിൽ പങ്കെടുത്ത ഓവർസിയർ രേഖാമൂലം സമ്മതിച്ചിട്ടുള്ളതുമാണ്.ആയതിനാൽ നൽകിയ മറുപടി സ്വീകാര്യമല്ല.ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുകയോ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.ആയത് വരെ ചെലവ് തുക 1645057(542045+938374+164638) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-39 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല

2023-24 വർഷത്തെ ലൈബ്രറി സെസ്സ് അടവ് വിവരം താഴെ കൊടുക്കുന്നു.

| വർഷം | അടവാക്കിയ തുക | വൗച്ചർ നം/തീ. | അപാകതകൾ |
|---|---|---|---|
| 2023-24 (I Half ) | 10,49,110 | 112/27.03.2024 | 30.10.23 ന് മുമ്പ് അടവാക്കണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. |
| 2023-24 (II Half ) | 0 | - | 30.4.2024 ൻ മുമ്പ് അടവാക്കണ്ടതാണ്. ആയത് അടവാക്കിയിട്ടില്ല. |

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൌൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.

തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്.

2023-24 രണ്ടാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.53/23-24/24.02.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് അടവാക്കി വിവരം

അറിയിക്കേണ്ടതും പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി അടവാക്കേണ്ടതുമാണ്.

## 1-40 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം- മുനിസിപ്പൽ ഫണ്ടിൽ നിന്ന് സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം സംസ്ഥാന ഫണ്ടിൽ നിന്നും സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും കൂടാതെ, അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവക്കായി സർക്കാരിന്റെ കീഴിലുള്ള അയാളുടെ സേവന വ്യവസ്ഥകൾ പ്രകാരം അയാളോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ടതായ അംശാദായങ്ങൾ മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടവാക്കേണ്ടതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പള ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക നഗരസഭാ ഫണ്ടിൽ നിന്നും സർക്കാറിലേക്ക് തിരിച്ചടവാക്കിയിയിട്ടില്ല.

സെക്രട്ടറിക്ക് നൽകുന്ന ശമ്പളവും ആനുകൂല്യങ്ങളും തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം സർക്കാറിലേക്ക് അടവാക്കാൻ സാധിച്ചിട്ടില്ലെന്നും ആയത് അടിയന്തിരമായി അടവാക്കി അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/23-24/22.02.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-41 നഗരസഭയുടെ വാതക ശമശാനത്തിന്റെ പ്രവർത്തനം - അപാകതകൾ

ഫയൽ നം. H2/23954/17 (Vol2), H2/9954/21, H2/2012/18

നഗരസഭയുടെ ഉടമസഥതയിലുള്ളതും 23.12.2017 ന്പ്രവർത്തനം ആരംഭിച്ചതുമായ വാതക ശ്മശാനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുള്ളതും, ക്രിമെറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനും പൂന്തോട്ടം സംരക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ സംരക്ഷണത്തിനും പരിപാലകനായി രാജേഷ് കെ.സി എന്നയാളെ ഡിസംബർ 2017 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ ശ്മശാനത്തിന് ആവശ്യമായ ഗ്യാസ് സിലിണ്ടറുകളും നഗരസഭ വാങ്ങി നൽകുന്നുണ്ട്. 2023-24വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

2023-24 വർഷത്തിൽ ക്രിമെറ്റോറിയം പരിപാലകന് 03/23 മുതൽ 07/23 വരെയുള്ള വേതനം 79500രൂപയും, ഗ്യാസ് സിലിണ്ടർ വാങ്ങിയ ഇനത്തിൽ 109292രൂപയും, AMCഇനത്തിൽ 97500 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഫയൽ പരിശോധിച്ചതിൽ മാർച്ച് 2024 വരെ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ചിട്ടുണ്ട് എന്ന് കാണുന്നു. എന്നാൽ ഗ്യാസ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഇൻവോയിസ് പ്രകാരം വാങ്ങുന്ന ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്കിലെടുത്തതായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായോ ചെയ്തിട്ടില്ല. 12/2023ന് ശേഷം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഗ്യാസ് സിലിണ്ടറുകൾ ഇനി സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.03/23-24/18.02.25) മറുപടി ലഭ്യമാക്കി. സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റതാക്കി അറിയിക്കേണ്ടതാണ്.

2) മൃതദേഹങ്ങളുടെ വിവരം സംബന്ധിച്ച് രേഖപ്പെടുത്തിയ ലഭ്യമാക്കിയ ശ്മശാനം രജിസ്ററർ പരിശോധിച്ചതിൽ 04/23 മുതൽ 12/23വരെ ആകെ 33 മൃതദേഹങ്ങൾ എത്തിയതായി കാണുന്നു. എന്നാൽ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 12/2023 ന് ശേഷം ശമശാനത്തിൽ മതദേഹങ്ങൾ എത്തിയ വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഡിസംബർ 2023വരെ ദഹിപ്പിച്ച മതദേഹങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 31.03.24വരെ ക്രിമറ്റോറിയം പ്രവർത്തിച്ചിട്ടുണ്ടെന്നും, രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 31.03.24വരെ വാതക ശമശാനം പ്രവർത്തിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ശേഷം പ്രവർത്തനം നിലച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്മശാനം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

3) നഗരസഭ തയ്യാറാക്കിയ ബൈലോ ആയ നഗരസഭ ആധുനിക ശ്മശാനം (നടത്തിപ്പും പരിപാലനവും, സൂക്ഷിപ്പും) ഉപനയമങ്ങൾ -2017 പ്രകാരം ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് ഓരോ അപേക്ഷകനും 5500രൂപ ഫീസ് അടവാക്കേണ്ടതാണെന്നും, പട്ടിക വിഭാഗക്കാർക്കും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും 3000രൂപയായി ഇളവ് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ലെഡ്ജർ പ്രകാരം 2023-24 വർഷത്തിൽ ശ്മശാനം ഫീസ് ഇനത്തിൽ 131500/-രൂപ ലഭിച്ചതായി കാണുന്നു. എന്നാൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ അപേക്ഷകർ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്.

4) ക്രിമെറ്റോറിയം പരിപാലകനായ രാജേഷ് കെ.സി എന്നയാൾക്ക് 07/2023വരെ വേതനം നൽകിയതായി ഫയലിൽ കാണുന്നു. ശേഷം ടിയാൾ സ്വമേധയാ ഒഴിഞ്ഞ് പോയിട്ടുണ്ടെന്നും ആരോഗ്യ വിഭാഗത്തിലെ ശുചീകരണ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് നിലവിൽ തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ശേഷം ബൈലോ പ്രകാരമുള്ള ശ്മശാനം പരിപാലകനെ നിയമിച്ചിട്ടില്ല.

5) വാതക ശ്മശാനത്തിന്റെ 2022-23, 2023-24 കാലയളവിലെ AMC ഏറ്റെടുത്തിരുന്നത് High Tech Cremetorium Pvt.Ltd, Aluva

എന്ന ഏജൻസിയാണ്. പുതുക്കിയ എഗ്രീമെന്റ് പ്രകാരം 01.11.23മുതൽ 31.10.24വരെ ഒരു വർഷത്തേക്ക് 1,90,000/- ക്ക് AMC എഗ്രീമെന്റ് വെക്കുകയും ആദ്യ ഗഡു തുകയായ 47500രൂപ (വൗച്ചർ നം.90/25.03.24) നൽകുകയും ചെയ്തിട്ടുണ്ട്. തുടർ ഗഡുക്കൾ നൽകിയിട്ടുണ്ടോ എന്നും നിലവിൽ ശ്മശാനത്തിന്റെ പ്രവർത്തനം എപ്രകാരമാണെന്നും അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.03/23-24/18.02.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

## 1-42 പിഎംഎവൈ ലൈഫ് ഭവന പദ്ധതി ഒരവലോകനം

പെരിന്തൽമണ്ണ നഗരസഭയുടെ പിഎംഎവൈ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച അവലോകനമാണ് ചുവടെ ചേർക്കുന്നത്.

1 2023-24 വർഷത്തെ ലൈഫ് ഭവന പദ്ധതി - വിശദാംശങ്ങൾ

പിഎംഎവൈ ലൈഫ് പദ്ധതിക്കായി 2023-24 വർഷം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രൊജക്ട് ഓഫീസർ,ദാരിദ്ര ലഘൂകരണ വിഭാഗം മുഖേന താഴെ പറയുന്ന പ്രൊജക്ടുകൾ തയ്യാറാക്കുകയും തുക ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ/ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 27/ 24 പിഎം എവൈ ലൈഫ് ഭവനപദ്ധതി-നഗരസഭാ വിഹിതം നൽകൽ | 8200000 | 8200000 |
| 2 | 29/ 24 പിഎം എ വൈ ലൈഫ് നഗരസഭാവിഹിതം നൽകൽ എസ് സി പി | 4797481 | 3320000 |

2 ലൈഫ് ഭവന പദ്ധതി - നാളിതുവരെയുള്ള പുരോഗതി

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തിൽ പെരിന്തൽമണ്ണ നഗരസഭ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയും ഭൂമി ഇല്ലാത്ത 360 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുകയും സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ 1344 കുടുംബങ്ങൾക്ക് വീടിനായി നാല് ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നഗരസഭ മുൻ കാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ആനുകൂല്യം ലഭിച്ചിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാത്ത് 51 കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും

ചെയ്തിട്ടുണ്ട്.നഗരസഭ 3.82 കോടി രൂപ വിനിയോഗിച്ച് വാങ്ങിയ 6.93 ഏക്കർ സ്ഥലത്ത് 35 കോടി രൂപയോളം ചെലവഴിച്ചാണ് ഭൂരഹിതർക്കായുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുള്ളത്.വ്യക്തിഗത ഭവനനിർമ്മാണത്തിന് നഗരസഭ 50 കോടിയോളം രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ലൈഫ് ഭവന ഭവന പദ്ധതി നടപ്പാക്കിയതിലൂടെ ഭവന രഹിതരുടെ എണ്ണം വളരെയധികം കുറക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ട്.മേൽ പ്രൊജക്ട് നടപ്പാക്കുന്നതിലൂടെ പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

നഗരസഭയിലെ 16ാം വാർഡിൽ ഒലിങ്കരയിലുള്ള 400 കുടുംബങ്ങൾക്കായുള്ള ലൈഫ് ഭവനസമുച്ചയത്തിൽ 24.2.2025 ന് സ്ഥല പരിശോധന നടത്തിയിരുന്നു.ലൈഫ് ഭവന പദ്ധതിയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സർക്കാർ ലൈഫ് മിഷൻ ഏർപ്പെടുത്തിയ അവാർഡിന് 2025 വർഷത്തിൽ പെരിന്തൽമണ്ണ നഗരസഭയ്ക്ക് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.(സ.ഉ (സാധാ) നം.489/2025/LSGD തി. 17.02.2025)

## 1-43 പദ്ധതി അലോകനം

നഗരസഭയുടെ 2023-24ലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നഗരസഭയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

| | നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 0 | 3841625 | 3707181 | 96.50% |
| 2 | വെറ്റിനറി ഡോക്ടർ | 5 | 4 | 1 | 2332800 | 1554440 | 66.63% |
| 4 | MO(ISM) | 2 | 2 | 0 | 2250000 | 2240062 | 99.55% |
| 5 | MO(HOMEO) | 2 | 2 | 0 | 350000 | 344121 | 98.32% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6 | 5 | 16381067 | 4789925 | 29.24% |
| 7 | സെക്രട്ടറി | 81 | 45 | 36 | 94274708 | 41793522 | 44.33% |
| 8 | മുനി.എൻജിനിയർ | 333 | 120 | 213 | 375545284 | 100891486 | 26.86% |

| | | | | | | | |
|---|---|---|---|---|---|---|---|
| **9** | **പ്രിൻസിപ്പാൾ** | 10 | 4 | 6 | 3436122 | 416870 | 12.13% |
| **10** | **പ്രൊജക്ട് ഓഫീസർ** | 12 | 11 | 1 | 18167236 | 13352737 | 73.49% |
| **11** | **എസ്.സി.ഡി.ഒ** | 6 | 4 | 2 | 4845000 | 3580000 | 73.89% |
| **12** | **ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ** | 1 | 0 | 1 | 100000 | 0 | 0 |
| | **ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ** | 1 | 0 | 1 | 750000 | 0 | 0 |
| | **ആകെ** | **474** | **208** | **266** | **522233842 (ലൈഫ്+അംഗൻവാടി അധിക വേതനം 13011133 രൂപ ഉൾപ്പെടെ)** | **172670344** | **33.06%** |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.തൻവർഷം ആകെ അംഗീകാരംലഭ്യമാക്കിയ 474 പ്രൊജക്ടുകളിൽ 208 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകൾ ആയിരുന്നു. ഇതിൽ 137 എണ്ണം തൻവർഷത്തിലും നിർവ്വഹണം നടത്തിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ നിർവ്വഹിക്കാതെ അവശേഷിപ്പിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2. മുനിസിപ്പൽ എൻജിനിയർ,ഐസിഡിഎസ് സൂപ്പർവൈസർ ,പ്രിൻസിപ്പൽ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ നിരക്ക് 30 ശതമാനത്തിൽ താഴെയാണ്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ, ഇൻഡസ്ട്രീയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ തൻവർഷം ചെലവ് നടത്തിയിട്ടില്ല.

3.ആകെ ചെലവ് 33.90%മാത്രമാണ് .വകയിരുത്തിയ ഫണ്ടുകൾ യഥാസമയം ലഭ്യമാക്കി നിർവ്വഹണം നടത്തുന്നതിൽ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സമിതികൾ വിലയിരുത്തൽ നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നമ്പർ 8/15.2.25 പ്രകാരം ഓഡിറ്റ് എൻകചയറി നൽകിയിരുന്നു. ഓഡിറ്റ് എൻകചയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1 സ്പിൽ ഓവർ പദ്ധതികളിൽ തനത് ഫണ്ട് വകയിരുത്തിയ പദ്ധതികളുടെ ചെലവ് പുരോഗതിയിലാണ് കുറവ് വന്നിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും തനത് ഫണ്ട് ലഭ്യതയുടെ കുറവ് കാരണം പെയ്മെന്റ് അനുവദിച്ചു നൽകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായി. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2 ഐസിഡിഎസ് സൂപ്പർവൈസർ , പ്രിൻസിപ്പൽ, ഇൻഡസ്ട്രീയൽ എക്സ്റ്റെൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ യഥാസമയം പദ്ധതികൾ നിർവഹണം നടത്തിയെങ്കിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതു മൂലം ട്രഷറി ബില്ലുകൾ മാറാൻ കഴിയാത്തതും കാരണമാണ് ചെലവ് ശതമാനം കുറഞ്ഞത്.

3 2023-24 വാർഷിക പദ്ധതിയിൽ നഗരസഭകളുടെ സംസ്ഥാന തല പുരോഗതിയിൽ ആകെയുള്ള 87 നഗരസഭകളിൽ പെരിന്തൽമണ്ണ നഗരസഭ 9ാം സ്ഥാനത്താണ് .
ലഭ്യമാകുന്ന ഫണ്ട് പൂർണമായി വിനിയോഗിക്കുവാനും പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 വാഹന പരിപാലനം- അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടതിൽ താഴെ പറയുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകളും ഫയലുകളും ലഭ്യമാക്കി.

| ക്രമ നമ്പർ | വാഹനം | ഉപയോഗത്തിന്റെ തരം |
|---|---|---|
| 1 | KL-53-6134 -MAHINDRA JEEP | ഓഫീസ് |
| 2 | KL-53F-333 -TOYOTA Etios CAR | സെക്രട്ടറി |
| 3 | KL-53-L-9978 -TOYOTA CAR | ചെയർമാൻ |
| 4 | KL-01-CW1078 -TATA Nexon EV | എഞ്ചിനീയറിംഗ് & ഓഫീസ് |

| | | |
|---|---|---|
| 5 | KL-53T -9851 -TATA JEEP | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് |
| 6 | KL-53U-1292 -TATA LORRY | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് |

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ജി.ഒ.(എം.എസ്.) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് എന്നിവ പ്രകാരമാണ് മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ പരിപാലനം നടത്തേണ്ടത്. ഈ ചട്ടത്തിന്റെയും ഉത്തരവിന്റെയും വെളിച്ചത്തിൽ നഗരസഭയിലെ വാഹന പരിപാലനം സംബന്ധിച്ച കാര്യങ്ങളും വാഹനങ്ങളുടെ ഫയലുകൾ, ലോഗ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) കാലപ്പഴക്കം കാരണം കയ്യൊഴിയാൻ ആയിട്ടുള്ളവയും, ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ആവശ്യങ്ങൾക്കും നഗരശുചീകരണത്തിനും മുൻ വർഷം ഉപയോഗിച്ചിരുന്നതുമായ KL -52A-1845 -MAHINDRA LORRY, KL-53A -805 -TATA LORRY, KL-53H -830 -APE AUTO, KL-53H -549 -APE AUTO എന്നീ വാഹനങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ടോ അതോ കയ്യൊഴിഞ്ഞോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും വിവരം ലഭ്യമാക്കിയില്ല.

<u>2) വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം - അപാകതകൾ</u>

മേൽ പറഞ്ഞ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

A) ഓരോ മാസാവസാനവും ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. എന്നാൽ ക്രമ നം.1, 4,5,6 വാഹനങ്ങളുടെ ലോഗ് ബുക്കിൽ അപ്രകാരം സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ക്രമ നം.2, 3 വാഹനങ്ങളുടെ ലോഗ് ബുക്കിൽ മാസാന്ത സംക്ഷിപ്തം തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

B) കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് ബോധ്യപ്പെടേണ്ടതും പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

C) എല്ലാ ലോഗ് ബുക്കുകളിലും എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നില്ല.( Eg:- Period Of Halt,Initials Of The Controlling Officer)

D) എല്ലാ ലോഗ് ബുക്കുകളിലും ഫ്യുവൽ അക്കൗണ്ട് കോളങ്ങൾ മുഴുവനായി പൂരിപ്പിക്കാതെ വാങ്ങിയ ഡീസലിന്റെ വിവരം മാത്രമാണ് ചേർക്കുന്നത്.

E) ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല

F) ഇന്ധനം നിറക്കുന്നതിന്റെയും സ്പെയർ പാർട്സുകൾ മാറ്റുന്നതിന്റെയും, സർവ്വീസ് റിപ്പയർ എന്നിവ ചെയ്യുന്നതിന്റെയും വിശദാംശം ലോഗ് ബുക്കിൽ അതേ തിയ്യതിയിൽ തന്നെ ചേർക്കേണ്ടതും സുക്ഷിപ്പുകാരനായ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.എന്നാൽ ഇന്ധനം നിറക്കുന്ന വിവരം മാത്രമാണ് ചേർക്കുന്നത്.

<u>3) ഇന്ധനം നിറക്കുന്നതിന്റെ പൂർണ്ണ വിവരം ലോഗ് ബുക്കിലും ഫ്യൂവൽ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.</u>

ഫയൽ നം. PW2-9800/23 പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം നഗരസഭാ ചെയർമാന്റെ ഔദ്യോഗിക വാഹനമായ KL-53 L9978 നമ്പർ ഇന്നോവ ക്രിസ്റ്റയിൽ തിരുവനന്തപുരം യാത്രക്കിടയിൽ ഡീസൽ അടിച്ച വകയിൽ ഡ്രൈവർ ശ്രീ.രതീഷിന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തുക | ലിറ്റർ | ബിൽ നം. |
|---|---|---|---|---|
| 1 | 52/13.06.23 | 2000 | 20.66 | 335581/17.05.23 |
| 2 | 25/04.07.23 | 2500 | 25.89 | 598911/25.06.23 |
| 3 | 52/08,08.23 | 2500 | 25.76 | 215833/02.08.23 |
| 4 | 48/10.10.23 | 2000 | 20.66 | 8100406761/04.10.23 |
| 5 | 36/12.02.24 | 2000 | 20.63 | 827215/22.01.24 |
| 6 | 42/11.03.24 | 2000 | 20.65 | 531110/20.02.24 |
| 7 | 78/18.03.24 | 3000 | 30.55 | 4030508322/05.03.24 |
| ആകെ | | 38500 | | |

എന്നാൽ പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക്, ഫ്യൂൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി ബില്ലുകൾ പ്രകാരം ഇന്ധനം നിറച്ചത് രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിൽ മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ പറയുന്ന ഇന്ധന വിവരം ഉൾപ്പെടുത്താതെയാണ് സംക്ഷിപ്തം തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പൂർണ്ണമല്ല എന്ന് കാണുന്നു. സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാഹനങ്ങളുടെ വിവരം VEELS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ,ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സെറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകളും VEELS ൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ (റിപ്പോർട്ട്) പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി/വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.58/23-24/25.02.25

## 1-45 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

1) തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 8631233രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ ആകെ (വാർഡടിസ്ഥാനത്തിൽ ഇനം, പോസ്റ്റ് എന്നിവ ഉൾപ്പെടെ) എണ്ണം കാണിക്കുന്ന തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കി.

2) തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് - അപാകതകൾ . (ഫയൽ നം. PW2/11957/10 Vol-7) നഗരസഭാ പരിധിയിലെ തെരുവ് വിളക്കുകളുടെ 2023-24ലെ വാർഷിക പരിപാലന ചുമതല 06.02.2023 മുതൽ 05.02.2024വരെ കാലയളവിൽ ടെണ്ടർ നടപടികളിലൂടെ യുണൈറ്റഡ് എനർജി സിസ്റ്റം, നെടുമങ്ങാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. ഇതിൽ 9ഇനം വിവിധ വാട്ടിലുള്ള വിവിധ ഇനം വിളക്കുകൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് താഴെ കാണും പ്രകാരമാണ്.

എഗ്രിമെന്റ് കാലാവധി -06.02.2023 മുതൽ 05.02.2024വരെ

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 275 | 520 |
| 2 | 20W CFL | 255 | 1550 |
| 3 | 2X11W 4 Pin CFL | 460 | 694 |
| 4 | 40X2W CFL | 354 | 70 |
| 5 | 2X11W Single Fluorescent Light | 274 | 250 |
| 6 | 120W LED Light | 900 | 408 |
| 7 | 20/22W LED Light | 655 | 1105 |
| 8 | 45W LED Light | 775 | 405 |
| 9 | Sodium Vapour Lamp | 875 | 165 |

മേൽ പ്രകാരം 2499995രൂപ ക്വാട്ട് ചെയ്തതിൽ നെഗോസിയേഷനിലൂടെ 2497500രൂപ+ 18%ജി.എസ്.ടി = 2947050/-രൂപ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിളക്കുകൾക്കും പ്രത്യേക നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത വിളക്കുകളുടെ തുക നൽകുന്നതിന് പകരം എഗ്രിമെന്റ് പകാരം ആകെ തുക 12 ഇൻസ്റ്റാൾമെന്റുകളായിട്ട് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് പ്രകാരം താഴെ പറയും പ്രകാരം 2023-24 ൽ താഴെ പറയും പ്രകാരം യുണൈറ്റഡ് എനർജി സിസ്റ്റംസിന് തുക നൽകിയിട്ടുണ്ട്.

| ഇൻവോയിസ് നം. | തുക | വൗച്ചർ നം |
|---|---|---|
| 06/06.05.23 (06.02.23മുതൽ 06.05.23വരെ) | 736761 | 49/10.07.2023 |

| | | |
|---|---|---|
| 21/14.08.23 (06.05.23മുതൽ 06.08.23വരെ) | 783574 | 83/21.11.23 |
| 52/11.12.23 (10.08.23മുതൽ 05.12.23വരെ) | 795098 | 63/24.02.24 |
| 86/01.03.24 (06.12.23മുതൽ 05.02.24വരെ) | 631616 | 89/25.03.24 |
| ആകെ | 2947049 | |

അപാകതകൾ

A) ഏതെല്ലാം ഇനം വിളക്കുകൾ എത്ര എണ്ണം റിപ്പയർ ചെയ്തു എന്നും ആയതിന്റെ നിരക്കും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ആകെ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ടീറ്റ് ലൈറ്റുകൾ നന്നാക്കിയിട്ടുണ്ടെന്ന് അറിയിച്ച് ഓരോ ഇൻസ്റ്റാൾമെന്റ് തുക ആവശ്യപ്പെട്ടതനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. വാർഡ് മെമ്പർമാരും ജില്ലാതല സാങ്കേതിക സമിതി ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥനും തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായുള്ള റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല.

B) കേടായ വിളക്കുകൾ കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മുൻ വർഷത്തിൽ ടെണ്ടർ വിളിച്ച എണ്ണം, ഇനം വിളക്കുകളാണ് തൻ വർഷവും എ.എം.സി എടുത്തിട്ടുള്ളത്. മുഴുവൻ വിളക്കുകളും നന്നാക്കിയതായി കാണിച്ചാണ് തുക നൽകുന്നത്.

C) ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

D) തെരുവ് വിളക്ക് മെയിന്റനൻസിനായി പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

3) തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല.

അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് ഒരു തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് രജിസ്റ്റർ സൂക്ഷിക്കേണ്ടതെങ്കിലും ലഭ്യമാക്കിയ രജിസ്റ്ററിൽ മേൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

4) കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന അവസാനമായി നടന്നത് എന്നാണെന്നുള്ള വിവരവും, നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടതിന് 2023ൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമായിട്ടില്ലെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. അടിയന്തിരമായി സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.33/23-24/20.02.25)

## 1-46 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ - അപാകതകൾ

1) കെ.എസ്.സി.ബിയിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് തുക ഇലക്ടിസിറ്റി ബിൽ തുക അടവാക്കുന്ന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഓരോ മാസും 43, 49 എന്നിങ്ങനെ എണ്ണം കൺസ്യൂമർ നമ്പറുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നതായി കാണുന്നു. ഇതിൽ കൺസ്യൂമർ നം.1165625029100 പ്രകാരം ഒരു ബില്ലിലായി ഓരോ മാസവും ശരാശരി 5ലക്ഷം രൂപ അടവാക്കുന്നുണ്ട്. ഇത് ഏതെല്ലാം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജാണ് അടവാക്കുന്നത് എന്ന വിവരം ലഭ്യമല്ല. ആയതിനാൽ തന്നെ എത്ര തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ടെന്ന വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇവ എല്ലാം തെരുവ് വിളക്കുകളാണെന്നും ഏതെല്ലാം തെരുവ് വിളക്കുകളാണെന്നുള്ള വിശദ വിവരം ലഭ്യമാക്കുന്നതിന് കെ.എസ്.സി.ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.33/23-24/20.02.25) മറുപടി ലഭ്യമാക്കിയത്.

2) ഒരേ ബിൽ തുക രണ്ട് തവണ അടവാക്കി.

ഫയൽ നം. PW2/E3-1509/92 Vol II

നഗരസഭാ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിവിധ കൺസ്യൂമർ നമ്പറുകളിലെ വൈദ്യുതി ചാർജ് അടവ് വിവരം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2023 ഏപ്രിൽ മാസത്തിൽ വിവിധ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കിയപ്പോൾ മനഴി സ്റ്റാന്റ് ഹൈമാസ്റ്റ് ലൈറ്റിന്റെ 04/2023ലെ ഡിമാന്റ് പ്രകാരമുള്ള തുക രണ്ട് തവണ അടവാക്കിയതായി കാണുന്നു. കൺസ്യൂമർ നം.1165625018132 ലൈറ്റിന്റെ 04/23ലെ കെ.എസ്.ഇ.ബി ഡിമാന്റ് ബിൽ നം. 6562230400525/01.04.2023, പ്രകാരമുള്ള 42650/- രൂപ വൗച്ചർ നമ്പറുകൾ 22300043/04.04.23, 22300066/12.04.23 പ്രകാരം രണ്ട് തവണ അടവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.14/23-24/18.02.25) നൽകിയതിനെ തുടർന്ന് വിവരം കെ.എസ്.ഇ.ബിയെ അറിയിക്കുകയും മേൽ കൺസ്യൂമർ നമ്പറിലുള്ള വിളക്കിന്റെ ഏപ്രിൽ മാസത്തെ വൈദ്യുതി ചാർജ് രണ്ട് തവണ അടവാക്കിയിട്ടുണ്ടെന്നും ആയത് ECSC ചാർജിൽ കുറവ് വരുത്തിയ വകയിൽ 26610/-രൂപയും 2023 മെയ് മാസത്തെ ബിൽ തുകയിൽ 16040/- രൂപയും കുറവ് വരുത്തി ആകെ 42650/- രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - റവന്യൂ റിക്കവറി അടവാക്കേണ്ടതായി വന്നു.

ഫയൽ നം. PW2/482/23

ഫയൽ പരിശോധിച്ചതിൽ നഗരസഭാ സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള 31 കൺസ്യൂമർ നമ്പറുകളിലെ 2020-21മുതലുള്ള ഇലക്ട്രിസിറ്റി ചാർജ് കുടിശ്ശിക തുക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറിയായി പെരിന്തൽമണ്ണ താലൂക്കിലെ പാതാക്കര വില്ലേജ് ഓഫീസിൽ നിന്നും റവന്യൂ റിക്കവറി നോട്ടീസ് ലഭ്യമാവുകയും തുക താഴെ പറയും പ്രകാരം പലിശ സഹിതം അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | വാച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 95/28.11.23 | 97500 | 30 കൺസ്യൂമർ നമ്പറുകളിലെ കുടിശ്ശക തുക, പിഴ പലിശ, ഡിമാന്റ് നോട്ടീസ് പടി, കളക്ഷൻ ചാർജ് എന്നവയടക്കം 97500രൂപ പാതാക്കര വില്ലേജ് ഓഫീസിൽ അടവാക്കി. |
| 2 | 43/31.01.24 | 213133 | കൺസ്യൂമർ നം.1165620054695 ലൈഫ് ഫ്ലാറ്റ് 1(B)യുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് ഗുണഭോക്തൃസമിതി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച ഇലക്ട്രിസിറ്റി ബിൽ തുകയായ 180110രൂപയും പിഴ പലിശ, ഡിമാന്റ് നോട്ടീസ് പടി, കളക്ഷൻ ചാർജ് എന്നിവ ഉൾപ്പെടെ 213133 രൂപ അടവാക്കി. ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഗുണഭഭോക്തൃ സമിതി കൺവീനർക്ക് അനുവദിക്കേണ്ട 25 ലക്ഷം രൂപയിൽ റവന്യൂ റിക്കവറി ഇനത്തിലുള്ള രൂപ കിഴിവ് വരുത്തി ബാക്കി തുകയാണ് നൽകിയത്. |
| ആകെ | | 310633 | |

റവന്യൂ റിക്കവറി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

A) ആർ.ആർ നോട്ടീസ് പ്രകാരമുള്ള കൺസ്യൂമർ നമ്പറുകൾ പരിശോധിച്ചതിൽ ആയവ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും സംയുക്ത പരിശോധനക്കായി KSEBയിൽ അറിയിച്ചപ്പോൾ പ്രസ്തുത കൺസ്യൂമർ നമ്പറുകളുടെ കുടിശ്ശിക വരുത്തിയത് കാരണം നഗരസഭക്ക് നിയമപരമായ നോട്ടീസ് നൽകിയ ശേഷം ഒഴിവാക്കിയിട്ടുള്ളതാണെന്നും കുടിശ്ശിക 07/2021നുശേഷം ഉള്ളതിനാൽ യാതൊരു ഇളവും നൽകാൻ കഴിയില്ലെന്നും RB/RR/2023-24/01.11.23നമ്പർ കത്ത് പ്രകാരം KSEB യിൽ നിന്നും അറിയിച്ചതായും ഫയലിൽ കാണുന്നു. KSEBയിൽ നിന്നും നഗരസഭക്ക് നിയമപരമായ നോട്ടീസ് ലഭ്യമായിട്ടും യഥാസമയം തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തനാൽ പലിശ സഹിതം കുടിശ്ശിക അടവാക്കേണ്ടി വന്നിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

B) മേൽ പറഞ്ഞ 31 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് യഥാസമയം അടവാക്കാതെ കുടിശ്ശിക വരാനുണ്ടായ സാഹചര്യം ആരാഞ്ഞതിന്, ലഭ്യമായ ബില്ലുകൾ നഗരസഭാ സെക്രട്ടറിയുടെ

പേരിലുള്ളവയാണോ എന്നും നിലവിൽ പ്രവർത്തിക്കുന്നവയാണോ എന്നും വ്യക്തത വരുത്തുന്നതിന് കാലതാമസമെടുത്തതാണ് ഇത്തരത്തിൽ സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.38/23-24/21.02.25) മറുപടി ലഭ്യമാക്കിയത്. നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള തെരുവ് വിളക്കുകളുടെ വിവരം നഗരസഭയിൽ സൂക്ഷിക്കാത്തതാണ് കാരണമെന്ന് കാണുന്നു.

C) ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ ആകെ തെരുവ് വിളക്കുകൾക്ക് ഒറ്റ കൺസ്യൂമർ നമ്പറായാണ് ബില്ല് വരുന്നതും തുക അടവാക്കുന്നതും എന്നിരിക്കെ നഗരസഭയിലെ ആകെ വിളക്കുകളുടെ വിശദാംശങ്ങളും എല്ലാ മാസവും തുക അടവാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഇല്ല എന്ന് കാണുന്നു.

മേൽ അപാകതക്ക് പരിഹരിക്കുന്നതാണെന്നും സമാർട്ട് ബിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-47 സെക്കന്ററി തുല്യതാ കോഴ്സിന് ഫീസ് അടവാക്കൽ - അപാകതകൾ

ഫയൽ നം.G3-5986/1998

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് 2022-23 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 49 പേർക്ക് ഗുണഭോക്തൃ വിഹിതമായ 24500/-രൂപയും (500x49) പദ്ധതി വിഹിതമായ 102900/-രൂപയും, പത്താം തരം തുല്ല്യതാ കോഴ്സിന് 2022-23 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 26 പേർക്ക് ഗുണഭോക്തൃ വിഹിതമായ 13000/-രൂപയും (500x26) പദ്ധതി വിഹിതമായ 37700/-രൂപയും 21.01.24ലെ 12, 27 നമ്പർ കൗൺസിൽ തീരുമാനങ്ങൾ പ്രകാരം കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് അടവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) വൗച്ചർ നം.10/01.03.24 പ്രകാരം 13000/-രൂപ, 11/01.03.24 പ്രകാരം 24500/-രൂപ എന്നിങ്ങനെ ആകെ 37500രൂപ ഗുണഭോക്തൃവിഹിതം മാത്രമാണ് അടവാക്കിയതായി കാണുന്നത്. പ്ലാൻ ഫണ്ട് അടവാക്കിയതായിട്ടില്ല. 2024-25 വർഷത്തിൽ സ്പിൽ ഓവറാക്കിയെങ്കിലും ഫണ്ട് അടവാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

2) 37500 രൂപ അടവാക്കിയതിന് കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷനിൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.

3) പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും യോഗ്യത നേടിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) സുലേഖ ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ തുടർ സാക്ഷരത എന്നപേരിൽ 196/24 (So) നമ്പർ പദ്ധതി ഉണ്ടെങ്കിലും മേൽ പ്രകാരമുള്ള തനത് ഫണ്ട് ചെലവ് സുലേഖ ചെലവ് പത്രികയിൽ കാണിച്ചിട്ടില്ല.

5) പഠിതാക്കളിൽ നിന്ന് ശേഖരിച്ച ഗുണഭോക്തൃ വിഹിതം 37500രൂപ സാക്ഷരതാ പ്രേരക് 01/123010108417/12.09.23 നമ്പർ രസീത് പ്രകാരം നഗരസഭയിൽ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. പഠിതാക്കൾക്ക് ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന് രസീത് നൽകിയിട്ടില്ല.

കൈപ്പറ്റ് രസീത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും പദ്ധതി രൂപീകരിക്കുന്ന സമയത്ത് ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമല്ലാത്തതിനാലാണ് സുലേഖ പത്രികയിൽ ചെലവ് കാണിക്കാൻ കഴിയാതിരുന്നതെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.52/23-24/24.02.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും 37500രൂപ അടവാക്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നത് വരെയും, പദ്ധതി പൂർത്തിയാക്കി അറിയിക്കുന്നത് വരെയും ചെലവ് തുക 37500/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 കേരളോത്സവം - തുക ചെലവഴിച്ചതിലെ അപാകതകൾ

ഫയൽ നം.ജി3- 19505/23

കേരളോത്സവം 2023 പെരിന്തൽമണ്ണ നഗരസഭയിൽ നടത്തുന്നതിന്റെ ഭാഗമായുള്ള ചെലവുകൾക്കായി സീനിയർ ക്ലാർക്ക് ശ്രീ.ധനേഷ് പി എന്നവർക്ക് നഗരസഭാ ചെയർമാന്റെ മുൻകൂർ അനുമതിയോടുകൂടി 200000രൂപ മുൻകൂർ അനുവദിക്കുകയും(വൗച്ചർ നം.90/25.10.23, ചെക്ക് നം.120743/25.10.23), 23.20.23 മുതൽ 27.11.23 വരെ നടത്തിയ കേരളോത്സവത്തിന്റെ ചെലവുകളുടെ 200000രൂപയുടെ ബില്ലും വൗച്ചറുകളും ഹാജരാക്കുകയും 11.12.2023ലെ 56ാംനമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

200000/-രൂപ മുൻകൂർ നൽകിയ തുകയിൽ നിന്നും താഴെ പറഞ്ഞ കാഷ് ബില്ലുകൾ പ്രകാരം തുകകൾ ചെലവ് ചെയ്തിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ഓരോ വൗച്ചറിന് നേരെയും പറയുന്നു.

| ക്രമ നം. | വൗച്ചർ/ ഇൻവോയിസ് നം/ രസീത് നം. | തുക | ഇനം സ്ഥാപനം/ ഗുണഭോക്താവ് | അപാകതകൾ |
|---|---|---|---|---|
| 1 | 302/05.11.23 | 6570 | ഊൺ, | തുക നൽകിയതിന്റേയോ |

| | | | | |
|---|---|---|---|---|
| | | | ഹോട്ടൽ സ്പൈസി | സ്ഥാപനം തുക കൈപ്പറ്റിയതിന്റെയോ രേഖകളില്ല. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയോ തുക അക്കൗണ്ടിലേക്ക് നൽകുകയോ ചെയ്തിട്ടില്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. |
| 2 | Nil/05.11.23, 4250<br>Nil/30.11.23, 3660 | 7910 | സ്റ്റേഷനറി വാങ്ങിയത്<br>OK Store Stationery Merchant, Perintalmanna | |
| 3 | 401/27.11.23, 3500<br>404/30.11.22, 3940 | 42900 | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത്ർ<br>Garima Sports And Fitness<br>Perintalmanna | |
| 4 | 341/30.11.23 | 26500 | ട്രോഫി വാങ്ങിയത്<br>Richu Trophies Thrissure | |
| 5 | 546/30.11.23 | 24500 | AR Decoration Light And Sound | തുക നൽകിയതിന്റേയോ സ്ഥാപനം തുക കൈപ്പറ്റിയതിന്റെയോ രേഖകളില്ല. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയോ തുക അക്കൗണ്ടിലേക്ക് നൽകുകയോ ചെയ്തിട്ടില്ല. |
| 6 | 05/28.2.23 | 6200 | ചെസ് മത്സരം നിയന്ത്രിച്ചതിന് ഇസ്മയിൽ എന്നയാൾക്ക് നൽകിയത് | കൈപ്പറ്റ് രസീത് വച്ചിട്ടുണ്ടെങ്കിലും ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയിട്ടില്ല. |
| 7 | 07/29.2.23 | 10000 | ഷട്ടിൽ ബാ്മിന്റൺ | |

| | | | | |
|---|---|---|---|---|
| | | | മത്സരം നിയന്ത്രിച്ചതിന് സന്ദീപ് എന്നയാൾക്ക് നൽകിയത് | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയോ തുക അക്കൗണ്ടിലേക്ക് നൽകുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻസ് കോഡ് സെക്ഷൻ 252പ്രകാരം 1000രൂപക്ക് മുകളിലുള്ള ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| 8 | 08/30.10.23 | 5000 | വോളിബോൾ മത്സരം നിയന്ത്രിച്ചതിന് സാംസൺ എന്നയാൾക്ക് നൽകിയത് | |
| 9 | 02/8.11.23 | 15200 | അത്ലറ്റിക്സ് മത്സരം നിയന്ത്രിച്ചതിന് ചന്ദ്രശേഖരൻ എന്നയാൾക്ക് നൽകിയത് | |
| 10 | 04/28.02.23 | 9000 | ക്രിക്കറ്റ് മത്സരം നിയന്ത്രിച്ചതിന് രതീഷ് എന്നയാൾക്ക് നൽകിയത് | |
| 11 | 03/25.11.23 | 11250 | ഫുട്ബാൾ മത്സരം നിയന്ത്രിച്ചതിന് അബ്ദുൽ ഷുക്കൂർ വി എന്നയാൾക്ക് നൽകിയത് | |

| | | | | |
|---|---|---|---|---|
| 12 | 03/27.11.23 | 11250 | ഫുട്ബാൾ മത്സരം നിയന്ത്രിച്ചതിന് അബ്ദുൽ അസീസ് എന്നയാൾക്ക് നൽകിയത് | |

പ്രസ്തുത മുൻകൂർ നൽകിയത് അഡ്വാൻസ് രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും ക്രമീകരിച്ചിട്ടില്ല.

കേരളോത്സവം അടിയന്തിരമായി നടപ്പാക്കേണ്ട സാഹചര്യമായിരുന്നതിനാലും സമയക്കുറവും കാരണമാണ് ഗുണഭോക്താക്കൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി നൽകാൻ കഴിയാതിരുന്നതെന്നും, അഡ്വാൻസ് തുക ക്രമീകരിച്ചിട്ടുണ്ടെന്നും അപാകത ഇനി ആവർത്തിക്കുന്നതല്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.17/23-24/19.02.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 നഗരസഭയുടെ വാതക ശമശാനത്തിന്റെ പ്രവർത്തനം - രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലെ അപാകതകൾ

ഫയൽ നം. H2/23954/17 (Vol2), H2/9954/21, H2/2012/18

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും 23.12.2017 പ്രവർത്തനം ആരംഭിച്ചതുമായ വാതക ശ്മശാനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുള്ളതും, ക്രിമെറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനും പൂന്തോട്ടം സംരക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ സംരക്ഷണത്തിനും പരിപാലകനായി രാജേഷ് കെ.സി എന്നയാളെ ഡിസംബർ 2017 മുതൽ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ ശ്മശാനത്തിന് ആവശ്യമായ ഗ്യാസ് സിലിണ്ടറുകളും നഗരസഭ വാങ്ങി നൽകുന്നുണ്ട്. 2023-24വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

2023-24 വർഷത്തിൽ ക്രിമെറ്റോറിയം പരിപാലകന് 03/23മുതൽ 07/23വരെയുള്ള വേതനം 79500രൂപയും, ഗ്യാസ് സിലിണ്ടർ വാങ്ങിയ ഇനത്തിൽ 109292രൂപയും, AMCഇനത്തിൽ 97500രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ

പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഫയൽ പരിശോധിച്ചതിൽ മാർച്ച് 2024 വരെ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ചിട്ടുണ്ട് എന്ന് കാണുന്നു. എന്നാൽ ഗ്യാസ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്ങിലും ആയതിൽ ഇൻവോയിസ് പ്രകാരം വാങ്ങുന്ന ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്കിലെടുത്തതായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായോ ചെയ്തിട്ടില്ല. 12/2023ന് ശേഷം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഗ്യാസ് സിലിണ്ടറുകൾ ഇനി സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്ത സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.03/23-24/18.02.25) മറുപടി ലഭ്യമാക്കി. സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റതാക്കി അറിയിക്കേണ്ടതാണ്.

2) മൃതദേഹങ്ങളുടെ വിവരം സംബന്ധിച്ച് രേഖപ്പെടുത്തിയ ലഭ്യമാക്കിയ ശമശാനം രജിസ്ററർ പരിശോധിച്ചതിൽ 04/23 മുതൽ 12/23വരെ ആകെ 33മൃതദേഹങ്ങൾ എത്തിയതായി കാണുന്നു. എന്നാൽ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 12/2023 ന് ശേഷം ശമശാനത്തിൽ മതദേഹങ്ങൾ എത്തിയിയ വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഡിസംബർ 2023വരെ ദഹിപ്പിച്ച മതദേഹങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 31.03.24വരെ ക്രിമറ്റോറിയം പ്രവർത്തിച്ചിട്ടുണ്ടെന്നും, രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 31.03.24വരെ വാതക ശമശാനം പ്രവർത്തിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ശേഷം പ്രവർത്തനം നിലച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്മശാനം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

3) നഗരസഭ തയ്യാറാക്കിയ ബൈലോ ആയ നഗരസഭ ആധുനിക ശമശാനം (നടത്തിപ്പും പരിപാലനവും, സൂക്ഷിപ്പും) ഉപനയമങ്ങൾ -2017 പ്രകാരം ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് ഓരോ അപേക്ഷകനും 5500രൂപ ഫീസ് അടവാക്കേണ്ടതാണെന്നും, പട്ടിക വിഭാഗക്കാർക്കും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും 3000രൂപയായി ഇളവ് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ലെഡ്ജർ പ്രകാരം 2023-24 വർഷത്തിൽ ശ്മശാനം ഫീസ് ഇനത്തിൽ131500/-രൂപ ലഭിച്ചതായി കാണുന്നു. എന്നാൽ രഡിസ്റ്ററുകൾ പരിശോധിച്ചതിൽ അപേക്ഷകർ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്.

4) ക്രിമെറ്റോറിയം പരിപാലകനായ രാജേഷ് കെ.സി എന്നയാൾക്ക് 07/2023വരെ വേതനം നൽകിയതായി ഫയലിൽ കാണുന്നു. ശേഷം ടിയാൾ സ്വമേധയാ ഒഴിഞ്ഞ് പോയിട്ടുണ്ടെന്നും ആരോഗ്യ വിഭാഗത്തിലെ ശുചീകരണ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് നിലവിൽ തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ശേഷം ബൈലോ പ്രകാരമുള്ള ശ്മശാനം പരിപാലികനെ നിയമിച്ചിട്ടില്ല.

5) വാതക ശ്മശാനത്തിന്റെ 2022-23, 2023-24 കാലയളവിലെ AMC ഏറ്റെടുത്തിരുന്നത് High Tech Cremetorium Pvt.Ltd, Aluva എന്ന ഏജൻസിയാണ്. പുതുക്കിയ എഗ്രീമെന്റ് പ്രകാരം 01.11.23മുതൽ 31.10.24വരെ ഒരു വർഷത്തേക്ക് 1,90,000/-ക്ക് AMC എഗ്രീമെന്റ് വെക്കുകയും ആദ്യ ഗഡു തുകയായ 47500രൂപ (വൗച്ചർ നം.90/25.03.24) നൽകുകയും ചെയ്തിട്ടുണ്ട്. തുടർ ഗഡുക്കൾ നൽകിയിട്ടുണ്ടോ എന്നും നിലവിൽ ശ്മശാനത്തിന്റെ പ്രവർത്തനം എപ്രകാരമാണെന്നും അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/23-24/18.02.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

## 1-49 GI പോളുകളുടെ വാടക പിരിച്ചെടുക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ.

നഗരസഭയിൽ വിവിധ വാർഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ ശ്യംഖല സ്ഥാപിക്കുന്നതിനായി GI പോളുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1.പോൾ വാടക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നതിന് റവന്യൂ ക്ലർക്കിനെ ചുമതലപ്പെടുത്തുന്നതിന് റവന്യൂ സൂപ്രണ്ടിനെ സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ ഷെഡ്യൂൾ RP-3ൽ Rent From Lease Of Lands എന്ന ഇനത്തിൽ 46,62,445 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2. ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ നഗരസഭയിലെ വിവിധ വാർഡുകളിലായി 2837 GI പോളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആയതിന്റെ 4 വർഷത്തെ വാടകയിനത്തിൽ 47,28,496 രൂപ അടവാക്കുന്നതിന് 15.02.2024ലെ ആർ2/PW2-17355/20 നമ്പർ കത്ത് പ്രകാരം കമ്പനിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ RJIL/OFC/ROW/KL/NLD-19/RCOMLM/MAL/PMNA നമ്പർ അപേക്ഷയിൽ കാണിച്ച പ്രകാരമുള്ള പോളുകൾ സ്ഥാപിച്ചിട്ടില്ലായെന്നും ആയതിനാൽ ടി. പോളുകളുടെ വാടക ഒഴിവാക്കി ഡിമാന്റ് നോട്ടീസ് നൽകണമെന്ന് കമ്പനി 12.03.2024ലെ Letter/Perinthalmana/BG-SD/0005 കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സൈറ്റ് പ്ലാൻ പ്രകാരമുള്ള റോഡിന്റെ വശങ്ങളിൽ പോളുകൾ സ്ഥാപിച്ചുവെന്ന് ബോധ്യപ്പെട്ടതായി എഞ്ചിനീയറിങ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വിഷയത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അധികൃതർക്ക് കത്ത് അയച്ചതായി ഫയലിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സംയുക്ത പരിശോധന നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 55/25.2.2025) സംയുക്ത പരിശോധനയ്ക്ക് ഹാജരാകാത്തതിനാൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ നേരിട്ട് സെക്രട്ടറി മുമ്പാകെ ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നും കാണിച്ച് 23.01.2025ന് 2301795-2024 നമ്പർ കത്ത് കമ്പനി അധികൃതർക്ക് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-50 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി നമ്പർ. | : 199/24 |
| പേര്. | : എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി. |
| അടങ്കൽ തുക (₹). | : 2,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് (₹). | : 1,99,498/- |
| പേയ്മെന്റ് അഡ്വൈസ് നമ്പർ / തീയതി. | : C032974084474 തീയതി.25.03.2024 |
| ഫയൽ നമ്പർ. | : PW2-20770/22. |

മേൽ പദ്ധതി പ്രകാരം Kerala Rural Employment And Welfare Society (KREWS), Seethangoli, Mayippadi.P.O, Kasargode എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം LED Street Light വാങ്ങിയിട്ടുണ്ട്.

| Sl.No. | Invoice No & Date. | Description Of Goods. | Quantity. | Amount (Including 18% GST) |
|---|---|---|---|---|
| 1 | KREWS/C96/22-23 Dt: 27.03.2023. | 45 W LED STREET LIGHTING MANUAL OPERATION INCLUDING INSTALLATION. | 57 Nos. | Rs.1,99,498/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 57 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങിയതിൽ 3 എണ്ണം നാളിത് വരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. വാങ്ങിയ ലൈറ്റുകൾ പൂർണ്ണമായും ഇൻസ്റ്റാൾ ചെയ്യാതെ ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ സ്ഥാപനത്തിന് നൽകി.

2). പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് വാർഡിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും

ആയത് നടത്തിയിട്ടില്ല. (ഗവ. സർക്കുലർ നം. 3055/ഡി.എ).3/2011/തസ്വഭവ തി. 15.09.2011).

3). പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വാർഡ് തിരിച്ച്, ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. എല്ലാ വാർഡിലും നിലവിലുള്ള വിളക്കുകൾ (പ്രവർത്തിക്കുന്നതും/പ്രവർത്തിക്കാത്തതും) സംബന്ധിച്ചുള്ള മുഴുവൻ വിവരവും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4). ഗ്യാരണ്ടി കാലയളവിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 37/21.02.2025) ഇൻസ്റ്റാൾ ചെയ്യാൻ അവശേഷിച്ചിരുന്ന 3 ലൈറ്റുകളും നിലവിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ. 2 മുതൽ 4 വരെയുള്ള അപാകതകൾക്ക്, അടുത്ത വർഷത്തെ നിർവ്വഹണത്തിനു മുമ്പായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി. ഭാവിയിൽ ആവശ്യകത നിർണ്ണയിച്ച് മാത്രം ലൈറ്റുകൾ വാങ്ങേണ്ടതും അവ യഥാസമയം ഉപയോഗപ്പെടുത്തേണ്ടതും ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-51 അതി ദാരിദ്ര്യ നിർമ്മാർജന പദ്ധതി- ഒരവലോകനം

അതി ദരിദ്രരുടെ പുനരധിവാസം സംബന്ധിച്ച് ജി.ഒ.(എം.എസ്) നം.146/2022/LSGD/08-07-2022 പ്രകാരം മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.പ്രൊജക്ട് ഓഫീസർ ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം നിർവഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ താഴെ പറയും പ്രകാരം പ്രൊജക് തയ്യാറാക്കി തുക ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0206/24 |
| പ്രൊജക്ടിന്റെ പേര് | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (സ്പിൽ ഓവർ). |
| നിർവ്വഹണ | പ്രൊജക്ട് ഓഫീസർ,നഗര ദാരിദ്ര്യ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | നിർമ്മാർജ്ജന സെൽ |
| അടങ്കൽ തുക | 1,84,755രൂപ (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 84,428രൂപ |
| ബിൽ നമ്പർ | BRN :2215034700080019816 9/14.06.2023 :22941<br>BRN : 22150347000800180942/18-11-2023 : 46109<br>BRN : 22150347000801073207/15-01-2024 : 15378<br>ആകെ 84,428 |

നഗരസഭയിൽ നടപ്പാക്കി വരുന്ന അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി മേൽ പ്രൊജക്ട് പ്രകാരം 11 ഗുണഭാക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. (28.12.22 ലെ 48 നമ്പർ കൗൺസിൽ തീരുമാനം) 2023-24 വർഷം ത്രിവേണി സൂപ്പർ മാർക്കറ്റ് പുലാമന്തോളിൽ നിന്നും ഗുണഭോക്താക്കൾക്ക് ഓരോ മാസവും ഭക്ഷ്യകിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ആയതിന് 84,428 രൂപ ചെലവഴിച്ചിട്ടുണ്ട്.

അതി ദാരിദ്ര്യ നിർണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായാണ് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ അതി ദാരിദ്ര്യം ഇല്ലാതാക്കുവാൻ വിപുലമായ കർമ്മ പദ്ധതിയുടെ ഭാഗമായി ഓരോ കുടുംബത്തിനും സൂക്ഷ്മ അതിജീവന പദ്ധതികൾക്ക് മാർഗ്ഗരേഖ രൂപീകരിക്കേണ്ടതാണ്. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥാനം, അടിസ്ഥാന വരുമാനം ,ആരോഗ്യസ്ഥിതി എന്നീ നാല് ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതി ദാരിദ്ര്യം നിർണയിച്ചിട്ടുള്ളത്. ആയതിന് ഉടൻ ചെയ്യാവുന്ന പ്രവർത്തനങ്ങൾ , ഹ്രസ്വ കാലാടിസ്ഥാനത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ, ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. പദ്ധതികൾ മോണിറ്ററിംഗിന് വിധേയമാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ അനുശാസിക്കുന്ന വിധത്തിൽ നഗരസഭ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നമ്പർ 9/15.02.25 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 ഭക്ഷ്യകിറ്റ് ആവശ്യമുള്ളവർക്ക് ആയത് നൽകിവരുന്നു.

2 ഗുണഭോക്താക്കൾക്ക് ചികിത്സ വിവിധ പദ്ധതികൾ/സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ലഭ്യമാക്കിവരുന്നു.

3 കിടപ്പു രോഗികൾക്ക് ഹോംകെയർ ട്രീറ്റ്മെന്റ് ആശുപത്രികൾ, പാലിയേറ്റിവ് കെയർ എന്നിവ മുഖാന്തിരം

ലഭ്യമാക്കി വരുന്നു.

4 അതി ദാരിദ്ര്യ ലിസ്റ്റിലുള്ള മുഴുവൻ പേർക്കും 2024 വർഷത്തിൽ ഐ ഡി കാർഡുകൾ വിതരണം ചെയ്തു.

5 ഭവനനിർമ്മാണത്തിന് ലൈഫ് ഭവന പദ്ധതി മുഖാന്തിരം സഹായം നൽകിയിട്ടുണ്ട്.ഒരു ഗുണഭോക്താവിന് 2017 വർഷത്തിലും 4 ഗുണഭോക്താക്കൾക്ക് 2022 വർഷത്തിലും ആണ് സഹായം നൽകിയിട്ടുള്ളത്.

6 രണ്ട് ഗുണഭോക്താക്കൾക്ക് തൊഴിൽ സംരംഭത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

7 അർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്.

8 അതി ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭ മുൻഗണന നൽകും .
പദ്ധതിയെ മോണിറ്ററിംഗിന് വിധേയമാക്കുകയും പോരായ്മകൾ പരിഹരിക്കുകയും തുടർ നടപടി വിവരങ്ങൾ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-54 കെ-സ്മാർട്ട്: പരിമിതികൾ

ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റർ ലോഗിൻ മുഖേന കെ-സ്മാർട്ട് പോർട്ടൽ ആക്സസ് ചെയ്യുകയും ആയതിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. കെ-സ്മാർട്ടിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടു.
1. 2023-24 സാമ്പത്തിക വർഷത്തിൽ 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവ്-ചെലവുകൾ സാംഖ്യയിലും 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ്-ചെലവുകൾ കെ-സ്മാർട്ടിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ലെഡ്ജർ പരിശോധിക്കുമ്പോൾ 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ്-ചെലവ് കണക്കുകളുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. 31.12.2023 വരെ പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് പ്രത്യേകം ഓപ്പണിങ് ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ വിവിധ വിവിധ ഹെഡുകളിലെ ലെഡ്ജർ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. (സാംഖ്യയിൽ ഓഡിറ്റർ ലോഗിൻ ലഭ്യമല്ലാത്തതിനാൽ 31.03.2023 വരെയുള്ള തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.)
2. ഓഡിറ്റിന്റെ ഭാഗമായി വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചപ്പോൾ 03/2024 ലെ പത്രികകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2024 ജനുവരി മുതൽ കെ-സ്മാർട്ട് സംവിധാനം നിലവിൽ വന്നെന്നും കെ-സ്മാർട്ടിൽ റീക്കൺസിലിയേഷൻ സംവിധാനം ഇല്ലെന്നും ടി സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് റീകൺസിലിയേഷൻ പത്രിക പ്രതിമാസം തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. 2007 ലെ

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം എല്ലാ മാസവും എല്ലാ അക്കൗണ്ടുകളുടെയും റീക്കൺസിലിയേൻ നടത്തി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിലവിൽ റീക്കൺസിലിയേഷൻ നടത്തുന്നതിനുള്ള സംവിധാനം കെ-സ്മാർട്ടിൽ ഇല്ലായെന്നാണ് സെക്രട്ടറി അറിയിച്ചത്. ആയത് കെ-സ്മാർട്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

3. മുനിസിപ്പാലിറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഹെഡ് ഓഫ് അക്കൗണ്ടുകൾക്ക് 9 അക്ക കോഡുകളാണ് നൽകിയിരിക്കുന്നത്. എന്നാൽ കെ-സ്മാർട്ടിൽ ലെഡ്ജർ ടാബ് പരിശോധിച്ചതിൽ എല്ലാ ഹെഡ് ഓഫ് അക്കൗണ്ടുകൾക്കും 7 അക്ക കോഡുകളാണ്. ആയതിനാൽ, വാർഷിക ധനകാര്യ പത്രികയിലെ ഭൂരിഭാഗം ഹെഡ് ഓഫ് അക്കൗണ്ടുകളുടെയും ലെഡ്ജർ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ പോർട്ടലിൽ ലഭ്യമായിരുന്ന പല റിപ്പോർട്ടുകളും കെ-സ്മാർട്ടിൽ ലഭ്യമല്ല. ഉദാ: അസസ്മെന്റ് രജിസ്റ്റർ, ന്യൂ ബിൽഡിങ് രജിസ്റ്റർ, അൺ-ഓതറൈസ്ഡ് ബിൽഡിങ് രജിസ്റ്റർ, വേക്കൻസി റെമിഷൻ.

5. സുലേഖ പോർട്ടലിൽ ലഭ്യമായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ, പ്രൊജക്ടുകളുടെ ചെലവ് പത്രിക എന്നിവ കെ-സ്മാർട്ടിൽ ലഭ്യമല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള

പ്രവൃത്തിഡ്രൈനേജ് പ്രവൃത്തിയുടെ ഭാഗമായി ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്.

പ്രവൃത്തികളുടെ ഇനം 1 പ്രകാരം എർത്ത് വർക്ക് എസ്ക്കവേഷൻ (MoRD 3.5.1) നടത്തുകയും, ഇനം 2 പ്രകാരം എസ്ക്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും 15 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഇനം 2 ന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനം ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്ക്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (Ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

<u>1) കാരയിൽ എസ്.സി കോളനി നടപ്പാത സംരക്ഷണഭിത്തി</u>

പ്രോജക്റ്റ് - 302/23 ,508/24

ഫണ്ട് - വികസനഫണ്ട് -എസ്.സി .പി

വൗച്ചർ - 22150347001801542783/28/03/2023 തുക 326614

23150347001801067123/12/01/2024 തുക 21309

എം. ബുക്ക് - E MBook

കരാർ - 75/13.02.23

മൂല്യനിർണ്ണയം - 347923

കരാറുകാരൻ - മുഹമ്മദ് റഫീഖ്.ടി

Cost Index -36.44% (DSoR 2018)

<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>

7.719 M3 X 7841.68 /M3 = 60529.93

<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>

7.719 M3 X 7540.07m3 = 58201.8

അധികം അനുവദിച്ചത് = 2328+18% GST = 2747

2) ആനത്താനം റോഡ് ഡ്രൈനേജ് നിർമ്മാണം

പ്രോജക്റ്റ് - 338/23 ,256/24

ഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്

വൗച്ചർ - CFC-28/10-23 Dt.05.10.23 തുക 325489

എം. ബുക്ക് - E MBook

കരാർ - 29/1.5.23

മൂല്യനിർണ്ണയം - 325489

കരാറുകാരൻ - കെ.പി അബൂബക്കർ

Cost Index -36.44% (DSoR 2018)

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

4.420 M3 X 7292.76/M3 (7841.68-7%) = 32234

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

4.420 M3 X 7012.27(7540.07m3-7%) = 30994.23

അധികം അനുവദിച്ചത് = 1240+18% GST = 1463

3) ആഷിഖ് റോഡ് ഡ്രൈനേജ് നിർമ്മാണം

പ്രോജക്റ്റ് - 295/23 ,415/24

ഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്

വൗച്ചർ - CFC-27/09-23 Dt.22.09.2323 തുക 1517522

എം. ബുക്ക് - E MBook

കരാർ - 87/17.2.23

മൂല്യനിർണ്ണയം - 1517522

കരാറുകാരൻ - ഹസ്ക്കർ

Cost Index -36.44% (DSoR 2018)

<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>

26.58 M3 X 8390.59/M3 (7841.68 +7%) = 223021.88

<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>

26.58 M3 X 8067.875(7540.07m3+7%) = 214444.12

അധികം അനുവദിച്ചത് = 8578+18% GST = 10122

ആകെ 14332 (2747+1463+10122)

14332 രൂപ അധികം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് ഓൻക്വയറി നം.23/20.2.2025 നൽകിയതിന് തുക അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി.തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ/ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം താഴെ നൽകുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം., തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ദേവസ്വം പറമ്പ് കോളനി (185/24) | 2315347000500301070 | 270000 | 0 (വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല | 270000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | ആകെ | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ | സ.ഉ. (സാധാ) | 16,37,28,706 | - | 16,37,28,706 | 1,47,78,333 | | 14,89,50,373 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നം. 119/2020/ തസ്വഭവ തീ. 14.01.2020 | | | | | | |
| അർബൻ ബാങ്ക് ബസ് സ്റ്റാന്റ് ലോൺ | 119842/ DC3/2015/ തസ്വഭവ തീ. 15.09.2015 | 3,71,73,445 | 4,04,88,633 | 7,76,62,078 | 52,33,991 | | 19,18,803 |

കുറിപ്പ്:-

1. HUDCOയിൽ നിന്നും നഗരസഭക്ക് PMAY ലോൺ, മാർക്കറ്റ് ലോൺ എന്നീ രണ്ട് ലോണുകളുണ്ട്. മാർക്കറ്റ് HUDCO ലോൺ, PMAY-HUDCO ലോൺ എന്നിവയുടെ വർഷാവസാനം തിരിച്ചടക്കാനുള്ള ബാലൻസ് തുക ഒരുമിച്ച് ചേർത്ത് 14,89,50,373/-രൂപയാണ് ബാലൻസ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്(B-5 Loan From HUDCO Head Code-330500202). മാർക്കറ്റ് ലോൺ രജിസ്റ്റർ പ്രകാരം 31.03.2024 ലെ നീക്കി ബാക്കി 3,24,17,040 രൂപയാണ്. PMAY ക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഹഡ്കോ PMAY വായ്പയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.

- .HUDCO - PMAY ലോൺ തിരിച്ചടവ് = ജി.ഒ. പ്രോജക്ടുകൾ പ്രകാരമുള്ള സോഴ്സ് ഡിഡക്ഷൻ = 1,16,53,333/- രൂപ
- .HUDCO – മാർക്കറ്റ് ലോൺ തിരിച്ചടവ് = 31,25,000 രൂപ
- .ആകെ HUDCO ലോൺ തിരിച്ചടവ് = 1,47,78,333/- രൂപ

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4049130 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 4049130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4049130 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | തുക | രശീതി നം. |
|---|---|---|
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 500000 | 022/26.05.2014 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 | 63/26.12.2016 |
| അർബൺ കോ – ഓപ്പറേറ്റീവ് ബാങ്ക്,പെരിന്തൽമണ്ണ | 2500000 | 29.03.2019 |
| | 1000 | 21.03.2019 |
| പഞ്ചാബ് നാഷണൽ ബാങ്ക് പെരിന്തൽമണ്ണ | 48130 | GKV003167*/18.10.2019 കസ്റ്റമർ ഐ.ഡി |

*കസ്റ്റമർ ഐഡി നം.

കുറിപ്പ്: അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26,010/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2021-22 | 1-41 | 5940 | മുഹമ്മദ് റഫീഖ് ടി, കരാറുകാരൻ | 123010104677 തീ. 24.06.2023 |
| 2021-22 | 3-3 | 20070 | ഹുസൈൻ എം, കരാറുകാരൻ | 123010104525 തീ. 21.06.2023 |
| **ആകെ** | | **26,010** | | |

<u>കുറിപ്പ്</u> :- ഓഡിറ്റ് റിക്കവറിയായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുള്ള മേൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 46,47 | 2000-01 | മാർക്കറ്റ് സ്റ്റാളിലെ വാടക ഈടാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 63 | 2003-04 | ടാർ വില | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3(38) | 2010-11 | റോഡ് റീസ്റ്റോറേഷൻ ചാർജ്-വാട്ടർ അതോറിറ്റിക്ക് നൽകാനുള്ളത് 1,25,16,702 രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2010-11<br>2011-12 | 2(10) | 2013-14 | ലഘു അവലോകനം (പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2(1) | 2017-18 | മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി വൻ കുടിശ്ശിക | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | മരാമത്ത് | നിയമസഭാ |

| | | | | |
|---|---|---|---|---|
| | | | പ്രവർത്തികളിന്മേൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം പിൻവലിച്ചു. | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക (തിയ്യതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | പെരിന്തൽമണ്ണ നഗരസഭ | 2001-02 | 3(4) | സന്തോഷ്.ടി സെക്രട്ടറി. | LF-5822/ SP.Cell/ SC5/08 /19.6.2009 | 25350 | 25350 | | | | 25350 | 0 | |
| 2 | ,, | 2006-07 | 3(6) | ലളിതാംബിക .കെ.എസ്. | LF 8998/ SP.Cell/Csc /A2 /12 തി.24.8.2013 | 21450 | 1140110 3559/ 14.5.2014 | - | - | 21450 | - | 0 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | ,, | 2007-08 | 3(5) | സുധാകരൻ സെക്രട്ടറി | LF 17183/ SP.Cell/ CSC/ A2/12/ തി.15.6.15 | 23026 | 115011 22710/ 21.1.16 | | | 23026 | | 0 | |
| 4 | ,, | 1998-99 | 47,45 | സുരേന്ദ്രൻ സെക്രട്ടറി | LF-15394/ SP.Cell/ SC-5/03തി. 2.7.2004 | 43153 | | - | - | - | - | 43153 | OP 200/ 2006 |
| 5 | ,, | 1998-99 | 91 | പി.ജെ. ജോസഫ് എച്ച് .എം | LF 15394/ SP.Cell/ SC-5/03തി. 3.9.2013 | 17108 | | - | - | - | - | -17108 | വിവരം ലഭ്യമല്ല |
| 6 | ,, | 1998-99 | 838487 | ടി.എം.അപ്പു | LF 15394/ SP.Cell/ SC-5/03തി. 3.9.2013 | 11500 | | | | | | 11500 | WPC 2490/ 04 PEN DNG |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 33,45,30,978.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 33,5052072.00 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 14,332 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 2508962 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 14,332 | ശ്രീമതി ഷെറിൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ, മുനിസിപ്പൽ എഞ്ചിനീയർ |

സി). <u>ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.</u>

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 556405 | ശ്രീ. ജി. മിത്രൻ, സെക്രട്ടറി. |
| 1-25 | 2,70,000 | ശ്രീ. ജി. മിത്രൻ, സെക്രട്ടറി. |
| 1-38 | 1645057 | ശ്രീ നിഷാന്ത് അസി. എഞ്ചിനീയർ |
| 1-47 | 37,500 | ശ്രീ. രാജീവ് ബോസ് |
| ആകെ | 2508962 | |

ഡി). <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

ഇ). <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>

ഇല്ല.

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷെറിൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ജാലകം ഹൗസ്, പൂപ്പലം, വലമ്പൂർ – 679325 |
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി | കാവുങ്ങപറമ്പിൽ വീട്, മക്കരപ്പറമ്പ്, മലപ്പുറം – 676507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ.19.02.1982 | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 02 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 12 |

| | | |
|---|---|---|
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 26.02.1982 | 05 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. 21.10.1988 | 07 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. 21.10.1988 | 03 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ.21.10.1988 | 12 |
| 1979-80 | എൽ.എഫ്.എം.10/122/82 തീ.21.10.1988 | 04 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1988 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1988 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ.21.10.1988 | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/220/15(7) തീ.23.02.2015 | 24 |
| 1991-92,1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95,1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) തീ.24.02.2015 | 26 |
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 77 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 42 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 42 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 21 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 33 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 69 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11,2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | 28 |
| 2013-14,2014-15 | കെഎസ്എഎംപിഎം21/1425/2016തി.14.7.16 | 28 |
| 2015-16 | കെഎസ്എഎംപിഎം 21/178/2017 തി:02-05-2018 | 28 |
| 2016-17 | കെഎസ്എഎംപിഎം21/2459/2017തി.30-11-17 | 28 |
| 2017-18 | കെഎസ്എഎംപിഎം21/2866/2018തി.30-10-19 | 16 |
| 2018-19 | കെഎസ്എഎംപിഎം21/1441/2020 തി.03-02-2021 | 14 |
| 2019-20 | കെഎസ്എഎംപിഎം21/600/22 തി.17-04-2023 | 11 |
| 2020-21 | കെ.എസ്.എ.എം.പി.എം.21/201/22 തി.18-04-2023 | 17 |
| 2021-22 | കെ.എസ്.എ.എം.പി.എം.21/551/23 തി. 05-07-2023 | 50 |
| 2022-23 | കെ.എസ്.എ.എം.പി.എം.21/338/24 തി. 04-03-2024 | 41 |

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്ന അവസ്ഥ ശരിയായ നടപടിയല്ല. നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 50 dated 50 dated 13-08-2024 and submitted on 01-10-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Perinthalmanna Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Perinthalmanna Municipality as on 31-03-2024

**Date: 29/03/2025** **Senior Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Perinthalmanna Municipality for the Year 2023-2024.

## 1.Major Observations

NIL

## 2.Other Observations

- The following mandatory financial statements prescribed in accounting rules are not submitted for audit.
  1. Ratios
  2. Notes on accounts
  3. Comparative amounts
- Certain figures in annual accounts are not recorded in whole numbers as per accounting rules
- The following registers are not up to date and are not reliable for audit.
  1. Deposit Register
  2. Advance Register
  3. License register
  4. Building Permit/Regularisation register
  5. Register for private hospitals/paramedical institutions
  6. Register for tutorial Institutions
  7. Rent DCB register
  8. Bus stand fee/ Crematorium fee register

9. Asset Register
10. Audit recovery register
11. Loan Register

- The fixed deposit amount remaining at the end of the year does not match the AFS.
- Large amounts are shown as liability in respect of Beneficiary Contributions.
- Bank reconciliation reports are not prepared every month, but prepared only for the month of March 2024 which was not certified by the secretary either.
- Bank reconciliation was not done correctly for certain bank accounts.
- Amounts directly debited to bank remain to be adjusted.
- Amounts directly credited to the bank remain to be adjusted.
- Uncashed Cheques for more than 3 months were not transfered to Stale cheque account.
- Cheques deposited in the bank are not credited.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്